# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII    As. 2    No. 289

8th May 1950

സിനിമാപംക്തി

# നസ്സീം

അനുപമവും അമേയവുമായ ആകാരസുഷമയാൽ അനുഗൃഹീതയായ അഭിനേത്രിയാണ് ശ്രീമതി നസ്സീം. നസ്സീം അഭിനയിച്ചിട്ടുള്ള ചലച്ചിത്രങ്ങൾക്കെല്ലാം അനിതരസാധാരണമായ സ്വീകരണമാണ് സിനിമാപ്രേമികളിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്നതു്. മുപ്പതു വയസ്സു് പ്രായമായെങ്കിലും അവരുടെ സൌന്ദര്യത്തിനു് ഇന്നേവരെ മങ്ങൽ സംഭവിച്ചിട്ടില്ല. ഇനിയെത്രതന്നെ പ്രായംചെന്നാലും യൌവനത്തിന്റെ പ്രഭാപൂരം പ്രകൃതിസുഭഗമായ അവരുടെ വദനാംബുജത്തിൽനിന്നു മാഞ്ഞുപോകുമെന്നും തോന്നുന്നില്ല. നസ്സീമിന്റെ സൌന്ദര്യം അവരുടെ അഭിനയകലയ്ക്കുതന്നെ ഒരു പ്രതിബന്ധമായി വർത്തിക്കുന്നുവെന്നു് ആ നടിതന്നെ ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുള്ളതു നോക്കുക. "ഞാൻ ഇതുവരെ അഭിനയിച്ചിട്ടുള്ള ചിത്രങ്ങളൊന്നും എന്നെ തൃപ്തിപ്പെടുത്തിയിട്ടില്ല. ഉന്നതമായ രീതിയിൽ അഭിനയിക്കുന്നതിൽ എന്നെ തടസ്സപ്പെടുത്തുന്നതു് എന്റെ സുന്ദരവദനത്തെ മാത്രംനോക്കി പ്രശംസാവർഷം ചൊരിയുന്ന ആ വ്യക്തികളാണ്. അല്പവർഷം കഴിയുമ്പോൾ കാലചക്രത്തിന്റെ തിരിച്ചിലിൽപ്പെട്ട് അലൗകികവും എന്നാൽ ക്ഷണികവും ആയ സൗന്ദര്യം നിഷ്പ്രഭമായി ഭവിച്ചേക്കാം. അപ്പോഴെങ്കിലും ജനങ്ങൾ എന്റെ അഭിനയകലയെ ആദരിക്കുമെന്നാണ് ഞാൻ കരുതുന്നതു്, എന്നാൽ അതിനിയും കാലം കഴിയേണ്ടിയിരിക്കുന്നു. സൌന്ദര്യനാശംകൊണ്ടു് എനിക്കു വൈരൂപ്യമെന്നു ഞാൻ പ്രതീക്ഷിക്കുന്ന ആ കാലഘട്ടംവരെ ഇതിനെയല്ലാതെ എനിക്കു് ആശിക്കുവാൻ മാറ്റമില്ല. ഞാൻ സുന്ദരിയല്ലാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

സുപ്രസിദ്ധ ഗായികയായ ഷംസാദ്ബായിയുടെ പുത്രിയായി ഭാരതത്തിന്റെ തലസ്ഥാനനഗരിയായ ഡൽഹിയിൽ ൧൯൨൦-ജനുവരി രണ്ടാംതീയതി നസ്സീം ഭൂജാതയായി. ൧൯൩൪-ൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചിട്ടു നസ്സീം മാതാവിനോടുകൂടി ബോംബെയിലേക്കു തിരിച്ചു. ബാല്യത്തിൽതന്നെ നൃത്തഗീതാദികളിൽ നസ്സീം വേണ്ടത്ര പരിശീലനവും സമ്പാദിച്ചിട്ടുണ്ടായിരുന്നു. മിനർവാ കമ്പനിയുടെ പ്രധാനപ്രവർത്തകനായ ഷൊറാബ് മോഡിയുമായി പരിചയപ്പെടുന്നതിനു് സൌകര്യം ലഭിച്ചതോടുകൂടി നസ്സീമിന്റെ കലാപരമായ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയും ചെയ്തു. ഷൊറാബ് മോഡി നിർമ്മിച്ച "ഖൂൻ കാ ഖൂൻ" എന്ന ചലച്ചിത്രത്തിൽ നായികയുടെ ഭാഗം നസ്സീം ആദ്യമായി അഭിനയിച്ചു. തുടർന്നു് "വിടംസെറർ," "താലിക്ക്" 'മെഹാരി' "ഖാൻബെഹാദൂർ," "വസന്തി" "ചൽചൽരെ നവജവാൻ" "പുക്കാർ" തുടങ്ങിയ ചിത്രങ്ങളിലെല്ലാം നസ്സീമിനു നൽകപ്പെട്ട ഭാഗങ്ങളെല്ലാം സ്തുത്യർഹമായി അഭിനയിച്ചു. നസ്സീമിന്റെ ചിത്രങ്ങളിൽ ഏറ്റവും പ്രശസ്തിനേടിയിട്ടുള്ളതു് പുക്കാറാണ്.

൧൯൪൨-ൽ നസ്സീം മിനർവാ സ്റ്റുഡിയോയുമായുള്ള ബന്ധമുപേക്ഷിച്ചു് സ്വന്തമായി ചലച്ചിത്രനിർമ്മാണം ആരംഭിക്കുന്നതിനു് ഉദ്ദേശിച്ചു. ഒരു സിനിമാവ്യവസായിയായ അഹ്സാന്റെ സഹകരണത്തോടുകൂടി "താജ്മഹൽ പിക്ചേഴ്സ്" എന്ന നാമധേയത്തിൽ ഒരു സ്റ്റുഡിയോയും നിർമ്മിച്ചു. താജ്മഹൽ പിക്ചേഴ്സിന്റെ പ്രഥമ ചിത്രമായ "ഉജാല" താമസംവിനാ നിർമ്മിക്കപ്പെടുകയുണ്ടായി. ചലച്ചിത്ര അഹ്സനുമായി പരിചയിക്കുന്നതിനും സഹകരിക്കുന്നതിനും ഇടയായതിനെ തുടർന്നു് അവർ അനുരാഗബദ്ധരാകുകയും ഒടുവിൽ ദാമ്പത്യജീവിതത്തിലേക്കു് പ്രവേശിക്കുകയും ചെയ്തു. ഇന്നു് ആ ദമ്പതികൾക്കു് രണ്ടു സന്താനങ്ങളും ജനിച്ചിട്ടുണ്ടു്.

വിവാഹത്തെത്തുടർന്നു് നസ്സീം ചലച്ചിത്രാഭിനയത്തിൽനിന്നു താൽക്കാലികമായി വിരമിക്കുകയും ചെയ്തിരുന്നുവെങ്കിലും അവർ വീണ്ടും അഭിനയകലയിലേക്കു് പ്രവേശിക്കുകയുണ്ടായി. വിവാഹത്തിനുശേഷം അവർ ആദ്യം അഭിനയിച്ച ചിത്രമാണ് "ചൽചൽരെ നവജവാൻ." അതിനുശേഷം "അനോക്കി അദാ" എന്നചിത്രത്തിൽ സുരേന്ദ്രനോടുകൂടി അഭിനയിക്കുകയും ചെയ്തു. ചന്ദ്രമോഹൻ, പൃഥ്വിരാജ്, അശോക്കുമാർ, നവീൻയാഗ്നിക്, സാദിക്ക് അലി എന്നീ പ്രസിദ്ധനടന്മാരോടുകൂടിയാണ് നസ്സീം അധികവും അഭിനയിച്ചിട്ടുള്ളതു്. അഭിനേതാക്കളിൽ പ്രത്യേകിച്ചു ചന്ദ്രമോഹനേയും അഭിനേത്രികളിൽ സർദാർ അഖ്തറുമാണ് അവരുടെ അഭിനന്ദനത്തിനു് പാത്രമായിട്ടുള്ളവർ

സ്വകാര്യജീവിതത്തിൽ നസ്സീമിന്റെ സ്വഭാവവിശേഷങ്ങളെക്കുറിച്ചും അല്പംചിലതു് പ്രസ്താവിക്കാം. വസ്ത്രധാരണത്തിൽ അവർ വളരെ ആഡംബരപ്രേമമുള്ളവരും പണം ദുർവ്യയംചെയ്യുന്ന സ്വഭാവക്കാരിയുമാണ്. പുതിയപുതിയ സാരികൾ വാങ്ങിക്കുന്നതിനു് ഭീമമായ തുകകൾ അവർ ചിലവഴിക്കാറുണ്ടു്. വിലകൂടിയ സുഗന്ധദ്രവ്യങ്ങൾക്കും ആഭരണങ്ങൾക്കും പണം നിർല്ലോഭമായി വിനിയോഗിക്കുന്നു. ഗൃഹത്തിനുള്ളിൽ അവർ മുസ്ലീംസ്ത്രീകളുടെ വസ്ത്രധാരണരീതി സ്വീകരിക്കുന്നു. പക്ഷേ വെളിയിൽ സഞ്ചരിക്കുമ്പോൾ സാരിയാണ് സാധാരണ ഉപയോഗിക്കുന്നതു്. നൃത്തവും സംഗീതവുമാണ് അവരുടെ പ്രിയപ്പെട്ട വിനോദങ്ങൾ. കുതിരസവാരിയിലും റിങ്ങ് ടെന്നീസ് കളിയിലും നസ്സീമിനു വലിയ ഭ്രമമുണ്ടു്. പ്രകൃത്യാ ലജ്ജാവതിയായ നസ്സീം സന്ദർശകരെ സ്വീകരിക്കുന്നതിൽ വലിയ ഔത്സുക്യം പ്രദർശിപ്പിക്കാറുമില്ല.

സിനിമാമണ്ഡലത്തിലെ ഏറ്റവും കോമളാംഗിയായ കലാവതിയാണ് നസ്സീം. അവരുടെ നീളിമയും വശ്യമായ കണ്ണുകളും നിബിഡമായ വാർമുടിയും സിനിമാപ്രേമികൾക്കു പ്രിയപ്പെട്ടവയാണ്. ആരുടെയും നിർബന്ധംകൊണ്ടോ ദാരിദ്ര്യംകൊണ്ടോ അല്ല നസ്സീം സിനിമാക്ഷേത്രത്തിലേക്കു രംഗപ്രവേശം ചെയ്തതു്. അവർ വലിയ മഹത്വാകാംക്ഷയുള്ള ഒരു യുവതിയാണ്. യശഃപ്രാപ്തിക്കുവേണ്ടി എന്തു ത്യാഗവും ക്ലേശവും സഹിക്കുന്നതിനു സന്നദ്ധയുമാണ്. സിനിമാരംഗത്തു പ്രവേശിച്ചിട്ടു ഗണനീയമായ കാലഘട്ടമായില്ലെങ്കിലും പ്രസ്തുത ജീവിതത്തിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള അഭിനേത്രികളെക്കാൾ കൂടുതൽ പ്രശസ്തിയും മാനവും സമ്പാദിക്കുന്നതിനു നസ്സീമിനു കഴിഞ്ഞിട്ടുണ്ടു്. സൌന്ദര്യസാക്ഷാത്കാരമായ നസ്സീം ഇനി ഒട്ടനവധി ചലച്ചിത്രങ്ങളിൽ അഭിനയിച്ചു ഭാരതീയസിനിമാപ്രേമികൾക്കു ആനന്ദം വാരിവിതറുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം.

—o—

## വാർത്തകൾ

"ശശിധരൻ" മലയാളചലച്ചിത്രത്തിന്റെ ഡയറക്ടരായ ജാനകീരാമിനു് ആലപ്പുഴ പട്ടണവാസികളുടെ വകയായി ഒരു അനുമോദനം നൽകിയിരിക്കുന്നു.

* * * *

വാഹിനിസ്റ്റുഡിയോക്കാരുടെ "ഷാവുകാരു" എന്ന ചിത്രം മദ്രാസിലും ആന്ധ്രായിലും പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

* * *

സാരഥിഫിലിംസിന്റെ "അഗ്നിപരീക്ഷ" എന്ന തെലുങ്കുചിത്രത്തിന്റെ ആരംഭോത്സവം ന്യൂട്ടോൺസ്റ്റുഡിയോവിൽവച്ചു നിർവ്വഹിച്ചിരിക്കുന്നു. സി. എസ്. ആർ. രാജ്യം, കെ. ശിവറാവു തുടങ്ങിയവരാണ് ചിത്രത്തിൽ അഭിനയിക്കുന്നതു്.

* * *

൧൯൪൯-ൽ തമിഴിലും തെലുങ്കിലും നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളിൽവച്ചു് ഏറ്റവും നല്ലചിത്രം ഏതാണെന്നു തീരുമാനിക്കുവാനായി ഒരു മേമാസം ൭-ാം തീയതി ബാലറ്റു് എടുക്കുവാൻ മദ്രാസിലെ ഫിലിം ഫാൻസ് അസോസ്യേഷൻ നിശ്ചയിച്ചിരിക്കുന്നു.

* * *

"പോർട്രെയിറ്റ് ആഫ് മരിയ", "ബ്ലൂക്കാൻ റോഡ് ഇറ്റ് വിത്ത് ഫ്ലൂ" എന്നീ രണ്ടു ഹോളിവുഡ് ചലച്ചിത്രങ്ങൾ ഇന്ത്യൻഭാഷകളിലേക്കു വിവർത്തനംചെയ്യുവാൻ ഇന്ത്യയിലെ ചില ഫിലിംനിർമ്മാതാക്കൾ തീരുമാനിച്ചിരിക്കുന്നു.

* * * *

ഇപ്പോൾ യൂറോപ്യൻപര്യടനം നടത്തിവരുന്ന പ്രസിദ്ധനൃത്തകലാവിദഗ്ദ്ധനായ മി: ഉദയശങ്കറും പത്നി അമലാദേവിയും ഏപ്രിൽ അവസാനത്തോടുകൂടി ഇന്ത്യയിൽ മടങ്ങിയെത്തുന്നതാണ്. പര്യടനവേളയിൽ ഉദയശങ്കറിനും പാർട്ടിക്കും വിദേശങ്ങളിൽ ഹൃദ്യമായ സ്വീകരണം ലഭിക്കുകയുംചെയ്തിരുന്നു.

* * * *

ശോഭനാസമർത്ഥിന്റെ സ്വന്തനിർമ്മാണമായ പ്രഥമചിത്രം "ഹമാരിബേട്ടിയാണ്." സൌണ്ട് സ്റ്റുഡിയോവിലാണ് ചിത്രം തയാറാക്കുന്നതു്. ശോഭനാസമർത്ഥിന്റെ മൂന്നു പെൺകുട്ടികളും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ടു്. കഥയുടെ നിർമ്മാതാവു ഫിലിം നടനായ മോട്ടിലാലും ചിത്രത്തിന്റെ സംവിധാനകൃത്യം നിർവ്വഹിക്കുന്നതു ശോഭനാസമർത്ഥുമാണ്.

* * *

മി: എല്ലീസ് ആർ. ഡങ്കൻ ഡയറക്ടു ചെയ്യുന്ന "മന്ത്രികുമാരി"യുടെയും മി: ടി. ആർ. സുന്ദരം ഡയറക്ടുചെയ്യുന്ന "ദിഗംബരസ്വാമിയാരുടെയും" നിർമ്മാണം മോഡേൺ തീയേറ്റേഴ്സുകാർ ആരംഭിച്ചിരിക്കുന്നു.

* * *

ഒരു ടാക്സികാറിൽ യാത്രചെയ്യുമ്പോൾ ഉണ്ടായ അപകടംമൂലം തനിക്കു നേരിട്ട പരുക്കുകൾക്കു നഷ്ടപരിഹാരമായി ഗ്ലോറിയാ സ്വാൻസൺ എന്ന ഹോളിവുഡ് നടിക്കു യു. എസ്. സുപ്രീംകോടതി ൪൦൦൦ പവൻ അനുവദിച്ചിരിക്കുന്നു.

* * *

ഉത്തരഇംഗ്ലണ്ടിലുള്ള "മെല്ലാവി" എന്ന പട്ടണത്തിൽ സിനിമാ കാണുവാൻ തനിയെ പോകുന്ന സ്ത്രീകൾക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്നു.

* * *

ബ്രിട്ടനിലെ ക്രൗൺ ഫിലിം യൂണിറ്റിനു വേണ്ടിയുള്ള രഹസ്യമായ ചില ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനു മിസ്സ്. ഡയാനാപൈൻ നിയുക്തയായിരിക്കുന്നു. സയൻസിന്റെ ഗവേഷണഫലങ്ങളെ ആസ്പദമാക്കി അവർ നിർമ്മിക്കുന്ന ചിത്രങ്ങൾ ഇനിയും അൻപതുവർഷം കഴിഞ്ഞിട്ടേ പരസ്യമായി പ്രദർശിപ്പിക്കപ്പെടുകയുള്ളു.

* * *

പ്രസിദ്ധഹോളിവുഡ് നടനായ ക്ലാർക്ക് ഗേബിളും പരേതനായ ഡൗഗ്ലാസ് ഫെയർബാങ്ക്സിന്റെ വിധവയായ ആഷ്ലിയും തമ്മിലുള്ള വിവാഹം ഹോളിവുഡ്ഡിൽവെച്ചു നടന്നിരിക്കുന്നു. വരനു് ൪൯-ം, വധുവിനു് ൩൮-ം വയസ്സുവീതം പ്രായമുണ്ടു്. ഇരുവരുടേയും നാലാമത്തെതായ വിവാഹമാണ് ഇപ്പോൾ നടന്നതു്.

* * *

ശ്രീ കണ്ണൻദേവിയുടെ ചിരപ്രതീക്ഷിതമായ ആഗ്രഹം അവർ ൭ റാത്തൽ തൂക്കമുള്ള ഒരു കുട്ടിയെ പ്രസവിച്ചതോടുകൂടി സഫലീകൃതമായിരിക്കുന്നു. അവരുടെ രണ്ടാമത്തെ വിവാഹത്തിലാണു് ശിശുവിനെ പ്രസവിച്ചതു്.

* * *

സിലോണിലെ അത്യാധുനികരായ യുവാക്കളുടെ സ്വച്ഛന്ദവാദിസംസ്കാരങ്ങൾ അധഃപതിച്ചുവരുന്നുവെന്നും അതിനുള്ള പ്രധാനകാരണം യുവതീയുവാക്കന്മാർ പാശ്ചാത്യരീതിയിലുള്ള പെരുമാറ്റങ്ങളെ അനുകരിക്കുന്നതുകൊണ്ടാണെന്നും ജാഫ്നാമേയർ അഭിപ്രായപ്പെട്ടിരിക്കുന്നു. പാശ്ചാത്യനൃത്തങ്ങൾ വിദ്യാലയങ്ങളിൽ നിർത്തൽചെയ്യുന്നതിനു സമുദായപരിഷ്കർത്താക്കൾ എത്രയുംവേഗം ശ്രദ്ധിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചിരിക്കുന്നു.

* * *

വിശ്രുത ഫിലോമിനായുടെ ജീവചരിത്രം ചലച്ചിത്രമാക്കുവാൻ ബോംബെയിലെ "റിലീജസ് പിക്ചേഴ്സ് കോർപ്പറേഷൻ" തീരുമാനിച്ചിരിക്കുന്നു. ഫിലോമിനാ എന്ന നാമധേയത്തിൽ ഹിന്ദി, ഇംഗ്ലീഷ്, തമിഴ് എന്നീ മൂന്നുഭാഷകളിൽ ഈ ചിത്രം നിർമ്മിക്കുന്നതാണ്.

* * *

ലോകത്തിലേക്കുംവച്ചു് ഏറ്റവും വലിയ തിയേറ്റർ ഹവാനയിലാണ്. ഈ തിയേറ്ററിൽ ൭൫൦൦ പേർക്കു് ഇരിക്കത്തക്കവിധത്തിലും ൨൦൦൦ കാറുകൾ നിൽക്കത്തക്ക വിധത്തിലുമുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ടു്.

* * *

ചന്ദ്രിക എന്ന മലയാളചിത്രനിർമ്മാണത്തിനു കൃഷ്ണാപ്രൊഡക്ഷൻസിനെ സാമ്പത്തികമായി നവാബ് റ്റി. എസ്സ്. രാജമാണിക്കം സഹായിക്കാമെന്നു സമ്മതിച്ചിരിക്കുന്നു. ചന്ദ്രികയുടെ തമിഴ്പതിപ്പും നിർമ്മിക്കപ്പെടുന്നതാണ്.

* * *

"ഖൂബ്സൂരത്ത്" എന്നൊരു പുതിയ ചിത്രം സുപ്രസിദ്ധനിർമ്മാതാവും സംവിധായകനുമായ എസ്സ്. എഫ്. ഹസനൈൻ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

* * *

ജെമിനിക്കാർ "അൻമാനരത്തൻ" എന്നൊരു ചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്.

* * *

എസ്സ്. ഖലീൽ സംവിധാനവും ഹുസൻലാൽ ഭഗത്റാം സംഗീതസംവിധാനവും ചെയ്യുന്ന "സർതാജ്" എന്ന ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു.

* * *

൧൯൪൯-ലെ ഏറ്റവും നല്ല ഹോളിവുഡ് നടി ഒലീവിയാ ഡിഹാവിലണ്ടു് ആണെന്നു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—o—

## വിഷയവിവരം

—o—


| | | പേജ് |
|---|---|---|
| 1. | സിനിമാപംക്തി. | 2 |
| 2. | വിപ്ലവകാരിയായ ടാഗോർ. | 3 |
| 3 | ഈ ആണ്ടിലെ നക്ഷത്രഫലം, ജ്യോത്സ്യൻ ടി. കെ. രാഘവാശ്ശാൻ. | 4 |
| 4. | ദേവസ്വം അപകടത്തിൽ—വീരൻ | 4 |
| 5. | ആത്മസംതൃപ്തിയുള്ള കഥ, പി. എസ്. അച്യുതൻപിള്ള. | 5 |
| 6 | ആത്മാവിഷ്കാരവും കോളജ്യൂണിവേഴ്സിറ്റിയും പി. നാരായണൻ, മഞ്ചേരി. | 6 |
| 7. | പാരമ്പര്യം (ചെറുകഥ) എൻ ശങ്കരൻനായർ ബി എ തിരുവല്ല. | 7 |
| 8. | ചിത്രങ്ങൾ | 8, 9 |
| 9. | കലയും ശാസ്ത്രവും വടക്കുംകൂർ രാജരാജവർമ്മരാജ | 10, 11 |
| 10. | കാർട്ടൂൺ. | 12 |
| 11. | വിനോദപംക്തി, (ബാരാജമേശ്) | 12 |
| 12. | ശാന്തിനികേതനം, ടാഗോറും, ജവഹർലാൽ നെഹ്റു. | 13 |
| 13. | കവിയുടെ മേവി, ചാത്തനേത്ത നൻപിള്ള | ,, |
| 14 | വേലിയേറ്റം, മുത്തുർ രാഘവൻനായർ | ,, |
| 15. | രോഹിണികളുടെ ഭാരതം ബോധാനന്ദനായർ | 14 |
| 16. | ഗ്രന്ഥവിചാരം | 15 |
| 17 | മേഘദിനം—വി. ശങ്കരൻ | 16 |


മുഖചിത്രം:—

അശോകവനം ശാന്തിയും എന്ന ആനക്കുട്ടികളുടെ ഇടയിൽ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റ് നില്ക്കുന്നതു്


# ജാതകാദേശം

(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ക. 1.5.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. എ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കു കമ്മീഷൻ വ്യവസ്ഥയിലോ, 300 രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജന്റന്മാരെ ആവശ്യമുണ്ട്. സാമ്പിളിനും സൗജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്ത് ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.




## ശ്രീരാമവിലാസം
## ടൈപ്പ് ഫൗണ്ടറി

28-പായിൻറു്, 18-പായിൻറു്, 14-പായിൻറു്, 12-പായിൻറു്, 10-പായിൻറു് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഹെഡിങ്ങ് ടൈപ്പുകളും ടി പായിൻറുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണ്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മേടം ൨൫-ാംനു തിങ്കളാഴ്ച 8th May 1950. | ലക്കം ൨൯


# വിപ്ളവകാരിയായ ടാഗോർ!

സത്യത്തിൻെറയും സൗന്ദര്യത്തിൻെറയും കവിയാണു് രവീന്ദ്രനാഥൻ. കൂടുതൽ അഭിരുചിയോടും ചൈതന്യത്തോടും മനുഷ്യർ ജീവിക്കുവാൻ വേണ്ടി അദ്ദേഹം ജീവിതത്തിലുടനീളം ചിലപ്പോൾ ഉഴറിക്കൊണ്ടിരുന്നിരുന്നു. എന്നാൽ അദ്ദേഹം ലോകത്തിൽനിന്നു കേവലം വിട്ടൊഴിഞ്ഞുനിന്നതല്ല. എന്നാൽ ശാന്തിനികേതനം, ശ്രീനികേതനം തുടങ്ങിയവമുഖേന ജനങ്ങൾക്കുവേണ്ടി അദ്ദേഹം പ്രായോഗികമായി അനുഷ്ഠിച്ചിരുന്ന സേവനങ്ങൾ, തൻെറ സാധാരണക്കാരുടെ ക്ഷേമമന്വേഷണങ്ങളിൽ എത്രമാത്രം തല്പരനായിരുന്നുവെന്നുള്ള വസ്തുതയാണു് വെളിപ്പെടുത്തുന്നതു്.

എന്നാൽ അദ്ദേഹം ഇന്ത്യയ്ക്കു ദാനംചെയ്തിട്ടുള്ള പ്രധാന സംഭാവനകൾ ഇവയല്ല. ആത്മസ്വാതന്ത്ര്യത്തിന്നു് അദ്ദേഹത്തിൽനിന്നുണ്ടായിട്ടുള്ള സംഭാവനയാണു് ഏററവും വലുതു്. റൂസ്സോയെപ്പോലെ അദ്ദേഹം ഇന്ത്യയിൽ ഒരു നവോത്ഥാനത്തിൻെറ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ചു. സാഹിത്യത്തിലും സംഗീതത്തിലുംമാത്രമല്ല, ചിത്രകലയിലും നൃത്തത്തിലും, നാടകവേദിയിലും അദ്ദേഹത്തിൻെറ പ്രഭാവം തെളിഞ്ഞുകാണാം. ബംഗാളും, എന്തിന് ഇന്ത്യമുഴുവനും ഒരു കാലം ഇംഗ്ലീഷു രീതികളിലേക്കു വഴുതിപ്പോയ്ക്കൊണ്ടിരിക്കെ, പാശ്ചാത്യമായിട്ടുള്ളതിനെ അനുകരിക്കുന്നതുകൊണ്ടുമാത്രം സംസ്കാരം മഹത്താക്കുവാൻ സാദ്ധ്യമല്ലെന്നു് അനുപമമായ സ്വപ്രവൃത്തികളാൽ അദ്ദേഹം കാണിച്ചുകൊടുത്തു. നമ്മുടെ രാജ്യത്തിൻെറ സംസ്കാരം അന്യരാജ്യത്തിൻെറ സംസ്കാരത്തെ ഒഴിച്ചുകളയാൻ അനുവദിക്കുന്നപക്ഷം ഉണ്ടാകുന്ന കുഴപ്പത്തെയാണു് ടാഗോറിൻെറ ആദ്യകാലനാടകങ്ങളിലൊന്നായ 'രാജാവും റാണിയും' സൂചിപ്പിക്കുന്നതു്. ൧൮൮൦-ൽ ഇങ്ങനെ പറയുകയെന്നതു് ഒരു മഹാകാര്യമായിരുന്നു. ഭാരതി, തത്വബോധിനിപത്രിക മുതലായവയിൽ അദ്ദേഹം എഴുതിയിരുന്ന ലേഖനങ്ങളും നിരൂപണങ്ങളും ജനങ്ങളുടെ ശ്രദ്ധയെ ഈ മാർഗ്ഗത്തിലേയ്ക്കാകർഷിച്ചു. ലേഖനങ്ങളിൽ നമ്മുടെ ആളുകളുടെ സംസ്കാരം എന്നാൽ നമ്മുടെ രാജ്യത്തിൻെറ ഭാഷയും പുരാതനവുമായ പാരമ്പര്യങ്ങളിൽ അടിയുറച്ച വിശ്വാസം എന്നായിരുന്നു അർത്ഥം.

അദ്ദേഹത്തിൻെറ മേധാശക്തിയുടെ ഒരു വശത്തെപ്പററിയുള്ള ബോധം ഇതിൽനിന്നും ലഭിക്കുന്നതല്ല. ഇന്ത്യയിൽ സർവ്വത്ര വിദേശസാധനങ്ങൾ പ്രചരിച്ചുകൊണ്ടിരുന്ന ഒരു കാലത്തു്, നമ്മുടെ വ്യവസായങ്ങളും തൊഴിലും വികസിപ്പിക്കുവാൻ കഴിയുമാറു് തൻെറ സഹോദരന്മാരുമായി അദ്ദേഹം കഠിനപ്രയത്നം ചെയ്തു. അദ്ദേഹത്തിൻെറ "ജീവിതസ്മരണകളി"ൽ അത്തരം സംരംഭങ്ങളുടെ രസകരമായ പല വിവരങ്ങളും അടങ്ങിയിട്ടുണ്ടു്. ഒരു നാടൻതീപ്പെട്ടിക്കമ്പനിയുണ്ടാക്കാൻ ശ്രമിച്ചതും, ഒരു കപ്പൽക്കമ്പനി നടത്തിയതും, കൈകൊണ്ടുള്ള നെല്ലുകുത്തു നടപ്പിൽ വരുത്തിയതും എല്ലാം ആ ഗ്രന്ഥത്തിലുണ്ടു്. ൧൯൦൫-൦൬-കാലങ്ങളിൽ ഇവയെല്ലാം പുതിയ കാര്യങ്ങളാണെന്നുള്ളതു് ഓർക്കേണ്ടതുണ്ടു്. കുടിൽവ്യവസായങ്ങൾക്കായി ഇന്നു് ഇന്ത്യയിലുണ്ടായിട്ടുള്ള ശ്രമത്തിൻെറ മുൻകൂട്ടിയുള്ള സൂചനകളാണു് ഈ സംരംഭങ്ങളെല്ലാം.

പാശ്ചാത്യഭാവങ്ങൾക്കു് അത്യധികമായി കീഴ്പ്പെട്ടുപോയ ബംഗാളിനെ ഭംഗിയായി വീണ്ടെടുക്കുന്നതിനുള്ള യത്നത്തിൻെറ ഒരു ഭാഗമായി, നമ്മുടെ സംസ്കാരത്തിലേയ്ക്കും പാരമ്പര്യത്തിലേയ്ക്കും മടങ്ങിപ്പോകണമെന്നുള്ള ടാഗോറിൻെറ യത്നത്തെ കണക്കാക്കാവുന്നതാണു്. എന്നാൽ അങ്ങനെ വീണ്ടെടുക്കുന്നതുകൊണ്ടുമാത്രം ഒരു രാജ്യം മഹത്തരമായിത്തീരുകയില്ലെന്നു് അദ്ദേഹം കണ്ടു. അതിനാൽ ഇന്ത്യ സ്വയം നിർണ്ണയം ചെയ്ത ഒരു നയം സ്വീകരിക്കണമെന്നും ഉൾക്കരുത്തുള്ളതും മാന്യമായിരിക്കണമെന്നും അദ്ദേഹം കരുതി. നമ്മുടെ രക്തത്തിൽ കലർന്നുപോയിട്ടുള്ളതു് പാശ്ചാത്യരുടെ ഭൗതികമായ അഭിവൃദ്ധിമാത്രമല്ലെന്നു് അദ്ദേഹത്തിനു തോന്നി. സയൻസിൻെറ സംഭാവനയെ അംഗീകരിക്കാതിരിക്കവാൻ നിവൃത്തിയില്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. വളരെക്കാലമായി നമ്മുടെ വീക്ഷണത്തിനു് ഐക്യതയില്ലെന്നുള്ളതാണു് യഥാർത്ഥം. 'ഇരുട്ടറയിലെ രാജാവു്' എന്ന കഥയിലെ പാവരാജാക്കന്മാരെപ്പോലെ നമ്മുടെ രാജ്യത്തു് തെററായ പല ആദർശങ്ങളും നിലനിന്നുപോരുന്നു. ഈ വീക്ഷണഗതി തീർച്ചയായും രചനാത്മകമല്ല. നാം പ്രാചിയുടെ ആത്മീയതത്ത്വത്തിനും പ്രതീചിയുടെ ഭൗതികതത്ത്വത്തിനും മദ്ധ്യേ കിടന്നു കുഴയുന്നു എന്നുള്ളതാണു് യഥാർത്ഥത്തിലുള്ള വിഷമം.

പാശ്ചാത്യദേശങ്ങളിൽ മനുഷ്യത്വമാവു് വെളിയിലേക്കു് വികസിച്ചുവെങ്കിൽ, സിദ്ധിയുടെ ഭദ്രമായ ആന്തരികബോധത്തെ അതു് വിട്ടൊഴിഞ്ഞുപോയിരിക്കുന്നുവെന്നു് 'സാധന'യിൽ രവീന്ദ്രനാഥൻ പറഞ്ഞിട്ടുണ്ടു്. അതിനാൽ പ്രതീചി അധികാരമത്തമായിത്തീർന്നിരിക്കുന്നു. അതിൻെറ ദുസ്സ്വാധീനംമൂലം മനുഷ്യൻെറ അന്തിമലക്ഷ്യമായ പരിപൂർണ്ണതയുടെ സൗന്ദര്യം നഷ്ടമാകുകയും ചെയ്തിരിക്കുന്നു.

ഇന്ത്യയിൽ സയൻസും മതവും തമ്മിലാണു് തർക്കങ്ങളുള്ളതു്. സയൻറിസ്റ്റുകൾ ഭൗതികമൂല്യത്തിനുവേണ്ടി വാദിക്കുമ്പോൾ, മതം ആത്മീയപരിപൂർത്തിയെപ്പററി ഉറപ്പിച്ചുപറയുന്നു. കഴിഞ്ഞ അമ്പതു വർഷങ്ങളായി ഇന്ത്യ ഈ രണ്ടിനുംമദ്ധ്യേ കിടന്നു ചഞ്ചലപ്പെടുകയാണു് ചെയ്യുന്നതു്. ടാഗോറിനു ഇതു എളുപ്പം മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിൻെറ ഉപദേശമാകട്ടെ സയൻസും ആത്മീയതയും സമ്യക്കായി ഒരുമിപ്പിച്ചു മനുഷ്യസമുദായത്തിൻെറ ഉൽക്കർഷത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്നായിരുന്നു. അതിനാൽ മിക്കവിപ്ലവകാരികളും വിചാരിച്ചതുപോലെ സംഹാരത്തിനായിമാത്രം വന്നുചേർന്ന ഗുരുവായിരുന്നില്ല അദ്ദേഹം. "അച്ചലായതന"ത്തിൽ നാം കാണുന്നതുപോലെ നിർമ്മാണവും അദ്ദേഹത്തിൻെറ ഉദ്ദേശമായിരുന്നു. സ്വർഗ്ഗം നഷ്ടപ്പെട്ടിരിക്കാം, പക്ഷേ അതു വീണ്ടെടുക്കുകയും വേണ്ടിയിരിക്കുന്നു.

സാഹിത്യമണ്ഡലത്തിലാണു് ടാഗോർ വരുത്തിയ മറെറാരു വിപ്ലവം. ഈ മാററം ബാധിക്കാത്ത ആധുനികമായ ഒരു ഇന്ത്യൻ ഭാഷയുമില്ല. ഇന്നു ഈ രാജ്യത്തു കാണുന്ന ചെറുഗാനങ്ങൾക്കു ഇത്ര പ്രചാരം നൽകിയതു് അദ്ദേഹമാണു്. യഥാർത്ഥമായ ഒരു പ്രശ്നത്തെ ഉന്നയിച്ചുകൊണ്ടു ഗോറയെപ്പോലുള്ള ഒരു നോവൽ എഴുതിയതും അദ്ദേഹമാണു്. ബംഗാളിയിലെ വൃത്തബന്ധത്തെപ്പററി ക്രമാനുസൃതമായി ബംഗാളിയിൽ ഒരു ഗ്രന്ഥം രചിച്ചതും അദ്ദേഹംതന്നെ. നാടൻപാട്ടുകൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തിയതും മാത്രമല്ല പാശ്ചാത്യസംഗീതത്തിൻെറ ടെക്നിക്കിനെ ഇന്ത്യൻമാതൃകയോടു ആദ്യമായി കൂട്ടിച്ചേർത്തതും അദ്ദേഹംതന്നെ. ഇതിനുള്ള ഉദാഹരണങ്ങൾ എത്രയോ വേണമെങ്കിലും പറയാം. അദ്ദേഹത്തിൻെറ സീസൺ നാടകങ്ങൾ, നൃത്യനാടകങ്ങൾ, ഇന്ത്യയിലെ വിവിധ നൃത്തസമ്പ്രദായങ്ങളെക്കൂട്ടിയോജിപ്പിച്ചതു്, പാശ്ചാത്യവും പൗരസ്ത്യവുമായ നാടകവേദിയിലെ ഉത്തമാംശങ്ങളെക്കൂട്ടിയോജിപ്പിച്ചതു് ഇതെല്ലാം എടുത്തുപറയത്തക്കവയാണു്.



മനുഷ്യനന്മയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള ദാനങ്ങളുടെ പട്ടിക മേൽ പറഞ്ഞതുകൊണ്ടൊന്നും അവസാനിക്കുകയില്ല. ബാബുമാരെ നിർമ്മിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യ ഒട്ടാകെ നിലവിലിരുന്നപ്പോൾ ടി. എസ്. എലിയട്ടിൻെറ ഭാഷയിൽ പറയുന്നപക്ഷം ടാഗോറിനു ബോദ്ധ്യപ്പെട്ടതു് ഈ വിധമാണു്:- "നമുക്കു വിദ്യാഭ്യാസംകൊണ്ടു എന്താണു് ലഭിക്കേണ്ടതെന്നു് അറിയണമെങ്കിൽ, പൊതുവിൽ വേണ്ടതെന്താണെന്നു് അറിയേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതതത്വശാസ്ത്രത്തിൽ നിന്നാണു് വിദ്യാഭ്യാസതത്വങ്ങൾ ഗ്രഹിക്കേണ്ടതു്". മനുഷ്യത്വത്തിൻെറ സത്യപൂർണ്ണമായ വികസനമായിരുന്നു ടാഗോറിൻെറ ആദർശം. മനസ്സിൻെറ വികാസവും, സ്വാതന്ത്ര്യവും ഉല്ലാസജനകവും ആയ അന്തരീക്ഷത്തിൽ പൗരന്മാരെ പരിശീലിപ്പിക്കുക എന്നതും ആയിരുന്നു വിദ്യാഭ്യാസത്തെ സംബന്ധിച്ച അദ്ദേഹത്തിൻെറ ആശയം. ശിശുക്കളുടെ പ്രകൃതി സഹാനുഭൂതിയോടെ ഗ്രഹിക്കണമെന്നും വികാസത്തിനു് സ്വതന്ത്രമായ സന്ദർഭം അനുവദിക്കണമെന്നും, പ്രകൃതിയോടു സമ്പർക്കം പുലർത്തുന്നതിനു് പ്രോത്സാഹനം നൽകുന്നതോടൊപ്പംതന്നെ, കലകളുടെ വികസനത്തിനും ഒരു പ്രധാനസ്ഥാനം നൽകണമെന്നും അദ്ദേഹം വാദിച്ചു.

ഭേദപരിശോധനമാത്രം നടത്തുന്നതു് വിദ്യാർത്ഥികളുടെ വികസനത്തെ തടയുകയേ ചെയ്യുകയുള്ളുവെന്നു് ടാഗോർ മനസ്സിലാക്കി. അതിനാൽ ശാന്തിനികേതനത്തിലുള്ള അദ്ദേഹത്തിൻെറ സ്കൂളിലെ വിദ്യാർത്ഥികൾക്കു ഗൃഹത്തിൽ താമസിക്കുന്നതുപോലെയുള്ള അന്തരീക്ഷം പ്രദാനം ചെയ്യുകയും, പ്രകൃത്യാ ഉള്ള അന്തരീക്ഷം അനുവദിക്കുകയും ജന്മനാ ഉള്ള വാസനകളും കഴിവുകളും വികസിപ്പിക്കുവാൻ സ്വാതന്ത്ര്യം ലഭ്യമാക്കുകയും ചെയ്തു. ഇന്ത്യയിൽ ഇതുമാതിരിയുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തിയതിൻെറ പ്രാധാന്യം നാം മനസ്സിലാക്കുന്നതു് ഇപ്പോൾ മാത്രമാണു്. വിദേശരാജ്യങ്ങളിൽ ഇത്തരം വിദ്യാഭ്യാസസമ്പ്രദായങ്ങൾ പരീക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുമ്പോഴാണു് നമ്മുടെ കണ്ണുകൾ തുറന്നതു്.

നമ്മുടെ ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിനു് സഹകരണത്തിൻെറ പ്രാധാന്യം എത്രത്തോളമെന്നു ശക്തിയായി ധരിപ്പിക്കുന്ന ഒരു പുതിയ സംഘടനയായിരുന്നു ശ്രീനികേതൻ. ഏററവും ഉയർന്നനിലയിലുള്ള സംഘടിതജീവിതമാണു് അതിൻെറ ആദർശം. നഗരത്തിലെ ജീവിതമല്ല; പിന്നെയോ പ്രകൃതിയുടെ മദ്ധ്യേ സ്വാതന്ത്ര്യബുദ്ധിയോടെ, പരിശ്രമശീലത്തോടെ, ഉന്നതാദർശങ്ങളോടെ നയിക്കുന്ന ഒരു ജീവിതം. കുടിൽവ്യവസായങ്ങളെ ഏററവും ഭംഗിയായി അഭിവൃദ്ധിപ്പെടുത്തീട്ടുള്ളതു് അവിടെ കാണാൻ കഴിയും. ഇന്ത്യയിൽ ഇദംപ്രഥമമായി ഗ്രാമീണസാമ്പത്തികവ്യവസ്ഥയിൽ ഒരു പരീക്ഷണം നടത്തിനോക്കിയതു് ശ്രീനികേതനത്തിലാണു്. ഇതിനു തുല്യമായി റഷ്യയിൽമാത്രമേ കാണുവാൻ കഴിയൂ.

ജീവിതത്തെ സമനിലയിൽ വീക്ഷിക്കുന്നതിൽ ടാഗോർ വിശ്വസിച്ചിരുന്നു. ദൗർഭാഗ്യവശാൽ ഇന്നു നാം മറന്നുപോയിരിക്കുന്നതും ഇതാണു്. ജീവിതത്തിൻെറ സാമഞ്ജസ്യം ഗ്രഹിക്കുവാൻ ടാഗോറിൻെറ ജന്മദിനം സന്ദർഭം നൽകട്ടെ. ലോകത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി മനുഷ്യൻ അനന്തതയുടെ ചിഹ്നമായി നിലകൊള്ളട്ടെ.

(Copyright: N. P. S)

# ഈ ആഴ്ചയിലെ നക്ഷത്രഫലം

25-9-125 മുതൽ 31-9-125
8-5-1950 „ 14-5-1950

അശ്വതി—പുതിയ ബന്ധുക്കളും സ്നേഹിതന്മാരും ഉണ്ടാകും. തന്നിമിത്തം വ്യാപാരപുഷ്ടിക്കും ആദായമാർഗ്ഗത്തിനും സൗകര്യം വർദ്ധിക്കും. ആശ്രിതരാൽ പരിസരം ക്ലേശകരമായി പരിണമിക്കും. ചില മദ്ധ്യസ്ഥതകൾ വഹിക്കും.

ഭരണി—ശരീരമനസ്സുകൾക്കു സുഖം കുറയും. ആദായകരമായ മാർഗ്ഗങ്ങൾ പുരോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കും. പല ഗൂഢപ്രവൃത്തികളിലും ഹൃദയം പ്രവേശിക്കും. പൊതുജനസംതൃപ്തി ലഭിക്കും.

കാർത്തിക—കൃത്യനിർവ്വഹണത്തെപ്പറ്റി ചിന്തിച്ചു മനഃകുഴപ്പം ഉണ്ടാകും. വാഹനാദി സൽക്കാരങ്ങൾക്കു പണം ചെലവഴിക്കും. സുഹൃത്തുക്കളെക്കൊണ്ടു കാര്യലാഭം നേടും. ഏതു കാര്യത്തിനു പുറപ്പെട്ടാലും ശത്രുക്കളെ കാണും. രക്തശുദ്ധി കുറയും.

രോഹിണി—സർക്കാർ കാര്യങ്ങളിൽ മനസ്സ് പ്രവേശിച്ചുകൊണ്ടിരിക്കും. പണക്കുഴപ്പത്താൽ കാര്യങ്ങൾ അവതാളത്തിലാകും. ഗൃഹാവശ്യത്തിന്റെ വ്യയാധിക്യത നേരിടും. സുഹൃത്തുക്കളുടെ സഹകരണം വിഷമതകൾ പരിഹരിക്കും.

മകയിരം—വിദ്യാവിഷയസുഖങ്ങൾ ക്രമേണ കാര്യമായി വളർന്നുകൊണ്ടിരിക്കും. അഭീഷ്ടസിദ്ധിയുണ്ടാകും. പ്രശസ്തിയും പ്രതാപവും സിദ്ധിക്കുന്നതിനുള്ള സമയമാണ്. സന്താനാരിഷ്ടതകൾക്കിടയുണ്ട്. പൊതുജനങ്ങളുടെ വിമർശനം കൂടിയിരിക്കും.

തിരുവാതിര—സ്വാതന്ത്ര്യാധിക്യം സ്വജനവിരോധത്തിനും അധികൃതവിദ്വേഷത്തിനും കാര്യപ്രതിബന്ധത്തിനും ഇടവരുത്തും. അകാലയാത്ര, ഭക്ഷണം ഇവ ആരോഗ്യഹാനികരമാണ്. തൊഴിലുകളിൽ സംഘർഷവും നിർബന്ധവും കൂടും. സ്വാതന്ത്ര്യം കാണുകയില്ല.

പുണർതം—പലവിധ പ്രതിബന്ധത്താൽ സൽകൃത്യനിർവഹണത്തിന് വിളംബമാവും. വ്യാപാരാദിനടത്തിപ്പിന് അന്യസഹായവും സഞ്ചാരവും വേണ്ടിവരും. ഗൃഹോപകരണത്തിനും നവീകരണത്തിനും പണം ചെലവഴിക്കും.

പൂയം—സ്ത്രീകൾ കാരണമായി മനഃശല്യം വർദ്ധിക്കും. ക്രമത്തിലധികം പണം വന്നു ചെലവഴിച്ചുകൊണ്ടിരിക്കും. വിശ്രമംപോലും എടുക്കാതെ ഇതരകാര്യത്തിൽ അദ്ധ്വാനിക്കും.

ആയില്യം—സഹായികളെന്നു വിചാരിച്ചവരാൽ നഷ്ടവും ഉപദ്രവവും സംഭവിക്കും. വ്യവസായകാര്യങ്ങളിൽ അഭിവൃദ്ധി കാണുകയില്ല. മംഗളകരമായ സംഗതികൾ ആലോചിക്കും. ക്ഷീണവും പതനവും കൂടാതെ സൂക്ഷിക്കണം.

മകം—രാഷ്ട്രീയകാര്യങ്ങളിൽ അനുകൂലസംഗതികളും സമ്പാദിക്കും. അവശതകൾ സ്വപ്രയത്നത്താൽ പരിഹരിക്കപ്പെടും. വൈദേശികസുഹൃത്തുക്കളുമായി പരിചയപ്പെടും. പൊതുജനനന്മയെ മുൻനിർത്തി പ്രവർത്തിക്കും. കളത്രാരിഷ്ടതകൾ ഉണ്ടാകും. സന്താനസൗഖ്യവും ഉന്നതിയും ലഭിക്കും.

പൂരം—കാര്യനടത്തിപ്പിനുവേണ്ടി സാഹസികയത്നങ്ങൾ ചെയ്യും. അമിതലാഭങ്ങൾ എടുക്കുന്നതിനു ശ്രമിക്കും. സ്വന്തം ആളുകൾ അകാരണമായി കലഹിക്കും. രോഗശോകങ്ങൾക്കിടവരും. വിഷഭീതിയോ ക്ഷതമോ സംഭവിക്കും.

ഉത്രം—അവസരോചിതമായ കർമ്മങ്ങളാൽ ലാഭവും സന്തോഷവും നേടും. ഭാവിയിലേക്കുള്ള കാര്യങ്ങൾ ശരിപ്പെടുത്തുന്നതിൽ താല്പര്യം പ്രകടിപ്പിക്കും. സമുദായകാര്യത്തിനും സ്ഥാപിതതാല്പര്യത്തിനുംവേണ്ടി പ്രവർത്തിക്കും. ചില നഷ്ടങ്ങൾ ആവകകാര്യങ്ങളിൽ ഉണ്ടാകും.

അത്തം—പ്രവൃത്തികളിലുള്ള അലസത കർമ്മപുഷ്ടിയെ ഹനിക്കും. അനായാസ്യമല്ലാത്ത കൂട്ടുകെട്ടും പ്രവൃത്തികളും ശത്രുപീഡയ്ക്കും പണക്കുഴപ്പത്തിനും വഴിതെളിക്കും. അതിഥിസൽക്കാരത്തിന് ചെലവുകൂടും. അകാലസഞ്ചാരത്തിനും ഭക്ഷണത്തിനും ഇടയാകും. എല്ലാത്തിനും ഒരു നിയന്ത്രണം വേണ്ടതാകുന്നു.

ചിത്തിര—മതപരമായ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കും. അപ്രതീക്ഷിതമായി സ്നേഹബഹുമാനങ്ങൾ സിദ്ധിക്കും. മനഃപീഡയും ആശ്രിതവിരോധവും ഉണ്ടാകും. യാത്രാക്ഷീണവും അസുഖവും വന്നുചേരും. ഉഷ്ണാധിക്യത്താലും രക്തകോപത്താലും ത്രിദോഷങ്ങൾ കോപിക്കും.

ചോതി—ബന്ധുക്കളുടെ സഹായസഹകരണങ്ങൾ ഏതുകാര്യത്തിനും ലഭിക്കും. പ്രവൃത്തികളിൽ ശ്രദ്ധയും ഇതരകാര്യങ്ങളിൽ ആസക്തിയും വളരും. അഗതികളുടെ ഉന്നമനത്തിനു ശ്രമിക്കും. എപ്പോഴും ഹൃദയത്തിൽ ഭയം വിട്ടൊഴിയാതെകാണും.

വിശാഖം—ഏറ്റിട്ടുള്ള ചുമതലകൾ ശരിയായി വഹിക്കുന്നതിന് സമയം മതിയാകാതെ വരും. പ്രതിബന്ധങ്ങളെ വിജയപൂർവം തരണംചെയ്യും. ഉദരസുഖം കുറയും. വഞ്ചനകളും ചതികളും നേരിടാതെ സൂക്ഷിക്കണം.

അനിഴം—എതിരുകളും എതിർപ്പുകളും വിഘ്നങ്ങളും ഉണ്ടായാലും ഒടുവിൽ ഒന്നിലും അധൈര്യം തോന്നുകയില്ല. സാമുദായികവും കുടുംബപരവുമായ കാര്യങ്ങൾക്കുവേണ്ടി ഏതു ത്യാഗവും സഹിക്കും. തൊഴിലുകളിൽ ക്ലേശകരമായ വിധം അദ്ധ്വാനിക്കും.

കേട്ട—രക്തശുദ്ധി കാണുകയില്ല. ചൂടു കൂടിയിരിക്കും. മുമ്പു ചെയ്ത പ്രവൃത്തികളെപ്പറ്റി പശ്ചാത്തപിക്കും. ആത്മസുഹൃത്തുക്കളുമായി അല്പം ചില കലഹങ്ങൾക്കിടയാകും. ദന്തരോഗം, നീർവീഴ്ച മുതലായവയുണ്ടാകും. പ്രവൃത്തികൾ മന്ദഗതിയെ പ്രാപിക്കും.

മൂലം—സല്ക്കാര്യനിരതത്വംകൊണ്ടും സാമൂഹ്യപ്രവർത്തനംകൊണ്ടും സ്വന്തകാര്യങ്ങൾ ശരിക്കു നിർവ്വഹിക്കുവാൻ സമയം ലഭിക്കയില്ല. സഞ്ചാരം കൂടുതലായിരിക്കും. ഉന്നതന്മാരുമായി സമ്പർക്കം പുലർത്തും. ക്ഷോഭിക്കാതെ കാര്യങ്ങൾ കൊണ്ടുപോകണം. ചെലവുകൾ അധികരിക്കും. തൊഴിലുകൾ പുരോഗമിച്ചുകൊണ്ടിരിക്കും. ഗൃഹസുഖം കുറയും.

പൂരാടം—ബന്ധുദോഷങ്ങളാൽ മനസ്സ് അസ്വസ്ഥമായിരിക്കും. സ്വജനങ്ങൾ വെറുക്കും. പണസംബന്ധമായ ആനുകൂല്യങ്ങളുണ്ടാകും. പ്രവർത്തനങ്ങളിൽ വേണ്ടുംവിധം അദ്ധ്വാനിക്കും. ബുദ്ധിപൂർവമല്ലാത്ത സംഭാഷണം എതിർപ്പിന് ശക്തികൂട്ടും.

ഉത്രാടം—ന്യായരഹിതമായി ആർജ്ജിച്ചവയ്ക്കു നാശംവരും. ബന്ധുക്കളുടെ വിരഹത്തിനിടവരും. സ്വന്തം ചുമതലകൾ ഭംഗിയിൽ നടത്തുവാൻ വിഷമിക്കും. സ്വാഭിപ്രായങ്ങൾ ഊന്നിസംസാരിക്കുമ്പോൾ പലരും അനുകൂലിക്കയും ക്ഷോഭിക്കയുംചെയ്യും. ആശ്രിതരുടെ അനിഷ്ടങ്ങൾ ഉണ്ടാകും. സന്താനാരിഷ്ടതയ്ക്കും ഇടയുണ്ട്.

തിരുവോണം—സാമ്പത്തികമായ അവശതകൾ ഉണ്ടാകും. കുടുംബജനങ്ങളുടെ പെരുമാറ്റം പലവിഷമതകളുംവരുത്തും. സഹപ്രവർത്തകരുടെ സഹകരണം സന്തോഷത്തെയും സമാധാനത്തെയും ഉണ്ടാക്കും. കഴിയുന്നത്ര ഈശ്വരചിന്തയോടുകൂടി പ്രവർത്തനങ്ങളിൽ ശ്രദ്ധപതിപ്പിക്കണം.

അവിട്ടം—സന്താനകളത്രസൗഖ്യം കുറയും. പ്രവർത്തനങ്ങളിൽ പലവിധ വിഘ്നങ്ങൾ ഉണ്ടാകും. ആശപോലെ കാര്യങ്ങൾ നടക്കയില്ല. സൽക്കാരത്തിനും പൊതുജനോപകാരവിഷയങ്ങൾക്കും വ്യയം അധികരിക്കും. നഷ്ടത്തെക്കുറിച്ചും എതിർപ്പുകളെക്കുറിച്ചും ഭീതികൂടും. യാത്രകളിൽ സൂക്ഷ്മം കൂടുതലായി ഉണ്ടായിരിക്കണം.

ചതയം—നയനസുഖം കുറയും. വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അന്യചുമതലകൾ വഹിക്കുകയോ ചെയ്യും. വലിയ മാറ്റങ്ങൾ ഒന്നും ഈ ആഴ്ചയിൽ പ്രതീക്ഷിക്കുവാനില്ല.

പൂരുരുട്ടാതി—പ്രവർത്തനങ്ങളിൽ അഭിവൃദ്ധിയും സംതൃപ്തിയും ജനിക്കും. ബന്ധുക്കളുടെ ദുരിതത്തിൽ ഖിന്നതപ്പെടും. കർമ്മോന്മുഖനായിരിക്കും. പൊതുവെ ശരീരസുഖം കുറയും.

ഉത്രട്ടാതി—സ്വപ്രവൃത്തികൾ വിജയോന്മുഖമായി നയിച്ച് ആദായമുണ്ടാക്കും. ദിനചര്യയുടെ മാറ്റത്താൽ സുഖംകുറയും. അപ്രതീക്ഷിതഗുണങ്ങൾ പലതും ലഭിക്കും. സ്വജനങ്ങളാൽ മനഃപീഡയുണ്ടാകും. ആവശ്യംപോലെ പണം ചെലവഴിക്കും.

രേവതി—ആശ്രിതർ അകാരണമായി മനഃക്ലേശം വരുത്തും. പ്രയോജനകരമായ പ്രവർത്തനത്താൽ ആദായം ഉണ്ടാക്കുവാൻ സമയം മതിയാകയില്ല. പലതും തുടങ്ങും ഒന്നും പൂർത്തീകരിക്കയില്ല. ഉൽക്കർഷവും ആദായപരവും ആയ ചില ചുമതലകളും ചുറ്റുപാടുകളും കൂടി സംജാതമാകും.

തകഴി, കെ. രാമവാര്യർ

# “ദേവസ്വം അപകടത്തിൽ’

(മനോരമ എഴുതാവുന്ന അടുത്ത മുഖപ്രസംഗം)

ശക്തിയായ മുഖപ്രസംഗം എഴുതാൻ കെല്പുള്ള ഏതെങ്കിലുമൊരു മലയാളപത്രം ഇന്നു കേരളത്തിലുണ്ടെങ്കിൽ അതു മലയാളമനോരമ മാത്രമാകുന്നു. ഈ സത്യം പൌരധ്വനിപോലും സമ്മതിക്കുന്നതാണ്. മുഖപ്രസംഗമെഴുതുക ആർക്കും അത്രയെളുപ്പമല്ല. മറ്റുപത്രങ്ങൾ മുഖപ്രസംഗമെന്നു പറഞ്ഞു കുത്തിക്കുറിക്കുന്നതെല്ലാം ശുദ്ധ അധികപ്രസംഗമാണെന്നു വേണം പറയുവാൻ എന്നു മനോരമ നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. ഇത്രയും വിശാലവീക്ഷണതയും തുല്യമനോഭാവവും മറ്റു പത്രത്തിനാണുള്ളതു്. ജാതിമതഭേദമന്യേ എല്ലാംപേരെയും തുല്യനിലയിൽ വീക്ഷിക്കുവാനുള്ള നേത്രം മനോരമയ്ക്കു മാത്രമേയുള്ളൂ എന്നു പാകിസ്ഥാനിലെ ‘ഡാൺ’പോലും അഭിപ്രായപ്പെട്ടിട്ടുണ്ട്. സർ, സി. പി.-യുടെ കാലത്തു ജയിലിൽ വീർപ്പുമുട്ടിക്കഴിഞ്ഞ മനോരമ വെളിച്ചം കണ്ടപ്പോഴും സ്വാതന്ത്ര്യംലഭിച്ചപ്പോഴും താനേ മറന്നു പലതും പഴയ സ്മരണ കൈവെടിയാതെ പ്രസംഗിച്ചു. പഴേ പല്ലവി ഒന്നു പുതുക്കി പാടിയെന്നുമാത്രം. അങ്ങനെ നിവർത്തനത്തിൽനിന്നും കോൺഗ്രസ്സിലേക്കും കോൺഗ്രസ്സിൽനിന്നും യാതനയിലേക്കും യാതനയിൽനിന്നും ദേവസ്വത്തിലേക്കും മനോരമ നീങ്ങിനീങ്ങി ഒടുവിൽ എത്തിച്ചേർന്നു. എല്ലാ മതങ്ങളെയും ഒന്നുപോലെ ആദരിക്കുവാനും എല്ലാ മതങ്ങൾക്കും വേണ്ടകാലത്തു വേണ്ട ഉപദേശം നൽകുവാനും മനോരമയ്ക്കുള്ള ഉത്സാഹം ചില്ലറയല്ല. പരമാർത്ഥം പറയുകയാണെങ്കിൽ ഇന്നു മനോരമപ്പത്രം ഇല്ലായിരുന്നെങ്കിൽ കേരളം വീണ്ടും ഒരു ‘ഈസ്റ്റ്-ബംഗാൾ’ ആയിപ്പോകുമായിരുന്നു. എവിടെ മതം വിദ്വേഷപൂർവം തലയുയർത്തിനിൽക്കുന്നുവോ അവിടെ മനോരമ പ്രത്യക്ഷപ്പെടും. അനന്തരം ആ മതക്കാർക്ക് വേണ്ട ഉപദേശം നൽകി അവരെ ശാന്തരാക്കിത്തീർക്കും.

ഇന്നത്തെ ഹിന്ദുമതം അപകടത്തിലാണെന്നും അതിനെ നിയന്ത്രിച്ചില്ലെങ്കിൽ മതപരമായ പല കലാപങ്ങൾക്കുമിടയാകുമെന്നും കാലേകൂട്ടി പത്രദൃഷ്ട്യാ കണ്ട മനോരമ ഹിന്ദുക്കളെ രക്ഷിക്കാൻവേണ്ടി അവരുടെ നന്മയ്ക്കായി അവർക്കുള്ള രക്ഷാമാർഗ്ഗം മുഖപ്രസംഗംവഴി ഉപദേശിച്ചതു് നേരിട്ടു ഗ്രഹിക്കാത്ത ചില അപകടമനസ്കന്മാരായ ഹിന്ദുക്കൾ അതിനെ ദുർവ്യാഖ്യാനം ചെയ്യുന്നതു് അവരുടെ അജ്ഞതയുടെ ആഴംകൊണ്ടല്ലാതെ മറ്റെന്താണ്.

ദേവസ്വംബോർഡിനെപ്പറ്റി മുഖപ്രസംഗം എഴുതിയ മനോരമ “മറ്റുമതക്കാർക്കാണെങ്കിൽ മതസ്ഥാപനഭരണം നല്ല പഠിപ്പും പരിചയവും പാകതയും സിദ്ധിച്ച മതാദ്ധ്യക്ഷന്മാരാണു നടത്തുന്നതു്. ഹിന്ദുക്കൾക്കു അത്തരം മതാദ്ധ്യക്ഷന്മാരില്ല” എന്നുപറയുമ്പോൾ നാമെന്തിനു മുഖം ചുളിപ്പിക്കുന്നു. ഇപ്പറഞ്ഞതിലെന്തെങ്കിലും അവാസ്തവം ഉണ്ടോ? ക്രിസ്ത്യൻമതാദ്ധ്യക്ഷന്മാരുടെ പഠിപ്പും, പാരമ്പര്യവും ഭരണപരിജ്ഞാനവും ഹിന്ദുമതാദ്ധ്യക്ഷന്മാർക്കുണ്ടോ? മനോരമയ്ക്കു പറയാനുള്ളതു് എവിടെയും പറയുകതന്നെ ചെയ്യും. ആക്ഷേപിച്ചാലുമില്ലെങ്കിലും പറയേണ്ടതു് പറയുകതന്നെ ചെയ്യും.

എന്താണ് മനോരമ എഴുതുവാൻപോകുന്ന ഇനിയത്തെ മുഖപ്രസംഗം? അങ്ങനെയായിരിക്കും ആ പ്രസംഗത്തിന്റെ വരവ്. അതിന്റെ ഒരു ‘കരട്’ ചുവടേചേർക്കുന്നു.

മുഖപ്രസംഗത്തിനു മുകളിൽ മഹത്‌വാക്യമാണ് ആദ്യം നാം ശ്രദ്ധിക്കേണ്ടതു്. എന്താണതു്?

“മായനായ മനുഷ്യാ, മനോരമയിൽ വിശ്വസിക്കാത്തവനു രക്ഷയില്ല എന്തെന്നാൽ ജനകീയം അവളുടേതാകുന്നു. യാതനകളിൽ കൂടിയാണ് ജനകീയം നേടിയതു്. എന്നാൽ ആ യാതന സൃഷ്ടിച്ചതു മനോരമയാകുന്നു. യാതന അനുഭവിക്കാത്തവനു ജനകീയയുഗത്തിൽ സ്വർഗ്ഗമില്ല.”

ഇത്രയും മഹത്‌വാക്യം എഴുതിയതിനുശേഷം അതിന്റെ ചുവടെ മുഖപ്രസംഗം എഴുതുകയായി.

“അന്നു തിരുവിതാംകൂർ ഭരിച്ചിരുന്ന മൺറോസായിപ്പ് അതിബുദ്ധിമാനും വിശാലഹൃദയനുമായിരുന്നു. അദ്ദേഹം ക്രിസ്തുമതത്തിൽ ജനിച്ചു എങ്കിലും ഹിന്ദുമതോദ്ധാരണമായിരുന്നു അദ്ദേഹത്തിന്റെ മഹാവ്രതം. അന്നത്തെ തിരുവിതാംകൂറിലെ രാജാവു് ഇന്നത്തെപ്പോലെ തികച്ചും ഒരു ഹിന്ദുവായിരുന്നു. അന്നത്തെ ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളായിരുന്നു. അവർ ക്രിസ്തുമതവിശ്വാസികളും കൂടിയായിരുന്നു. ഇന്നതിനു പാടെ മാറിയിട്ടുണ്ടെന്ന വസ്തുത പരിതാപകരമാകുന്നതാണ്. അന്നത്തെ തിരുവിതാംകൂറിൽ ഭരണപരിജ്ഞാനം സിദ്ധിച്ച വല്ലവരുമുണ്ടായിരുന്നെങ്കിൽ അതു മൺറോസായിപ്പും അന്നത്തെ അംഗ്ലീ പരിമിതമായ പള്ളികളിലെ വൈദികന്മാരും മാത്രമായിരുന്നു. ഹിന്ദുക്കളുടെ വകയെന്നു പറയപ്പെടുന്ന ദേവസ്വം സ്വത്തുക്കൾ എല്ലാം നാനാവിധമായി കിടക്കുന്ന കാലമായിരുന്നു അതു്. അങ്ങനെ നാഥനില്ലാതെ കിടക്കുന്ന വസ്തുവകകൾ കണ്ടു കരളലിഞ്ഞു മൺറോസായിപ്പ് ദേവസ്വംഭരണം സർക്കാരിന്റെ അധീനതയിൽ കൊണ്ടുവന്നു. അന്നു രാജ്യംഭരിച്ചിരുന്ന ഒരു ക്രിസ്ത്യാനിയായ മൺറോതന്നെയാണ് ദേവസ്വവും ഭരിച്ചിരുന്നതു്. അന്നാരും അതിനെപ്പറ്റി അഭിപ്രായവ്യത്യാസമില്ലായിരുന്നു. ഇന്നു് അമ്പതുലക്ഷം അവകാശപ്പെടുവാൻതക്കരീതിയിൽ നമ്മുടെ ദേവസ്വത്തെ ഉയർത്തിക്കൊണ്ടുവന്നതു് ക്രിസ്ത്യാനിയായ മൺറോസായിപ്പും അദ്ദേഹത്തെ പിൻതുടർന്ന ക്രിസ്ത്യാനികളുൾപ്പെടെയുള്ള ദിവാൻമാരുമായിരുന്നു. ദേവസ്വംവക ഭൂമികൾ എല്ലാംതന്നെ അക്കാലത്തു ചതുപ്പുനിലങ്ങളായി കൃഷിക്കുപയുക്തമല്ലാത്ത മട്ടിൽ കിടക്കുകയായിരുന്നു. അതിന്റെ ഉടമവഹിച്ചിരുന്നതു് ഹിന്ദുക്കളായിരുന്നെങ്കിലും അവരാരുംതന്നെ കൃഷിക്കാരല്ലായിരുന്നു. അന്നത്തെയും എന്നത്തെയും കൃഷിക്കാരായ ക്രിസ്ത്യാനികൾ ഈ നിലങ്ങൾ വലിയ സംഖ്യ പാട്ടംനൽകി കൈവശം വാങ്ങി കൃഷിചെയ്തുവന്നു. അങ്ങനെ ഇന്നു് അമ്പതുലക്ഷം ആദായം ചോദിക്കുമാറു്, ദേവസ്വംവക ഭൂമികൾ പലപല ക്രിസ്ത്യാനികളുടെ പാട്ടഭൂമികളായി ഫലഭൂയിഷ്ഠമായിത്തീർന്നു. അന്നു സവർണ്ണരും അവർണ്ണരുമായി വലിയ അകൽച്ചയുണ്ടായിരുന്നു. തീണ്ടലും തൊടീലും അമ്പലത്തിൽ കടത്താതിരിക്കലുംമൂലം അവർണ്ണർ പൗരസ്ത്യമായി യാതന അനുഭവിച്ചുകൊണ്ടിരുന്നു. അന്നു സവർണ്ണർക്കു സഹായമായി ക്രിസ്ത്യാനികൾമാത്രമേ ഉണ്ടായിരുന്നുള്ളൂ. ക്രിസ്ത്യാനികളുടെ സഹായംമൂലം അന്നത്തെ ജന്മികൾ സുഖമായി കഴിഞ്ഞുവന്നു. അങ്ങനെ അക്കാലംതൊട്ട് ക്രിസ്ത്യാനികളുടെ അദ്ധ്വാനത്തിന്റെ ഫലം ഒരു ദേവസ്വംഫണ്ടിൽ കുമിഞ്ഞുകൂടിയിരുന്നു. ഇന്നു സ്വാതന്ത്ര്യം ലഭിക്കുകയും ജനകീയമന്ത്രിസഭയുണ്ടാകുകയും ചെയ്തപ്പോൾ ഒരു ദേവസ്വംബോർഡും അമ്പതുലക്ഷം രൂപായും മറ്റുമുണ്ടായി. ഭരിക്കാനറിയാവുന്ന മതാദ്ധ്യക്ഷന്മാരുടെ കുറവു് കൊണ്ടുമാത്രമാണ് ഇന്നു് ഈ ദേവസ്വംവടംവലി ഉണ്ടാവാൻ കാരണം. ഇന്നത്തെ ബോർഡിലെ അംഗങ്ങൾ തനി ഹിന്ദുക്കളും ഇതരമതവിദ്വേഷികളുമാണ്. ഹിന്ദുക്കളെയെല്ലാം സംഘടിപ്പിച്ചു ഒരേചരടിൽ കോർത്ത മണികളെപ്പോലെ നിറുത്തുവാൻ ഇവർ ശ്രമിക്കുന്നതു് ക്രിസ്ത്യാനികളോടെതിരിടാൻവേണ്ടി മാത്രമാണ്. മതസ്ഥാപനങ്ങൾ ഭരിക്കുവാൻ വിവരമുള്ള ഹിന്ദുക്കൾ ഉണ്ടാകുന്നകാലംവരെ ക്രിസ്തുമതാദ്ധ്യക്ഷന്മാരെ ദേവസ്വംബോർഡംഗങ്ങളാക്കുന്നതു രാജ്യത്തിനും വിശിഷ്യ ഹിന്ദുക്കൾക്കും ശ്രേയസ്കരമാണ്. അതിനു തയ്യാറാവാത്തകാലംവരെ നാട്ടിൽ മതവൈരികൾ കൂടുകയും പലപല വിപത്തുകൾക്കു കാരണമാകുകയും ചെയ്യും.

മതമേതായാലും ഭരണം നന്നാവണം. ഭരണം നന്നാവണമെങ്കിൽ ഭരണാധികാരികൾ പ്രാപ്തന്മാരായിരിക്കണം. ഭരണശേഷിയുള്ള മനുഷ്യനെ അവൻ ഏതുമതക്കാരനായാലും, ദേവസ്വംഭരണം ഏല്പിക്കുന്നതുത്തമമായിരിക്കും. ഇക്കാര്യത്തിൽ മുസ്ലീംമതക്കാരും മുന്നോട്ടുവരുകയില്ലെന്നു ഉറപ്പുള്ളതിനാൽ ക്രിസ്തുമതാദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുകയേ ഗത്യന്തരമുള്ളൂ. സർക്കാരിന്റെ അധീനതയിൽ ദേവസ്വം ഇരുന്ന കാലത്തോളം സർക്കാരിനെ നിയന്ത്രിച്ച ക്രിസ്തീയദിവാൻമാരും ആ ദേവസ്വത്തെ നിയന്ത്രിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം പകൽപോലെ വ്യക്തമാണ്. ദേവസ്വംവക ഭൂമികൾ ഇന്നും പല ക്രിസ്ത്യാനികൾ കൈവശംവച്ചനുഭവിക്കുന്നുണ്ട്. അതുകൊണ്ടു തിരുവിതാംകൂർ ദേവസ്വംകാര്യത്തിൽ തലയിടാൻ ഏതൊരു ക്രിസ്ത്യാനിക്കും അവകാശമുണ്ട്. എന്തെന്നാൽ ഭൂരിപക്ഷം ദേവസ്വംവക ഭൂമികൾ ഇന്നല്ലെങ്കിൽ ഇന്നലെ കൃഷിചെയ്തിരുന്നതു ക്രിസ്ത്യാനികളാണ്. അന്നു മൺറോസായിപ്പ് ഇതേറ്റുവാങ്ങിയില്ലായിരുന്നെങ്കിൽ ഇന്നു ദേവസ്വംഫണ്ടും ദേവസ്വംബോർഡും ഒന്നും ഉണ്ടാകുമായിരുന്നില്ല.

ഞങ്ങൾക്കു ഒന്നേ പറയാനുള്ളൂ. ഹിന്ദുമതം സുരക്ഷിതമാകണമെങ്കിൽ ഞങ്ങൾ നിർദ്ദേശിക്കുന്ന ഏതെങ്കിലും ഹിന്ദുക്കൾക്കായി ദേവസ്വം ഭരിക്കുവാൻ വിട്ടുകൊടുക്കുക. അല്ലെങ്കിൽ ഭരണപരിചയം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും ക്രിസ്ത്യൻമതാദ്ധ്യക്ഷനെ ദേവസ്വം ഏല്പിക്കുക. അല്ലെങ്കിൽ നമ്മുടെ രാജ്യം ഒരു ബംഗാളായിത്തീരുകയില്ല എന്നു ഞങ്ങൾ സംശയിക്കുന്നു.”

മീശാൻ

# ആഗതരോടുള്ള കടമ

പ്രൊഫസ്സർ, പി. എസ്. അച്യുതൻപിള്ള

ഒരുവന്റെ വീട്ടിലോ, ജോലിസ്ഥലത്തോ വരുന്നവരെ, അവർക്കു അപായങ്ങൾ നേരിടാതെ സൂക്ഷിക്കാനുള്ള ഗൃഹനാഥന്റെ കടമയനുസരിച്ച്, നാലുതരക്കാരായി, തരംതിരിക്കാവുന്നതാണ്. ൧. ഏല്പാടുകാർ, ൨. അതിഥികൾ, ൩. അനുവാദകർ, ൪. കയ്യേറ്റക്കാർ. ഇവരിൽ ഓരോ കൂട്ടരോടും വീട്ടുടമസ്ഥനുള്ള കടമ പ്രത്യേകം പ്രത്യേകം വ്യത്യസ്തപ്പെട്ടതാകുന്നു. ഏതെങ്കിലും ഏല്പാടനുസരിച്ച് തന്റെ വീട്ടിൽ വരുന്നവരോടുള്ള വീട്ടുടമസ്ഥന്റെ ബാദ്ധ്യത ഏറ്റവും കൂടുതൽതന്നെ. മറ്റു മൂന്നു കൂട്ടത്തിൽപെട്ടവരോടുള്ള അയാളുടെ കടമ ക്രമേണ പടിപടിയായി കുറഞ്ഞുകുറഞ്ഞു വരുന്നു. അതിഥിയോടുള്ള ബാദ്ധ്യതയിൽ കുറഞ്ഞു മാത്രമാണ് വീട്ടുടമസ്ഥനു തന്റെ അനുവാദകനോടുള്ളതു്. ഒടുവിലത്തെ പടിയിൽ നിൽക്കുന്ന കയ്യേറ്റക്കാരനോടു, വീട്ടുടമസ്ഥനു മിക്കവാറും യാതൊരു ബാദ്ധ്യതയുമില്ലെന്നുതന്നെ പറയാം.

അവനവന്റെ കൈവശത്തിലിരിക്കുന്ന സ്ഥലത്തു്, പ്രത്യേക കരാറുകളനുസരിച്ചാഗതരാകുന്ന ആളുകൾക്കു അപായങ്ങൾ നേരിടാതെ സൂക്ഷിക്കാനുള്ള ചുമതല ഗൃഹനാഥനുണ്ടു്. സാമാന്യബുദ്ധിക്കനുസരണമായ രീതിയിൽ വേണ്ട ശ്രദ്ധപതിപ്പിച്ച് ആ സ്ഥലം ആഗതനു സുരക്ഷിതമാക്കിത്തീർക്കേണ്ട കടമയിൽനിന്നു അയാൾക്കു ഒഴിയുവാൻ നിയമം അനുവദിക്കുന്നതല്ല. ഉദാഹരണമായി ഇംഗ്ലണ്ടിൽ നടന്ന ഒരു കേസ്സ് ഉദ്ധരിക്കാം. ഫ്രാൻസിസ്സ് അഭി കോക്രെൽ എന്ന ആ കേസ്സിൽ പ്രതികൾ ഒരു വലിയ കുതിരപ്പന്തയം നടത്തി. പ്രവേശനം ടിക്കറ്റുമൂലമായിരുന്നു. വാദി, നിശ്ചിതവില കൊടുത്തു ഒരു ടിക്കറ്റുവാങ്ങി ഗ്യാലറിയിൽ ഇരുന്നു് കുതിരപ്പന്തയംകണ്ടുകൊണ്ടിരിക്കേ, പെട്ടെന്നു പലകപൊളിഞ്ഞു നിലംപതിച്ചു. തന്മൂലം വാദിക്കു സാരമായ പരുക്കുകൾ പറ്റി. ഈ അപകടത്തിനു യഥാർത്ഥകാരണം ബലമില്ലാത്ത പലകകൾ ചേർത്തുവച്ചു ഗാലറി നിർമ്മിച്ചതുകൊണ്ടായിരുന്നു. ഗാലറി നിർമ്മാണജോലി പ്രതികൾ നേരിട്ടല്ലനിർവ്വഹിച്ചിരുന്നതു്. പ്രതികൾ മറ്റുകൺട്രാക്റ്റർമാരെ അവർ ആ ജോലി ഭരമേല്പിച്ചിരുന്നു. അവരുടെ സൂക്ഷ്മക്കുറവുകൊണ്ടാണു ഈ അത്യാഹിതത്തിനു സംഗതിയായതു്. തനിക്കു നേരിട്ട മുറിവിനും ചതവിനും മറ്റുമായി വാദി കൊണ്ടുവന്ന നഷ്ടവ്യവഹാരത്തിൽ പ്രതികളുടെ തക്കം, തങ്ങളുടെ കീഴിലുണ്ടായിരുന്ന കൺട്രാക്റ്റർമാരുടെ കുറ്റത്തിനു തങ്ങളെ ഉത്തരവാദികളാക്കരുതെന്നായിരുന്നു. പ്രതികളുടെ തക്കം തള്ളിക്കൊണ്ടു മെണ്ടേഗ്രസ്മിത്ത് എന്ന ആംഗ്ലേയന്യായാധിപൻ പ്രസ്താവിച്ച ജഡ്ജിമെന്റിൽ, പ്രതികൾ തങ്ങൾ വിറ്റ ടിക്കറ്റു മുഖാന്തിരം വാദിയുമായി ഒരു കരാറിൽ ഏർപ്പെട്ടുകയായിരുന്നെന്നും ആ കരാറനുസരിച്ചു വാദിക്കു ഇരിക്കുവാനുള്ള സ്ഥലം സുരക്ഷിതമാക്കിത്തീർക്കേണ്ട ചുമതലയവർക്കുണ്ടായിരുന്നെന്നും ഈ ചുമതലയെ അവർ ലംഘിച്ചിരിക്കുന്നതായും തന്മൂലം അവർ നഷ്ടോത്തരവാദിത്വം ചെയ്യേണ്ടതാണെന്നും രേഖപ്പെടുത്തിക്കാണുന്നുണ്ടു്. ഇംഗ്ലണ്ടിൽതന്നെ നടന്ന മാക്ക്‌ലെനാൻ അഭി സെഗാർ എന്ന മറ്റൊരു കേസ്സിലെ വാദിയായ സ്ത്രീ, പ്രതിയുടെ വക ഹോട്ടലിൽ രണ്ടാംനിലയിൽ ഒരു മുറിവാടകയ്ക്കെടുത്തു് താമസിക്കുകയായിരുന്നു. ഒരു ദിവസം അർദ്ധരാത്രിക്കു ആ ഹോട്ടലിനു തീപിടിച്ചു. കാരണം അടുക്കളയിൽ പാചകക്കാരന്റെ സൂക്ഷ്മക്കുറവല്ലാതെ മറ്റൊന്നുമായിരുന്നില്ല. പരിഭ്രാന്തചിത്തയായ വാദി, തന്റെ കിടക്കയും മറ്റു വസ്ത്രങ്ങളും എല്ലാം ഏച്ചുകെട്ടി ഒരു കയറാക്കി അതിന്റെ ഒരറ്റം ജന്നൽപ്പടിയിൽ കെട്ടി, മറ്റെ അറ്റത്തിൽ തൂങ്ങി ജന്നലിൽകൂടി രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷെ കയറിൽ തൂങ്ങി കീഴോട്ടുള്ള അവരുടെ പ്രയാണത്തിനിടയിൽ, നിർഭാഗ്യവശാൽ അവർ മോഹാലസ്യപ്പെട്ടു നിലത്തു വീഴുന്നതിനു സംഗതിയായി. ഹോട്ടൽ ഉടമസ്ഥന്റെ പേരിൽ ഈ സ്ത്രീ കൊടുത്ത നഷ്ടവ്യവഹാരത്തിൽ വാദിക്കു നേരിട്ട അപായങ്ങൾക്കു വ്യക്തിപരമായി തങ്ങൾ നേരിട്ടു് ഉത്തരവാദികളല്ലെന്നു പ്രതികൾ തക്കിക്കാതിരുന്നില്ല. പക്ഷെ, അവരുടെ തക്കങ്ങളെ തള്ളി വാദിക്കു അനുകൂലമായ വിധിയാണു കോർട്ടിൽനിന്നും നൽകിയതു്. ഈ കേസ്സുവിധികളിൽനിന്നും ഒരു തത്വം വ്യക്തമാകുന്നുണ്ടു്. ആയതു് ഒരുവന്റെ കളിസ്ഥലത്തോ വ്യാപാരസ്ഥലത്തോ, കരാറനുസരിച്ചു ആഗതരാകുന്നവർ, അവരവർക്കു നേരിട്ട ദേഹാപായത്തിനുവേണ്ടി കൊണ്ടുവരുന്ന അന്യായങ്ങളിൽ, പ്രതികൾ, വ്യക്തിപരമായ തങ്ങളുടെ ഉപേക്ഷയ്ക്കു മാത്രമല്ല, പിന്നെയോ, താന്താങ്ങളുടെ കീഴിലുള്ള സ്വതന്ത്ര കൺട്രാക്റ്റർമാരുടെ കുറ്റങ്ങൾക്കും ഉത്തരവാദം വഹിക്കേണ്ടിവരുമെന്നുള്ളതുതന്നെയാകുന്നു.

അടുത്തതായി ഗൃഹനാഥനു തന്റെ അതിഥിയോടുള്ള കടമയെന്തെന്നു് നമുക്കു പരിശോധിക്കാം. ഗൃഹനാഥന്റെ ആവശ്യത്തിലേയ്ക്കു വീട്ടിലേയ്ക്കു ക്ഷണിക്കപ്പെടുന്നവരെല്ലാം നിയമദൃഷ്ട്യാ അതിഥിവർഗ്ഗത്തിൽപ്പെടുന്നവരാണ്. മൂന്നാംഗ്രൂപ്പിൽപ്പെട്ട അനുവാദകനും അതിഥിയുംതമ്മിലുള്ള വ്യത്യാസം; അനുവാദകൻ അയാളുടെ കാര്യത്തിനുമാത്രമായി ഗൃഹനാഥന്റെ സ്ഥലത്തു പ്രവേശിക്കുന്നുവെന്നുള്ളതാകുന്നു. എന്റെ പുരയിടത്തിൽ അല്ലെങ്കിൽ പുരയിൽക്കൂടി കടന്നുപോകുവാൻ മറ്റൊരുവനെ ഞാനനുവദിക്കുന്നുവെങ്കിൽ അയാൾ വെറും അനുവാദകൻമാത്രമാണെന്നുള്ളതിൽ സംശയമില്ല. അയാളുടെ പ്രവേശനംകൊണ്ടു് എനിക്കൊരു കാര്യസാദ്ധ്യവുംവരുവാനില്ലതന്നെ. നേരെമറിച്ച് എന്റെവീട്ടിലെ ഒടിഞ്ഞുപോയ ഒരു കട്ടിൽ നന്നാക്കുവാൻ ഞാൻ ഒരു ആശാരിയെ വിളിച്ചു വരുത്തിയെങ്കിൽ, ആ ആശാരി എന്റെ അതിഥിയാണ്. അയാൾ എന്റെ വീട്ടിൽ ആഗതനായിരിക്കുന്നതു പ്രധാനമായും എന്റെ കാര്യത്തിനുവേണ്ടിയാകുന്നു. തന്റെജോലിക്കു കൂലി കിട്ടുമെന്നുള്ളതിനാൽ ആശാരിക്കും എന്റെ വീട്ടിൽവരുന്നതിനു താല്പര്യമില്ലാതില്ല. ഇപ്രകാരം ഗൃഹനാഥനും ക്ഷണിതനും ഒരുപോലെ താല്പര്യമുള്ള കാര്യങ്ങളുടെ നിർവ്വഹണത്തിനായി വരുന്നവരെയെല്ലാം ഗൃഹനാഥന്റെ അതിഥികളായി ഗണിക്കപ്പെടേണ്ടവരാണ്. ഇപ്രകാരം വീട്ടിൽവരുന്നവർക്കു്, വീട്ടുടമസ്ഥന്റെ അറിവിൽപ്പെട്ടതോ, അയാൾ അറിഞ്ഞിരിക്കേണ്ടതോ ആയ അസാധാരണഅപകടങ്ങളിൽനിന്നും രക്ഷനൽകേണ്ടതു വീട്ടുടമസ്ഥന്റെ ധർമ്മമാകുന്നു. ഉദാഹരണമായി ഗൃഹാന്തർഭാഗത്തു് ഇരുട്ടുമുറിയിൽ സ്ഥിതിചെയ്യുന്ന അറയുടെ വാതൽ നന്നാക്കാൻവന്ന ആശാരിക്കു്, അയാൾ കടന്നുപോകേണ്ട നിലവറയുടെ ഇളകിയ പലകയിൽനിന്നും കാലുതെറ്റി താഴെവീണു് ഉപദ്രവമുണ്ടാകാതെസൂക്ഷിക്കേണ്ടതു വീട്ടുടമസ്ഥന്റെ കടമയല്ലേ? എന്നാൽ ആശാരിയും, ആത്മരക്ഷയ്ക്കു്, ഒരു സാധാരണമനുഷ്യൻ പ്രവർത്തിക്കുന്നവിധത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ആഗതൻ ആത്മരക്ഷയ്ക്കു ന്യായയുക്തമായവിധത്തിൽ വേണ്ട ശ്രദ്ധയെടുക്കുമ്പോൾ, അയാൾക്കു് ആ വീട്ടിൽവച്ചു്, അസാധാരണമായ അപകടങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു് ആതിഥേയന്റെ കടമയാകുന്നു. ഈ തത്വം ഇൻഡർമോർ അഭി ഡെയിംസ് എന്ന സുപ്രസിദ്ധ ഇംഗ്ലീഷ് വിധിയിൽ വിൽസ് എന്ന ന്യായാധിപൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ആ കേസ്സിൽ വാദിക്കു്, പ്രതിയുടെവക പ്രധാ സാരശുദ്ധീകരണയന്ത്രം നന്നാക്കുവാനായിപ്പോയ അവസരത്തിൽ, ആ യന്ത്രശാലയിൽഉണ്ടായിരുന്ന ഒരു കുഴിയിൽവീണു വലിയ പരുക്കുകൾപറ്റി. പ്രതി ഒരു വലിയസംഖ്യ നഷ്ടപരിഹാരമായി വാദിയായ ഗ്യാസ്‌യന്ത്രപ്പണിക്കാരനു കൊടുക്കേണ്ടിവന്നു. യന്ത്രശാലയിലെ കിണറുപോലുള്ള കുഴി ഒരു അസാധാരണഅപകടവസ്തുവായിരുന്നെന്നും അതിൽനിന്നും വാദിയെ രക്ഷിക്കേണ്ട ചുമതല പ്രതിക്കുണ്ടായിരുന്നെന്നും ജഡ്ജി അഭിപ്രായപ്പെട്ടാണു് വാദിക്കനുകൂലമായ വിധി നൽകിയതു്.

ഒരു കടയിൽഇരുന്നു കച്ചവടംനടത്തുന്ന ഷാപ്പുടമസ്ഥൻ, സാമാനങ്ങൾവാങ്ങാൻവരുന്നവരെ തന്റെ അതിഥികളായി ഗണിക്കേണ്ടതാണ്. ഷാപ്പു് ഇരിക്കുന്ന സ്ഥലത്തുവച്ചു് ആഗതനു്, അസാധാരണമായ അപകടങ്ങൾനേരിടാതെ അയാൾ പ്രത്യേകം സൂക്ഷിക്കണം. തന്റെ കടയുടെ മുൻവശത്തുള്ള ഇളകിയ പലകകൾമൂലമോ കല്ലുകൾമൂലമോ, സാമാനംവാങ്ങാൻവരുന്നയാളുകൾക്കു് അപായമൊന്നുമുണ്ടാകാതെ സൂക്ഷിക്കേണ്ടതു് അയാളുടെ സ്വാഭാവികധർമ്മംമാത്രമല്ലേ?

ഇതുപോലെതന്നെ, റയിൽവേ അധികൃതന്മാർ, തങ്ങളുടെ സ്റ്റേഷൻപരിസരങ്ങളിൽ യാത്രക്കാരായുംമറ്റും വരുന്നവരെ അതിഥികളായി ഗണിക്കേണ്ടതെന്നാണ് പല പ്രധാനപ്പെട്ട വിധികളിൽനിന്നും മനസ്സിലാക്കേണ്ടതു്. ഡാ: ആർ. പി. ഘോഷും ബംഗാൾ ആൻഡ് നോർത്ത്‌വെസ്റ്റേർൺ റയിൽവേകമ്പനിയുമായി ൧൯൩൨-ൽ നടന്ന ഒരു കേസ്സിൽ, ജഡ്ജിമാരായ മെസ്സേഴ്സ് ഫാസിൽആലിയും വർമ്മായും ഈ അഭിപ്രായം സ്വീകരിച്ചുകാണുന്നു. ഈ കേസ്സിൽ ഡാക്ടർ ഘോഷിനു്, താൻ ടിക്കറ്റു വാങ്ങിയശേഷം ധൃതിയിൽ ട്രെയിൻകയറാനായിപ്പോയപ്പോൾ പ്ലാറ്റുഫാറത്തിൽ ഉണ്ടായിരുന്ന ഒരു ചെറിയ വിടവിൽ കാലുതട്ടിവീണു് സാരമായ മുറിവുകൾ പറ്റി. തനിക്കു നേരിട്ട ദേഹോപദ്രവത്തിനുവേണ്ടി ഡാക്ടർ വ്യവഹാരപ്പെട്ടു. കമ്പനിക്കാർ ഒരു വലിയ സംഖ്യ നഷ്ടപരിഹാരം നൽകുവാൻ ജഡ്ജിമാർ വിധിച്ചു. ഡാക്ടരുടെ പരിശ്രമം ആത്മരക്ഷാരാഹിത്യലക്ഷണമായി സ്വീകരിക്കേണ്ടതാണെന്നുള്ള കമ്പനിക്കാരുടെ തക്കത്തെ കോടതി സ്വീകരിച്ചില്ല.

ഇംഗ്ലണ്ടിൽ കഴിഞ്ഞ വർഷത്തിൽ (൧൯൪൯) നടന്ന മറ്റൊരു കേസ്സിലും, റയിൽവേസ്റ്റേഷനിൽ ആഗതരാകുന്നവരെ, സ്റ്റേഷനധികാരികളുടെ അതിഥികളായിട്ടാണു് ഗണിച്ചുകാണുന്നതു്. ഈ കേസ്സിൽ, മാസ്റ്റർ സ്റ്റൂവെൽ എന്ന ആൾ, ട്രെയിൻവഴി കുഞ്ഞുങ്ങളോടും കുട്ടികളോടുംകൂടി ദൂരദേശത്തുനിന്നും വരുന്ന തന്റെ മകളെ സ്വീകരിക്കാനായി റെയിൽവേസ്റ്റേഷൻ പ്ലാറ്റുഫോറത്തിൽപോയി നില്ക്കുകയായിരുന്നു. ട്രെയിൻ സാധാരണയായി ആ സ്റ്റേഷനിൽ സ്വല്പസമയംമാത്രമേ നില്ക്കുകപതിവുണ്ടായിരുന്നുള്ളു. മി: സ്റ്റൂവെൽ പതിവുപോലെ ട്രെയിൻസ്റ്റേഷനിൽവന്നു് ആകാംക്ഷയോടു തന്റെ മകളെ കാണുവാനായി കമ്പാർട്ടുമെന്റുകളിൽ കണ്ണോടിച്ചു. മകളെ കണ്ടില്ല. അടുത്ത നിമിഷത്തിൽ വണ്ടി നീങ്ങുമെന്നുള്ള നിലയുമായി. പരിഭ്രാന്തചിത്തനായ പിതാവ്, ട്രെയിനിന്റെ ഓരോ കമ്പാർട്ടുമെന്റും നോക്കിക്കൊണ്ടു് ധൃതഗതിയിൽ പ്ലാറ്റുഫാറത്തിൽകൂടി മുന്നോട്ടുനീളെ ഓടാൻ തുടങ്ങി. അവിടെ ഒരുഭാഗത്തു കുറച്ചു എണ്ണ വീണിരുന്നു. പ്ലാറ്റുഫോറത്തിൽകൂടി ധൃതിയായി ഗമിച്ചുകൊണ്ടിരുന്ന മി. സ്റ്റൂവെൽ എണ്ണയിൽ ചവുട്ടി പെട്ടെന്നു ഉരുണ്ടു താഴെവീണു. തനിക്കു നേരിട്ട ദേഹാപായങ്ങൾക്കായി മി. സ്റ്റൂവെൽ റയിൽവേ എക്സിക്യൂട്ടീവ് അധികാരികളുടെമേൽ വ്യവഹാരപ്പെട്ടു. വാദിയെ തങ്ങളുടെ അതിഥിയായി കണക്കാക്കുവാൻ പാടില്ലെന്നുള്ള റയിൽവേ അധികാരികളുടെ തക്കത്തെ നിരാകരിച്ചുകൊണ്ടു് കോർട്ടിൽനിന്നും പ്രസ്താവിച്ചതു്; പ്രതികളുടെവക ട്രെയിനിൽവന്നിറങ്ങുന്ന ആളുകളുടെ സാമാനങ്ങളും മറ്റും എത്രയും വേഗത്തിൽ പ്ലാറ്റുഫോറത്തിൽനിന്നും മാറ്റേണ്ട ചുമതല നിരാക്ഷേപമായി റയിൽവേ അധികാരികളിൽ സ്ഥിതിചെയ്യുന്നുവെന്നും ആ കൃത്യനിർവ്വഹണത്തിൽ പ്ലാറ്റുഫോറത്തിൽ വാദിയെപ്പോലുള്ള ആളുകളുടെ സാന്നിദ്ധ്യവും സഹകരണവും അത്യന്താപേക്ഷിതമെന്നും തന്മൂലം വാദിക്കും പ്രതിക്കും താല്പര്യമുള്ള കാര്യത്തിനായിട്ടാണു വാദി പ്ലാറ്റുഫോറത്തിൽ ആഗതനായതെന്നും അതിനാൽ വാദിയെ റയിൽവേ അധികാരികളുടെ അതിഥിയായി ഗണിക്കേണ്ടതാണെന്നുമായിരുന്നു. പ്ലാറ്റുഫോറത്തിൽ ഉണ്ടായിരുന്ന എണ്ണ; പരിതഃസ്ഥിതിയിൽ ഒരു അസാധാരണ അപകടവസ്തുവാണെന്നും ന്യായാധിപർ അഭിപ്രായപ്പെട്ടു. വണ്ടിയിലുള്ള ആളുകളേനോക്കിക്കൊണ്ടു, ധൃതഗതിയിൽ പ്ലാറ്റുഫാറത്തിൽകൂടി നടന്നുപോകുന്ന ഒരാൾ, ഓരോ കാൽച്ചുവടു വയ്ക്കുന്നതും തന്റെ മുൻവശം പരിശോധിച്ചിട്ടുവേണമെന്നു പറയുന്നതു സാമാന്യബുദ്ധിക്കു യോജിച്ചതല്ല. റയിൽവേ വേലക്കാരുടെ ഉപേക്ഷമൂലമാണ്, പ്ലാറ്റുഫോറത്തിൽ എണ്ണ കെട്ടിക്കിടക്കുന്നതിനിടയായതു്. പ്ലാറ്റുഫാറത്തിൽ ഇപ്രകാരം ഒരു അപകടനില ഉണ്ടായിരിക്കുമെന്നു് വാദിക്കു് സംശയിക്കുവാൻ തക്ക കാരണങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഈ പരിതഃസ്ഥിതികളിൽ റയിൽവേഅധികൃതർ, വാദിക്കു നഷ്ടം കൊടുക്കേണ്ടതാണെന്നു ജഡ്ജിമാർ വിധിച്ചതു് എത്രയും ന്യായയുക്തമെന്നേപറയേണ്ടു.

രോഗികളെ അന്വേഷിച്ചു് ആശുപത്രിയിൽ പോകുന്നവരേയും അതിഥിവർഗ്ഗത്തിലാണുൾപ്പെടുത്തിയിട്ടുള്ളതു്. വൈഗാൾ, അഭി, വെസ്റ്റ്മിനിസ്റ്റർ ഹോസ്പിറ്റൽ എന്ന കേസ്സിലെ വാദിയായ സ്ത്രീ; ആശുപത്രിയിൽ പേവാർഡിൽ രോഗിയായി കിടന്നിരുന്ന തന്റെ പുത്രനെക്കാണാനായിപോയ അവസരത്തിൽ, മാർബിൾതറയിൽ സൂക്ഷ്മമില്ലാതിട്ടിരുന്ന പായിൽ തട്ടി തെറ്റിവീണുമുറിവുകൾപറ്റി. തനിക്കു നേരിട്ട ദേഹാപായങ്ങൾക്കു് ആശുപത്രി അധികാരികളുടെമേൽ കൊടുത്ത വ്യവഹാരത്തിൽ സ്ത്രീയ്ക്കു നഷ്ടപരിഹാരം ലഭിച്ചു. വാദിയെ, പ്രതികളുടെ അതിഥിയായിട്ടാണ് കോർട്ടിൽനിന്നും കണക്കാക്കിയതു്. ഈതത്വംതന്നെമൂന്നുനാലുമാസങ്ങൾക്കുമുൻപുമാത്രം റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള ജെന്നിംഗ്സ് അഭി കോൾ എന്ന കേസ്സിലും സ്വീകരിച്ചു കാണുന്നു. ഒരു ഭർത്താവും ഭാര്യയുംമാത്രം ഒരു വീട്ടിൽ താമസിച്ചുവരവേ, ഭാര്യ സുഖക്കേടുപിടിപെട്ടു ശയ്യാവലംബിയായിത്തീർന്നു. ഭർത്താവിനു് ഒരു ദിവസം ഒരത്യാവശ്യക്കാര്യംപ്രമാണിച്ചു് വീട്ടിനുപുറമേ പോകേണ്ടിവന്നു. തദവസരത്തിൽ ഭർത്താവു് തന്റെ അയൽവാസിയായ മറ്റൊരു സ്ത്രീയെ വിളിച്ചു്, താൻ വീട്ടിലില്ലാതിരിക്കുമ്പോൾ രോഗിണിയായ തന്റെ ഭാര്യയെക്കൂടെ ശുശ്രൂഷിക്കണമെന്നാവശ്യപ്പെട്ടു. അതനുസരിച്ചു് അവർ വീട്ടിൽവന്നപ്പോൾ, അവിടെയുള്ള മിനുസപ്പടിയിൽ ഇട്ടിരുന്ന കാർപെററിൽ കാലുതട്ടി ഉരുണ്ടുവീണു. മുറിവുകളും ചതവുകളും ഏറ്റു. അവർ രോഗിണിയുടെ ഭർത്താവിന്റെ പേരിൽ കൊടുത്ത വ്യവഹാരത്തിൽ, ഈ അയൽവാസിസ്ത്രീയെ വീട്ടുടമസ്ഥന്റെ അതിഥിവർഗ്ഗത്തിലാണ് കോർട്ടിൽനിന്നും ഉൾപ്പെടുത്തിയതു്. എന്നാൽ ആ കാർപ്പെറ്റ് ഒരു അസാധാരണ അപകടവസ്തുവല്ലെന്നുള്ള കാരണത്താൽ കോടതിയിൽനിന്നും അന്യായം തള്ളി വിധിച്ചു. വാദി, സംഭവദിനത്തിനു മുൻപു് അനേകപ്രാവശ്യങ്ങളായി ആ വീട്ടിലെ

> അവനവന്റെ കൈവശത്തിലിരിക്കുന്ന സ്ഥലത്തു്, പ്രത്യേക കരാറുകളനുസരിച്ചാഗതരാകുന്ന ആളുകൾക്കു് അപായങ്ങൾ നേരിടാതെ സൂക്ഷിക്കാനുള്ള ചുമതല ഗൃഹനാഥനുണ്ടു്. സാമാന്യബുദ്ധിക്കനുസരണമായ രീതിയിൽ വേണ്ട ശ്രദ്ധപതിപ്പിച്ചു് ആ സ്ഥലം ആഗതനു സുരക്ഷിതമാക്കിത്തീർക്കേണ്ട കടമയിൽനിന്നു അയാൾക്കു ഒഴിയുവാൻ നിയമം അനുവദിക്കുന്നതല്ല. സുപ്രസിദ്ധമായ അനേകം വിധിസാരങ്ങൾ ഉദ്ധരിച്ചുകൊണ്ടു പ്രജായത്തഭരണത്തിലുള്ള നീതിന്യായവ്യവസ്ഥിതിയെ ലാ-പ്രൊഫസ്സർ വിശദീകരിക്കുന്നു. ആ നിയമഗതിയെ അദ്ദേഹം ഇങ്ങനെ ചുരുക്കുന്നു:—ആയതു് ഒരുവന്റെ കളിസ്ഥലത്തോ, വ്യാപാരസ്ഥലത്തോ, കരാറനുസരിച്ചു ആഗതരാകുന്നവർ, അവരവർക്കു നേരിട്ട ദേഹാപായത്തിനുവേണ്ടി കൊണ്ടുവരുന്ന അന്യായങ്ങളിൽ പ്രതികൾ വ്യക്തിപരമായ തങ്ങളുടെ ഉപേക്ഷയ്ക്കു മാത്രമല്ലാ, പിന്നെയോ താന്താങ്ങളുടെ കീഴിലുള്ള സ്വതന്ത്ര കൺട്രാക്റ്റർമാരുടെ കുറ്റങ്ങൾക്കും ഉത്തരവാദംവഹിക്കേണ്ടിവരുമെന്നുള്ളതു തന്നെയാകുന്നു.


# പ്രണയപ്രതീകാരം

എൻ. ബാപ്പുറാവു ബി. ഏ., ബി. എൽ.

സുശീലനും ധനാഢ്യനുമാണ് കഥാനായകൻ. നായികയോ നിർദ്ധനയായ
ഒരു സാധ്വസ്ത്രീ. പ്രാണാധികപ്രിയനെന്നു ഭാവിച്ചു പത്നിയാൽ
ഉപകരിക്കപ്പെട്ടുവന്ന നായകൻ മസൂരിയിൽപ്പെട്ടു
മരണമടയുന്നു. ദൈവഗത്യാ
രക്ഷപെട്ടു്
അടുത്തദിവസംരാത്രി സ്വഗൃഹ
ത്തിൽവരുമ്പോൾ അവിടെനടക്കുന്ന ഒരു പ്രണയ
രംഗവും തന്നെപ്പററിയുള്ള നിന്ദാവചനങ്ങളും നേരിൽ ബോദ്ധ്യ
പ്പെട്ടു പ്രണയപ്രതീകാരം നടത്തുന്നു. ... ... ... വില രൂ. 1. ണ. 8.

മാനേജർ ❋ ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ ❋ കൊല്ലം.

ഒരു നിത്യപരിചയക്കാരി ആയിരുന്നുവെന്നും ആ വീട്ടുപടിയിൽ ഇട്ടിരുന്ന കാർപ്പെററ് വാദിയെസംബന്ധിച്ചിടത്തോളം ഒരു അസാധാരണ അപകടവസ്തുവായി ഗണിക്കുവാൻ പാടില്ലെന്നാണ് കോടതിയിൽനിന്നും അഭിപ്രായപ്പെട്ടതു്. ചകരിമെത്തകളും കാർപ്പെററുകളും വീടുകളിൽ സാധാരണമായി കാണാറുള്ളതാണ്. ഏതെങ്കിലും വീട്ടിൽ സാധാരണ വരുന്നയൊരാളിന്, അവിടെയുള്ള കാർപ്പെററും, ചകരിമെത്തയുംമററും അസാധാരണവസ്തുക്കളാകാനിടയില്ല. വീട്ടുടമസ്ഥൻ ആഗതനോടുത്തരവാദിത്വം ചെയ്യേണ്ടതെങ്കിൽ, രണ്ട്, പ്രധാനസംഗതികൾ ആഗതൻ തന്റെ വ്യവഹാരത്തിൽ സ്ഥാപിച്ചിരിക്കേണ്ടതാകുന്നു. ഒന്ന് അയാൾ അതിഥിവർഗ്ഗത്തിൽപെട്ട ആളായിരിക്കണം. രണ്ട് അയാൾക്കുനേരിട്ട ആപത്തു്, വീട്ടിലുണ്ടായിരുന്ന ഏതെങ്കിലും അസാധാരണ വസ്തുവിൽ നിന്നുത്ഭൂതമായിരിക്കണം. ഈ കേസ്സിൽ വാദിയെ അതിഥിവർഗ്ഗത്തിലുൾപ്പെടുത്തിയിരുന്നെങ്കിലും അയാൾക്കുനേരിട്ട ആപത്തു്, അസാധാരണവസ്തുവിൽനിന്നായിരുന്നില്ല എന്നു കാരണത്താൽ അയാളുടെ അന്യായം തള്ളപ്പെടുകയാണുണ്ടായതു്.

കൺട്രാക്ടർമാർ, അതിഥികൾ, അനുവാദകർ, കയ്യേററക്കാർ എന്നീ നാലുജാതിക്കാർക്കുപുറമേ, മററൊരുജാതിയെക്കൂടെ സൃഷ്ടിക്കുവാനൊരു ശ്രമം ഈയിടെ ഇംഗ്ലണ്ടിൽ നടന്നു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ ചാതുർവർണ്യവിഭാഗത്തിനു് തുല്യമുള്ള മുൻ നാലുവർഗ്ഗങ്ങൾക്കുപുറമേ, "അവകാശികൾ" എന്നൊരു പുതിയ പഞ്ചമവർഗ്ഗത്തെ നിയമലോകത്തു് സൃഷ്ടിക്കാനാണ് ആംഗ്ലേയാഭിഭാഷകർ ശ്രമിച്ചതു്. ഏതെങ്കിലും വീട്ടിൽ അവിടെയുള്ള ഒരാളിനെ അറസ്റ്റ് ചെയ്യാൻ വാറണ്ടുസഹിതം പ്രവേശിക്കുന്ന കാൺസ്റ്റബിൾ, ആ വീട്ടിൽ പ്രവേശിക്കുവാൻ നിയമപ്രകാരം അവകാശപ്പെട്ടയാളാകുന്നു. അതുപോലെതന്നെ പൊതുവിശ്രമസ്ഥലത്തു് പബ്ളിക്ക്പാർക്കിൽ കാററുകൊള്ളാനായി പോകുന്നയാളും അവിടെ പ്രവേശിക്കുവാൻ അവകാശമുള്ളയാൾതന്നെയാണ്. ഇങ്ങനെയുള്ളവരെ "അവകാശികൾ" എന്നൊരു പ്രത്യേകവർഗ്ഗക്കാരാക്കിത്തിരിക്കണമെന്നായിരുന്നു ചില ഇംഗ്ലീഷ്കേസ്സുകളിലെ വക്കീലന്മാരുടെ ശക്തിയായ വാദം. എന്നാൽ അധികൃത ഇംഗ്ലീഷ്കോടതികളിലെ ജഡ്ജിമാർ ഈ വാദത്തിനു് വഴങ്ങിക്കൊടുത്തില്ല. നിയമലോകത്തിൽ വർഗ്ഗങ്ങളുടെയും ജാതികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതു് സമുദായത്തിലെന്നപോലെതന്നെ അനാവശ്യമായി മത്സരത്തിനും അനാചാരങ്ങൾക്കും ഇടയാക്കുമെന്നുകണ്ടു്, ആ പണ്ഡിതപ്രാഡ്വിപാകന്മാർ വക്കീലന്മാരുടെ ആ ശ്രമത്തെ നിരുത്സാഹപ്പെടുത്തുകയാണു ചെയ്തതു്. ഒരു കേസ്സിൽ ലോർഡ് ചാൻസലറായ ഹെയിൻഷാംപ്രഭു പറഞ്ഞതു് "ദയവുചെയ്തു് വർഗ്ഗങ്ങളുടെ എണ്ണം കൂട്ടരുത്" എന്നാണ്. "നമുക്കിപ്പോൾതന്നെ നാലുവർഗ്ഗങ്ങൾ ഉണ്ട്. ഇംഗ്ലീഷ്നിയമത്തിൽ ഇതുവരെ കൺട്രാക്ടർമാർക്കുപുറമെ, അതിഥികൾ, അനുവാദകർ, കയ്യേററക്കാർ എന്നീ മൂന്നുവർഗ്ഗക്കാരെപ്പററി മാത്രമേ കേട്ടിട്ടുള്ളു. കൂട്ടലായി മററൊരുവർഗ്ഗക്കാരെക്കൂടിസൃഷ്ടിച്ചാൽ അതു് കൂടുതൽ കുഴപ്പത്തിനു് ഇടയാക്കും. വീട്ടിൽവരുന്നവരെയെല്ലാം കഴിയുന്നതും ഈ നാലുവർഗ്ഗത്തിൽ ഒന്നിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണുന്നു". എന്നിപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണസാരം. ഈ വാദഗതി; ജാതിമൂലം വലയുന്ന ഭാരതഭൂമിയിലെ ജഡ്ജിമാർക്ക് സ്വീകാര്യയോഗ്യമായിരിക്കുമല്ലോ. ഗ്ലാസ്ഗോ കോർപ്പറേഷന്റെ ഭരണമുറയിലിരുന്ന ഒരു പബ്ളിക്കപാർക്കിൽ പ്രവേശിച്ച് ദേഹാപായം നേരിട്ട ഒരാളിനെ, അതിഥിവർഗ്ഗത്തിലാണ് ഇംഗ്ലീഷ് ജഡ്ജിമാർ ഉൾപ്പെടുത്തിയതു്. കോർപ്പറേഷന്റെ അധികാരത്തിൽപ്പെട്ട സ്ഥലത്തു് താമസിക്കുന്ന പൗരന്മാർക്ക് ആരോഗ്യമുണ്ടായിരിക്കേണ്ടതു് സ്ഥലവാസികൾക്കുപുറമെ കോർപ്പറേഷന്റെയും ആവശ്യമാണെന്നും തന്മൂലം പാർക്കിൽ ആരോഗ്യസമ്പാദനാർത്ഥം കാററുകൊള്ളാൻവരുന്ന പൗരനും കോർപ്പറേഷനും പൊതുതാല്പര്യമുള്ള സംഗതിയുള്ളതിനാൽ, പൗരൻ അതിഥിവർഗ്ഗത്തിൽപ്പെട്ടയാളെന്നുമായിരുന്നു കോർട്ടിന്റെ തീരുമാനം.

അടുത്തതായി നമുക്കു വീട്ടുടമസ്ഥനു് അനുവാദകനോടുള്ള കടമ പരിശോധിക്കാം. അതിഥിയും അനുവാദകനും വീട്ടുടമസ്ഥന്റെ അനുവാദത്തോടുകൂടി കെട്ടിടത്തിൽ പ്രവേശിക്കുന്നവരാണ്. എന്നാൽ ഇവർ തമ്മിൽ ഉള്ള വ്യത്യാസം, അതിഥി, വീട്ടുകാരന്റെയും അതിഥിയുടെയും പൊതുകാര്യസാദ്ധ്യത്തിനായി വരുമ്പോൾ അനുവാദകൻ അയാളുടെ സ്വന്തകാര്യസാധ്യത്തിനായി വരുന്നുവെന്നുള്ളതാണ്. എന്റെ ബംഗ്ലാവിനോടനുബന്ധിച്ചുള്ള കാർഷെഡ്ഡിൽ എയുടെ കാർ, യാതൊരു പ്രതിഫലവും കൂടാതെ ഇട്ടുകൊള്ളുവാൻ ഞാൻ അനുവദിക്കുന്നുവെങ്കിൽ അയാൾ എന്റെ അനുവാദകനാകുന്നു. എയുടെകാർ എന്റെ കാർഷെഡ്ഡിലിടുന്നതുകൊണ്ടു എനിക്കു യാതൊരു ധനലാഭവും ഉണ്ടാകുന്നില്ല. എന്റെ പുരയിടത്തിൽ പുല്ലു മേയാൻ എയുടെ പശുക്കളെ ഞാൻ പ്രതിഫലമെന്യേ, അനുവദിക്കുന്നുവെങ്കിൽ എ, എന്റെ അനുവാദകൻ മാത്രമാകുന്നു. വീണ്ടും ഒരുദാഹരണം പറയാം. എന്റെ വീട്ടിൽ ഒരു അതിഥിയെ പ്രതിഫലമെന്യേ താമസിക്കുവാൻ ഞാൻ അനുവദിച്ചുവെങ്കിൽ ആ അതിഥിക്കും എന്റെ വീട്ടിൽ വാസ്തവത്തിൽ ഒരു അനുവാദകന്റെ അവകാശംമാത്രമേ ഉണ്ടായിരിക്കയുള്ളു.

ഇപ്രകാരം വീട്ടിൽ വരുന്ന അനുവാദകർക്ക്, താന്താങ്ങളുടെ അറിവിൽ പെട്ടിട്ടുള്ളതും അവരവരുടെ വീട്ടിലോ, പരിസരങ്ങളിലോ സ്ഥിതിചെയ്യുന്നതുമായ അപകടസംഗതികളെപ്പററിയുള്ള മുന്നറിവു നൽകേണ്ട ചുമതല വീട്ടുടമസ്ഥന്മാർക്കുണ്ട്. ഈ മുന്നറിവു തങ്ങളുടെ അറിവിൽ യഥാർത്ഥത്തിൽപെട്ട സംഗതികളെപ്പററി മാത്രം മതിയാകും. രണ്ടാമിനത്തിലുള്ള അതിഥിവർഗ്ഗത്തിൽപ്പെട്ടയാളാണ് ആഗതനെങ്കിൽ, വീട്ടുടമസ്ഥൻ അയാളുടെ താൻ വാസ്തവത്തിൽ അറിഞ്ഞ സംഗതികൾ പറഞ്ഞാൽമാത്രം പോരാ, ന്യായമായിട്ട് അയാൾ അറിയേണ്ട സംഗതികളെപ്പററി തിരക്കിയറിഞ്ഞു് അവയെപ്പററി വേണ്ട മുന്നറിവു് അയാൾ ആഗതനു് നൽകി അതിഥിയെ അപകടത്തിൽനിന്നും രക്ഷിക്കേണ്ടതാകുന്നു.

ഒരു വീട്ടുടമസ്ഥനു്, തന്റെ അനുവാദകനോടുള്ള ബാദ്ധ്യത, തുലോം നിസ്സാരമെന്നു ഫെയർമാൻ അഥവാ ഫെയ്യർ ബിൽഡിംഗ് സൊസൈററി എന്ന ഇംഗ്ലീഷ് ഹൗസ് ഓഫ് ലോർഡ്സ് വിധിയിൽനിന്നു വ്യക്തമാകുന്നതാണ്. ആ കേസ്സിൽ പ്രതിയുടെ വക രണ്ടുനില മാളികക്കെട്ടിടത്തിൽ മുകളിലത്തെ നിലയിലുണ്ടായിരുന്ന മുറികളിൽ വാദിയുടെ ഒരു ബന്ധു വാടകയ്ക്കു താമസിച്ചിരുന്നു. വാദി തന്റെ ബന്ധുവിന്റെ അതിഥിയായി താമസിച്ചുവരവേ, ഒരുദിവസം കോവേണിപ്പടി ഇറങ്ങിയപ്പോൾ അതിലുണ്ടായിരുന്ന ഒരു വിടവിൽ തന്റെ കാലുടക്കി താഴെ ഉരുണ്ടുവീണു് ദേഹമദ്ധ്യമേററു. അയാൾ ആയതിലേക്കു വീട്ടുടമസ്ഥന്റെ പേരിൽ നഷ്ടവ്യവഹാരം കൊടുത്തു വീട്ടുടമസ്ഥനെ സംബന്ധിച്ചിടത്തോളം വാദി ഒരു വെറും അനുവാദകൻ മാത്രമാണെന്നും മാളികമുകളിൽ അയാളെ സസുഖം താമസിപ്പിക്കേണ്ടകാര്യം ഒന്നും പ്രതിക്കില്ലെന്നും അന്യായം വഹിക്കത്തക്കതല്ലെന്നും ആയിരുന്നു അപ്പീൽകോടതിയിലെ വിധി. ഈ തത്വം തന്നെ ഈയിടെ ഉണ്ടായ മററൊരു ഇംഗ്ലീഷ് കേസ്സിലും സ്വീകരിച്ചു കാണുന്നു. ഈ കേസ്സിൽ ഉപദ്രവമേററ വാദി, കെട്ടിടം വാടകയ്ക്കെടുത്തയാളിന്റെ ഭാര്യതന്നെയായിരുന്നു. എന്നിരുന്നാലും അവർ കെട്ടിടമുടമസ്ഥന്റെ പേരിൽ കൊണ്ടുവന്ന വ്യവഹാരം കോർട്ടിൽനിന്നും തള്ളുകയാണുണ്ടായതു്. വാടകക്കാരന്റെ ഭാര്യയ്ക്കു്, അവരുടെ ഭർത്താവിനു അറിവെച്ചു കൊടുത്തു ശുശ്രൂഷിക്കേണ്ടചുമതലയുണ്ടെങ്കിലും, കെട്ടിടമുടമസ്ഥനായ പ്രതിയെ സംബന്ധിച്ചിടത്തോളം വാദിക്കു വെറും ഒരു അനുവാദകന്റെ നിലയിൽ കവിഞ്ഞുള്ള പദവിയില്ലെന്നാണ് കോർട്ടിൽനിന്നും അഭിപ്രായപ്പെട്ടതു്. ജസ്റ്റിസ് മിസ്റ്റർ ഹിൽബെറി; ആ സ്ത്രീ, കെട്ടിടമുടമസ്ഥന്റെമേൽ കൊണ്ടുവന്ന നഷ്ടവ്യവഹാരം ഒടുവിൽ തള്ളി വിധിപ്രസ്താവിച്ചു.

അവസാനമായി നമുക്കു്, വീട്ടുടമസ്ഥനു്, അയാളുടെ വീട്ടിൽ ബലമായി പ്രവേശിക്കുന്നവരോടു വല്ല കടമയുമുണ്ടോ എന്നുകൂടി നോക്കാം. മിക്കവാറും ഒന്നുമില്ലെന്നുതന്നെ തീർത്തുപറയാം. എന്റെവീട്ടിൽ മോഷ്ടിക്കാനായി രാത്രിയിൽ കയറിവരുന്ന കള്ളനു, എന്റെ വീട്ടിൽനിന്നു വല്ല ആപത്തും നേരിടുന്നുവെങ്കിൽ ഞാനൊരിക്കലും അയാളോടു നഷ്ടോത്തരവാദിത്വം ചെയ്യേണ്ടതില്ലതന്നെ. പക്ഷെ, അയാളെ ഞാൻ മനഃപൂർവ്വം ഉപദ്രവിക്കരുതു്. ഉദാഹരണമായി കയ്യിൽ കിട്ടിയ കള്ളനെ വീട്ടുടമസ്ഥൻ വെട്ടുകത്തികൊണ്ടു വെട്ടരുതു്. അതു മഹാപാതകമാണ്. ക്രിമിനൽകുററമാണ്. കള്ളന്മാരെ ഉദ്ദേശിച്ച്, വെടിയുണ്ട നിറച്ച തോക്കുകൾപോലും വീട്ടിനുള്ളിൽ വെക്കുന്നതു ശരിയല്ലെന്നാണു ചില വിധികളിൽ പ്രസ്താവിച്ചു കാണുന്നതു്.

—൦—

വാദവേദി

# ആയുർവ്വേദവും കേരളാ യൂനിവേർസിററിയും

സർവ്വകലാശാലയും, ആയുർവേദവും എന്ന ശീർഷകത്തിൽ പ്രസിദ്ധാവിമർശകനും പാശ്ചാത്യസംസ്കാരത്തിന്റെ സമ്പർക്കംകൊണ്ടു നഷ്ടപ്പെടാത്ത ആർഷസംസ്കാരത്തിൽ അടിയുറച്ചുനില്ക്കുവാൻ ത്രാണിയുണ്ടായിട്ടുള്ള ഒരു പണ്ഡിതനുമായ ശ്രീമാൻ ഡി. പത്മനാഭനുണ്ണി എം. ഏ. ചിന്തിപ്പിക്കുന്ന ഒരു ലേഖനമെഴുതിയിരുന്നതു വായിച്ചു. ആയുർവേദം അദ്ധ്യയന വിഷയമായി തിരുവിതാംകൂർസർവ്വകലാശാല സ്വീകരിക്കാതിരുന്നതിൽ അദ്ദേഹം പറയുന്നതു് അക്ഷരശഃ പരമാർത്ഥമാണ്. ആ അഭിപ്രായത്തോടു് സഹൃദയരുമൊരു ഏതൊരുവനും ചേരുകയുംചെയ്യും. "കേരളക്കരയിൽ അധിവസിക്കുന്ന ജനങ്ങളിൽ നൂറ്റി ശതമാനത്തിന്റെയും ആരോഗ്യത്തിനു് ഉത്തരവാദിത്വംവഹിക്കുന്നതും, ആയുസ്സ്മയമമെന്നേ സർവ്വാർത്ഥസുഖസാധനമായിത്തീർന്നിട്ടുള്ളതും, കേരളത്തിൽ അഭിവൃദ്ധിപ്പെട്ടിട്ടുള്ളതും, അനേകായിരംകൊല്ലത്തെപ്പഴക്കമുള്ളതുമായ ആയുർവേദം കേരളത്തിലെ ഭാഷയ്ക്കും, കലയ്ക്കും പ്രതാപവും പ്രയോജനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതും, കേരളായൂണിവേർസിററി എന്നു പേരുമാററുവാൻ തീരുമാനിച്ചിട്ടുള്ളതുമായ തിരുവിതാംകൂർ യൂണിവേർസിററി വേണ്ടെന്നുവെച്ചതു കഷ്ടമായിപ്പോയി. അതിരിക്കട്ടെ.

ആയുർവേദത്തെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ളതിനെക്കുറിച്ചു് എന്തെങ്കിലും പറയാൻ ഞാൻ അസമർത്ഥനാണ്. പക്ഷേ, അലോപ്പതിയെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളെക്കുറിച്ചു് ആ സഹൃദയവരേണ്യനോടു ക്ഷമാപണംചോദിച്ചുകൊണ്ടു് രണ്ടുവാക്കു പറയാതെനിവൃത്തിയില്ല. "അലോപ്പതിയുടെ മറെറാരു മാഹാത്മ്യം അതുപയോഗിക്കുന്നവർ ചിന്തിക്കേണ്ട ആവശ്യമില്ലെന്നുള്ളതാണ്." സമ്മതിച്ചു. ആയുർവേദവൈദ്യന്മാർക്കുമാത്രമേ ചിന്തിക്കേണ്ടയാവശ്യമുള്ളു, അല്ലെങ്കിൽ ചിന്തകൊണ്ടു പ്രയോജനമുള്ളു എന്നല്ലേ ഇതിന്റെ ധ്വനി. പക്ഷെ, അലോപ്പതി പ്രയോഗിക്കുന്നവർ ചിന്തിക്കുന്നതുകൊണ്ടു് അപകടമൊന്നുമില്ല. ആയുർവേദവൈദ്യന്മാർ ചിന്തിച്ചുതുടങ്ങിയാൽ, ആ ചിന്തയുടെ പരമകാഷ്ഠയിൽ "കിമാതതികതകം കിരിയാത്തോ, പൂത്തരിച്ചു

പി. നാരായണൻ, മദിരാശി.

ണ്ടുയോ' എന്ന പ്രശ്നത്തിലായിരിക്കും അവർ എത്തിച്ചേരുക. "ചോരയിലോ, കഫത്തിലോ, മലത്തിലോ, മൂത്രത്തിലോ വല്ല ദൂഷ്യവുമുണ്ടെങ്കിൽ" അതു ഗിണ്ടിയിലേയ്ക്കു യച്ചുകൊടുത്താലെങ്കിലും അലോപ്പതിക്കാർക്ക് കണ്ടുപിടിക്കാം. ആയുർവേദവൈദ്യന്മാർക്കിതിനും നിവൃത്തിയില്ലെന്നല്ല, അഥവാ അറിഞ്ഞാൽ അതുകൊണ്ടു പ്രയോജനവുമില്ല. ആയുർവേദത്തിലെ ശസ്ത്രക്രിയയുടെ അഭാവത്തെ സമ്പൂർണ്ണമാക്കാൻ അദ്ദേഹം ഒരുദാഹരണംകൊണ്ടുവന്നു് "ഇപ്രകാരമുള്ള മരുന്നും, മന്ത്രതന്ത്രങ്ങളും കൈവശമുള്ള വൈദ്യൻ ശസ്ത്രക്രിയയിൽ അജ്ഞനോ, അലസനോ ആയിത്തീരുന്നുവെങ്കിൽ അതു നമുക്കു മനസ്സിലാക്കാൻസാധിക്കുന്ന സംഗതിയാണ്" എന്നു സമാധാനപ്പെടുന്നു. ഞാനൊന്നു ചോദിക്കട്ടെ. ആ കൈകണ്ട വിദ്യ പുളുക്കാട്ടെ ആ കർത്താവുവൈദ്യനൊഴികെ എത്രപേർക്കറിയാം.

ഡോക്ടർ കരുണാകരൻ പറഞ്ഞതു് ആദ്യന്തം അബദ്ധജടിലമാണെന്നു് ആരും സമ്മതിക്കും. "വൈദ്യവിഷയകമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ഗവർണ്ണരോ, വൈസ് ചാൻസലറോ, രജിസ്റ്റ്രാറോ നൽകുന്ന സർട്ടിഫിക്കററിന്റെ ബലത്തിന്മേൽ രജിസ്റ്റർചെയ്തിട്ടുള്ള അലോപ്പതിക്കാരും ഇത്തരത്തിലുള്ളവർതന്നെയല്ലേ" എന്നു ചോദിക്കുന്ന ലേഖകനു് "ആയുർവേദവൈദ്യന്മാർ വെറും ഉദ്യോഗസ്ഥന്മാരുടെ സർട്ടിഫിക്കററിന്റെ ബലത്തിന്മേൽ രജിസ്റ്റർചെയ്തിട്ടുള്ളവരാണെ"ന്നുപറയുന്ന കരുണാകരനെക്കാൾ മഹാമനസ്കത പ്രകടിപ്പിക്കാമായിരുന്നു. "പഠിത്തവും പരിചയവും പരീക്ഷയുമാണ് തങ്ങളുടെ ബഹുമതികൾ" കാരണമെന്നു ലേഖകനുംകൂടി മാത്രനേരത്തേയ്ക്കെങ്കിലും വിസ്മരിച്ചില്ലേ എന്നു ഞാൻ സംശയിക്കുന്നു. പക്ഷേ ഒരുകാര്യം അവിതർക്കിതമാണ്. സംസ്കൃതാക്ഷരജ്ഞാനംപോലുമില്ലാതെ (ആയുർവേദജ്ഞാനം പോകട്ടെ) പാരമ്പര്യത്തിന്റെപേരിൽ പ്രാണിപീഡനംനടത്തുന്ന മർമ്മവൈദ്യന്മാരും ധർമ്മവൈദ്യന്മാരും ആയുർവേദത്തിൽമാത്രമേയുള്ളു.

"ആ കൊതുകിൽതന്നെ പൂവിൽ മണമെന്നതുപോലെ മലേറിയാ നിസർഗ്ഗസിദ്ധമാണോ, അതോ വന്നുചേരുന്നതാണോ എന്നു് അലോപ്പതിക്കാർ അന്വേഷിച്ചിട്ടുണ്ടോ"—ഉണ്ട്. ആ അന്വേഷണം പൂർത്തിയായിട്ടുമുണ്ട്. കൊതുകിൽനിന്നല്ല മലേറിയ ഉണ്ടാകുന്നതു്. പിന്നെയോ? ഭൂതക്കണ്ണാടിയിൽക്കൂടിമാത്രം കാണാൻകഴിയുന്ന ചില അണുക്കളാണ് അല്ലെങ്കിൽ ജീവികളാണ് മലേറിയാ ഉണ്ടാക്കുന്നതു്. കൊതുക് ഈ അണുക്കളെ മനുഷ്യരിലേയ്ക്കു സംക്രമിപ്പിക്കുന്നതിനുള്ള ഒരു ഉപാധി (mediune) മാത്രമാണ്. ഇനി ഈ അണുക്കൾ എങ്ങനെ ഉണ്ടായി എന്നാണ് ലേഖകന്റെ സംശയമെങ്കിൽ, ലോകത്തിൽ മനുഷ്യരുൾപ്പെടെയുള്ള ജീവജാലങ്ങളും, സസ്യലതാദികളും എങ്ങനെയുണ്ടായിഎന്ന ചോദ്യത്തിനുള്ള ഉത്തരമായിരിക്കും ആ സംശയനിവൃത്തിക്കുള്ള മാർഗ്ഗം.

ടൈഫോയിഡ്, കോളറാ മുതലായ പല വലിയ രോഗങ്ങൾക്കും നിരോധനമല്ലാതെ ചികിത്സിക്കുവാൻ അലോപ്പതിയിൽ മരുന്നില്ലെന്നു് ആരെങ്കിലുംപറഞ്ഞാൽ അവരുടെ വൈദ്യവിജ്ഞാനത്തിൽ ഞാൻ അശേഷം അസൂയാലുവല്ല കാരണം ആ അറിവു്കുറഞ്ഞപക്ഷം ഒരു രണ്ടുവർഷത്തെയെങ്കിലും പഴക്കമുള്ളതാണ്.

മദ്രാസ് സർവ്വകലാശാലയിൽ ആയുർവേദത്തിനു പാഠപദ്ധതിനിർമ്മിക്കുവാൻ ചുമതലപ്പെടുത്തിയ സമിതിയിൽ ഡാ: ത്രിമൂർത്തിയും, ഡാ: കുട്ടുംബയ്യയുംമാത്രമായിരുന്നില്ലല്ലോ അംഗങ്ങൾ. ആയുർവേദത്തെ ഇരുട്ടടഞ്ഞ പരിധിക്കുള്ളിൽനിർത്തുന്നതിനു താൻ വിജയപൂർവം പ്രവർത്തിച്ചിട്ടുണ്ടെന്നു് ഡാ: കുട്ടുംബയ്യ അഭിമാനത്തോടുകൂടി പറയുന്നുണ്ടെങ്കിൽ അതു് ആയുർവേദോദ്ധാരകരെന്നും, ആയുർവേദത്തിന്റെ സർവ്വജ്ഞപീഠംകയറിയവരെന്നും അഹങ്കരിക്കുന്ന ആ സമിതിയിലെ മററംഗങ്ങളുടെ അപ്രഗത്ഭ്യതയും അജ്ഞതയുംകൊണ്ടുമാത്രമാണ്.

ബുദ്ധിമാന്മാരായ ദരിദ്രന്മാരുടെ സഹായസഹകരണങ്ങൾകൊണ്ടു്, തിരുവിതാംകൂർയൂണിവേർസിററിയുടെ ആനുകൂല്യമില്ലെങ്കിൽക്കൂടി, ആയുർവേദം ഉത്തരോത്തരം ഉൽക്കർഷത്തെ പ്രാപിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

—൦—



ചെറുകഥ

# പരോപകാരി!

എൻ. ശങ്കരൻനായർ ബി. ഏ; തിരുവല്ല

അന്യരെ സഹായിക്കുക എന്നതു ജീവിതവ്രതമാക്കിയിരുന്ന ഒരാളാണു കത്താവുചേട്ടൻ. എന്തു ബുദ്ധിമുട്ടും അതിനുവേണ്ടി അദ്ദേഹം സഹിക്കും. അന്യർക്ക് ഇഷ്ടമായാലും ഇല്ലെങ്കിലും അവരെ സഹായിക്കാതെ അദ്ദേഹം മടങ്ങുകയില്ല. ഇതു് അദ്ദേഹത്തിനു് ഏതാണ്ടൊരു മതിവിഭ്രമംപോലെയാണെന്നു പറയാം. അദ്ദേഹത്തിന്റെ സമയം, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം, അദ്ദേഹത്തിന്റെ ഉപദേശം, അദ്ദേഹത്തിന്റെ സേവനം എന്നിവ ആവശ്യപ്പെടുന്നവർക്കും ആവശ്യപ്പെടാത്തവർക്കും ലഭ്യമാണു്.

ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ വീട്ടിലേക്കു കയറിച്ചെന്നപ്പോൾ അദ്ദേഹം പ്രസന്നവദനനായി വേഷം അണിഞ്ഞുകൊണ്ടുനില്ക്കുന്ന കാഴ്ചയാണു കണ്ടതു്. ഏതോ സേവനത്തിനായി പുറപ്പെട്ടവനാണു് ഞാനെന്ന് ഞാൻ മനസ്സിലാക്കി.

"എന്താ, കത്താവുചേട്ടാ, വല്ലയിടത്തോട്ടും യാത്രയാണോ?"

"ആര്? അനിയനോ? ഞാൻ അത്യാവശ്യമായി ഒരിടംവരെ പോകുകയാണു്."

"എങ്ങോട്ടും ഇത്ര അത്യാവശ്യമായിട്ടു?" ആ ചോദ്യം അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു.

"ഞാൻ മി. ശങ്കരമേനവൻവിടവരെ പോകുകയാണു്. അദ്ദേഹത്തെ അറിയുമോ? ഇല്ലേ? അദ്ദേഹം ഈയിടെ ഇങ്ങോട്ടു സ്ഥലം മാറിവന്നിരിക്കയാണു്. മൂന്നാലു മൈലകലെ ഒരു 'ആളുകേറാമല'യിൽ ഒരു വീടെടുത്തിരിക്കയാണു്. താമസത്തിനു വേണ്ട സൗകര്യങ്ങളെല്ലാം ഒന്നൊപ്പിച്ചുകൊടുക്കണം."

"പക്ഷെ ഇത്ര ദൂരെ, ഈ നേരംവൈകിയസമയത്തു പോയാലോ? മഴക്കാലവുമാണല്ലോ നല്ല ഇരുട്ടും."

"ഓ, അതൊന്നും അത്ര സാരമില്ല. മഴയെ ഞാനത്ര സാരമാക്കുന്നില്ല. മഴയത്തു നടക്കുന്നതും ഒരു രസമാണു്. ക്ഷീണം തോന്നുകയില്ല. ആ വീട് എനിക്കു നല്ല നിശ്ചയമില്ല. പക്ഷെ അതു സാരമില്ല, രാത്രിയിൽ വീടു കണ്ടുപിടിക്കാൻ എനിക്കു നല്ല പരിചയമാണു്. എനിക്കു് അതിനൊരെളുപ്പവഴിയുണ്ടു്. അവിടെ ചെന്നുചേരുന്നതുവരെ കാണുന്ന വീടുകളുടെയെല്ലാം കതകിൽ മുട്ടും."

"പക്ഷെ ഇപ്പോൾ നേരം വളരെ വൈകിപ്പോയില്ലേ?"

"എന്റെ അനിയാ, അതിനെന്താ ഇത്ര വിഷമിക്കാൻ? സംഗതികളുടെ ഗൗരവം മനസ്സിലാക്കണം. മേനോനും ഭാര്യയും—അവർ വിവാഹം കഴിഞ്ഞിട്ടു് ഒരു മാസമേ ആയിട്ടുള്ളു—ഒരു പരിചയവുമില്ലാത്ത സ്ഥലത്തു, ഒരു പുതിയ വീട്ടിൽ കുടിപാർപ്പ് ആരംഭിക്കാൻപോകുന്നു. അവിടെ അവരെ സഹായിക്കാനോ ഉപദേശിക്കാനോ ആരുമില്ല. ഒന്നിനും കൊള്ളാത്ത രണ്ടു ചെറുപ്പക്കാർ. നമുക്കറിയരുതോ ഇപ്പോഴത്തെ പിള്ളാരെ. അവരെന്തു ചെയ്യും? ദൈവമേ! അവർ ഇവിടെ വന്നിരിക്കുന്നു എന്നു് ഇന്നുച്ചയ്ക്കു ആ കുട്ടൻപിള്ള പറഞ്ഞപ്പോൾ മാത്രമാണു ഞാനറിഞ്ഞതു്. അല്ലെങ്കിൽ ഞാൻ നേരത്തെ അവിടെ പിടിച്ചെത്തിയേനെ."

പിന്നീടു് ഒട്ടും സമയംകളയാതെ ആ പരോപകാരി മഴയും ഇരുട്ടും ഗണ്യമാക്കാതെ നടയായി.

അടുത്തദിവസം വൈകിട്ടു് ഞാൻ അദ്ദേഹത്തെ വീണ്ടും കണ്ടു.

"എന്തായി ഇന്നലെ പോയിട്ടു്; അവരെ കണ്ടോ?", ഞാൻ ചോദിച്ചു.

"കൊള്ളാം, പിന്നെ കാണാതെ ഈ കത്താവു തിരിച്ചുപോരുമോ? ഇന്നലത്തെ എന്നപോലെയാതു് വളരെ നന്നായി. വീടു കണ്ടുപിടിക്കാൻ അല്പം ബുദ്ധിമുട്ടി. പക്ഷെ ഞാനതു വകവച്ചില്ല. വലിയ ഇരുട്ടും മഴയുമായിരുന്നു. കണ്ടവാതിൽക്കലെല്ലാം മുട്ടി. ആരെങ്കിലും ഇറങ്ങിവരുന്നതുവരെ ഞാൻ മുട്ടും. ആരെങ്കിലും വരുമ്പോൾ 'മി: മേനോൻ ഇവിടെയാണോ താമസിക്കുന്നതു്?' എന്നു ചോദിക്കും. ഏകദേശം ഇരുപതു് 'അല്ല'യും അത്രയും ക്ഷമായാചനവും കഴിഞ്ഞതാണു് ആ വീടു കണ്ടുപിടിച്ചതു്. വീടുമുഴുവൻ ഇരുട്ടായിരുന്നു. കുറെ തട്ടും മുട്ടും വിളിയും കഴിഞ്ഞപ്പോൾ മേനവന്റെ ശബ്ദം കേട്ടു.

'ആരാ അതു്?'

'ഞാനാ!'

'ഏതു ഞാൻ?'

'ഞാൻതന്നെ—കത്താവുചേട്ടൻ.'

'ഞങ്ങളെല്ലാം കിടന്നു, ക്ഷമിക്കണം.'

'ഓ, സാരമില്ല, എന്താ ക്ഷമിക്കാനുള്ളതു്? കതകുതുറക്കു.'

കത്താവുചേട്ടൻ തുടർന്നു് എന്നോടുപറഞ്ഞു: "ഒന്നാലോചിച്ചുനോക്കു. ആ പാവങ്ങളും രണ്ടുപേരും ഇരുന്നുമുഷിഞ്ഞു് പത്തുമണി ആയപ്പോഴെ കിടപ്പായി. ഞാൻ ചെന്നതിൽ എനിക്കു സന്തോഷംതോന്നി. ഇനിയും അവർക്കു അല്പം മുഷിച്ചിൽ കുറയുമല്ലോ എന്നോർത്തു് ഞാൻ സ്വയം അഭിനന്ദിച്ചു.

"ഞങ്ങളും മൂവരുംകൂടി പെട്ടികളുടെയും കെട്ടുകളുടെയും (അവയൊക്കെ ക്രമമായി കിടക്കുന്നതേയുള്ളു) പുറത്തിരുന്നു വർത്തമാനം പറഞ്ഞുതുടങ്ങി. മേനോന്റെ ഭാര്യ നിശ്ചയിച്ചു എനിക്കു കുറെ കാപ്പി തരണമെന്നു്. (അയ്യോ കുഞ്ഞേ, (എനിക്കു് അവരെ രണ്ടുപേരെയും കുട്ടിക്കാലംമുതൽ അറിയാം.) അതു് ഞാൻ സമ്മതിക്കുകയില്ല. നിങ്ങൾ രണ്ടുപേരും ക്ഷീണിച്ചിരിക്കുകയാണു്. കാപ്പി തിളപ്പിക്കുന്നതു് ഞാനാണു്' അവർ അതിനെ എതിർത്തു പക്ഷെ ഞാൻ വിട്ടുകൊടുത്തില്ല. ഞാൻ അടുക്കളയിലേക്കുയാത്രയായി. കാപ്പിപ്പൊടി കണ്ടുപിടിക്കാൻ ഒരു ഇരുപതു മിനിട്ടെങ്കിലും തുറന്നിരിക്കും. അവിടെയെല്ലാം കുഴച്ചുമറിച്ചിട്ടിരിക്കുകയാണു്. എന്തിനധികം—ഒടുവിൽ ഞാൻ കാപ്പിയുണ്ടാക്കി മൂന്നുകപ്പിലാക്കിക്കൊണ്ടുവച്ചു. അവർ അല്പം മുമ്പു് കാപ്പി കുടിച്ചതേയുള്ളു എന്നു പറഞ്ഞു് നിഷേധിച്ചെങ്കിലും ഞാൻ അതനുവദിച്ചില്ല. ഞങ്ങളങ്ങനെ അവിടെയിരുന്നു് വർത്തമാനം ആരംഭിച്ചു. അവർക്ക് ആദ്യം വർത്തമാനം പറയുന്നതിൽ അത്ര രസം കണ്ടില്ല. അതിനാൻ ആ ജോലി ഞാൻതന്നെ കയ്യേറ്റു. ഏകദേശം അർദ്ധരാത്രിയായപ്പോഴേയ്ക്കും അവർ അല്പം ഉന്മേഷം പ്രകടിപ്പിച്ചു. മേനോൻ മണിനോക്കിയിട്ടു് 'അയ്യോ! പാതിരാകഴിഞ്ഞല്ലോ!' എന്നുപറഞ്ഞു. സമയം രസകരമായി കഴിക്കാൻ സാധിച്ചതിൽ അദ്ദേഹത്തിനു് സന്തോഷമുണ്ടായിരിക്കണം. പിന്നീടു് ഞങ്ങളും കൂടുതൽ പ്രസരിപ്പോടുകൂടി സംസാരിച്ചു. ഇടയ്ക്കിടയ്ക്കു് മേനോൻ പറയുമായിരുന്നു; 'പന്ത്രണ്ടരയായി, അയ്യോ! മണി ഒന്നായല്ലോ!' എന്നൊക്കെ.

"എങ്കിലും അധികം താമസിക്കരുതെന്നു ഞാൻ വിചാരിച്ചു. ഒടുവിൽ, പോരുമ്പോൾ, ഇന്നു തിരിയെ ചെന്നു അവർക്കു വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്നു ഉറപ്പു പറഞ്ഞിട്ടാണു പോന്നതു്. അവർ അതു നിഷേധിച്ചു. പക്ഷെ ഞാൻ അതു വകവച്ചില്ല."

അന്നും അദ്ദേഹം മേനോന്റെ വീട്ടിൽ ചെന്നു ഗൃഹോപകരണങ്ങളും അടുക്കിവയ്ക്കുന്നതിനുംമറ്റും സഹായിച്ചു. പിന്നീടു അതേപ്പറ്റി അദ്ദേഹം എന്നോടു പറഞ്ഞു, "ഇന്നു ഞാൻ നാലഞ്ചുമണിക്കൂർ ബുദ്ധിമുട്ടി. അവിടെ ചെന്നപ്പോൾ നിരകളിൽ മുഴുവൻ പടങ്ങളും തൂക്കിയിട്ടിരിക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു ക്രമവും അടുക്കും വേണ്ടേ! ഞാൻ അവയെല്ലാം താഴെയിറക്കി, സകലതും. എന്നിട്ടു ഞാൻതന്നെ അതെല്ലാം ക്രമപ്പെടുത്തി വച്ചു."

പിന്നീടൊരിക്കൽ അദ്ദേഹത്തെ വഴിയിൽവച്ചു കണ്ടപ്പോൾ ഞാൻ ചോദിച്ചു.

"എന്താ, മി മേനോന്റെ പുതിയ വീട്ടിലെ പൊറുതി എങ്ങിനെയിരിക്കുന്നു."

അദ്ദേഹം പറഞ്ഞു: "എനിക്കു അന്നേ തോന്നിയതാണു്. ആ വീടു ഗുണമില്ല. കുറേക്കൂടി അടുത്തു വല്ലിടത്തും ഒരു വീട്ടിലേക്കു അവരെ മാറ്റണമെന്നു വിചാരിച്ചുകൊണ്ടിരിക്കയാണു്. അതിനു പറ്റിയ ഒരു വീടു നോക്കുകയാണു്."

ചില നാളുകൾക്കുശേഷം മേനോൻ പുതിയ വീട്ടിലേക്കു മാറ്റപ്പെട്ടു. പിന്നീടു ആ വീട് ഒരുക്കുന്നതിനും ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി കത്താവു തന്റെ സേവനങ്ങളും അർപ്പിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം കത്താവു് എന്നെ കണ്ടപ്പോൾ,

"മേനോന്റെ കാര്യം വല്ലതും അറിഞ്ഞോ?"

"ഇല്ല", ഞാനുത്തരം പറഞ്ഞു.

"പാവം, പനിയായിക്കിടക്കുകയാണു്. കിടപ്പായിട്ടു മൂന്നുദിവസമായി. എന്നിട്ടു് എന്നെ ഒന്നറിയിച്ചില്ല. തന്നെ നോക്കിക്കൊള്ളാമെന്നാണവരുടെ വിചാരം. ശുദ്ധാത്മാക്കൾ! ഞാനിപ്പോൾ നേരെ അങ്ങോട്ടു വിട്ടിരിക്കയാണു്."

ദിനംതോറും രോഗവിവരങ്ങൾ അദ്ദേഹം എന്നെ ധരിപ്പിക്കുമായിരുന്നു. "ഞാൻ എപ്പോഴും അദ്ദേഹത്തിന്റെ സമീപംതന്നെയിരിക്കും. പാവം! ഇന്നലെ വലിയ പനിയായിരുന്നു. സുബോധമില്ലാതെ വിളിച്ചും ഭ്രാന്തും പറഞ്ഞുതുടങ്ങി. ഏതോ ഒരു ബാധയുപദ്രവമുള്ളതുപോലെ തോന്നുന്നു. ആരോ അയാളെ വികൃതമായി എപ്പോഴും അലട്ടുന്നതായും അതിനാൽ എപ്പോഴും ഭയപ്പെട്ടും അസ്വസ്ഥനായും കാണപ്പെടുന്നു. ഓരോന്നൊക്കെ വിളിച്ചുപറയും. 'ആ ഒഴിയാബാധ പോയോ?' എന്നു ചോദിക്കുന്നതു് അടുത്തമുറിയിൽ ഞാൻ കേട്ടു. ഞാൻ അടുക്കൽച്ചെന്നു സമാധാനപ്പെടുത്തി, 'എന്റെ കുഞ്ഞേ, ഇവിടെ ആരുമില്ല. ഞാൻ മാത്രമേയുള്ളു—കത്താവുചേട്ടൻ.' അയാൾ തിരിഞ്ഞുകിടന്നു് അസഹ്യതയോടെ അലറി. മേനോന്റെ ഭാര്യ എന്നോടു പറഞ്ഞു: 'കത്താവുചേട്ടൻ വളരെ ക്ഷീണിച്ചിരിക്കുന്നു. വെളിയിൽ പോയി കുറേ കാറ്റുകൊള്ളണം!' 'എന്റെ കുഞ്ഞേ, എന്നെപ്പറ്റി ഒന്നും വിഷമിക്കേണ്ട,' ഞാൻ മറുപടിപറഞ്ഞു.

അങ്ങനെ കാലക്രമേണ (കത്താവുചേട്ടന്റെ നിത്യപരിശ്രമത്തിന്റെ ഫലമായിട്ടു് എന്നതിനു സംശയമില്ല.) മേനോൻ സുഖംപ്രാപിച്ചു.

ചില വാരങ്ങൾക്കുശേഷം ഞങ്ങളും പതിവായി കൂടാറുള്ള ക്ലബ്ബിൽവച്ചു് കത്താവുചേട്ടൻ എന്നോടുപറഞ്ഞു "മേനോനു് ഇപ്പോൾ പരിപൂർണ്ണസുഖമായി. പക്ഷെ പാവം കുറേനാൾ പിടിക്കപ്പെട്ട പനി തുടങ്ങിയതുമുതൽ ഞാനും ഒരു രാത്രിപോലും ഉറങ്ങിയിട്ടില്ല. പക്ഷെ എനിക്കു് അതിൽ കുണ്ഠിതമില്ല. അവരുടെ അളവറ്റ കൃതജ്ഞതയാണു് എന്റെ പ്രതിഫലം. എന്റെ ആരോഗ്യം വീണ്ടുകിട്ടുന്നതിനായി വിദേശത്തെവിടെയെങ്കിലുമുള്ള ഒരു സുഖവാസസ്ഥലത്തേക്കു് എന്നെ അയയ്ക്കാൻ മേനോന്റെ ഭാര്യ ബദ്ധപ്പെടുകയാണു്. ഇപ്രകാരമുള്ള സ്നേഹമാണു ഞാൻ ആഗ്രഹിക്കുന്ന പ്രതിഫലം. ഏകനായ എന്റെ സ്വത്തു് ഇപ്രകാരമുള്ള സ്നേഹിതർ മാത്രമാണു്. ഞാൻ ചെയ്യുന്ന സേവനങ്ങളെ നിഷേധിക്കയും, എന്നാൽ എന്റെ ഉപദേശവും അഭിപ്രായവും ലഭിക്കാതെ ഒന്നിലും തൃപ്തിവരാതെയും എപ്പോഴും എന്നെ കർണ്ണാനുഗ്രഹിക്കയും ചെയ്യുന്നതുമായ സ്നേഹിതർ—അതാണെന്റെ ധനം.

"ഉദാഹരണമായി മേനോന്റെ കാര്യംതന്നെ നോക്കുക. അദ്ദേഹം ഈ ക്ലബ്ബിൽവരുന്ന ഏതു സമയവും ഞാൻ ഇവിടെയുണ്ടോ എന്നാണു് ആദ്യം ചോദിക്കുന്നതു് എന്നു ഇവിടത്തെ വെയിറ്റർ എന്നോടുപറഞ്ഞു. ആ സ്നേഹത്തെപ്പറ്റി ഓർക്കുമ്പോൾതന്നെ എന്റെ ഹൃദയം കുളിർക്കുന്നു" സംതൃപ്തഹൃദയത്തോടും സന്തോഷാശ്രുക്കളോടും അദ്ദേഹം അടുത്ത മുറിയിലേക്കു നടന്നു.

അടുത്തനിമിഷം ഒരു അപരിചിതൻ അവിടെ ആഗതനായി. ഭയത്തോടും സംഭ്രമത്തോടും നാലുവശത്തേക്കും നോക്കിക്കൊണ്ടു സംശയിച്ചു നടന്നുവരുന്നു.

"കത്താവുചേട്ടൻ ഇവിടെയുണ്ടോ?" അദ്ദേഹം വെയ്റ്ററോടു ചോദിച്ചു.

"ഉണ്ടു് അടുത്തമുറിയിലേക്കു് ഇപ്പോൾ പോയതേയുള്ളു. വിളിക്കട്ടെ?"

അദ്ദേഹം അതിവേഗം തിരിഞ്ഞുനടന്നു് അപ്രത്യക്ഷനായി.

"ആരാണതു്?" ഞാൻ വെയ്റ്ററോടു ചോദിച്ചു.

"അദ്ദേഹം ഈ ക്ലബ്ബിലെ ഒരു പുതിയ അംഗമാണു്. മി. ശങ്കരമേനോൻ"

(അനുകരണം) Adapted from English.

— ൦ —


ദേവാലയ

ത്തിന്നായ

പരിശുദ്ധം






ഗോദ്റേജ് ലിംഡാ- രോഗാണുക്കളെ നശിപ്പിക്കുന്നതിനും, ത്വക്‌രോഗം ശമിപ്പിക്കുന്നതിനും വേപ്പിന്റെ ഗുണങ്ങളുമുള്ള സോപ്പ്. നമ്പ്ര് 1. നമ്പ്ര് 2. 'വത്നി' 'സാൻഡൽ' ലിംഡാ ടർക്കിഷ് ബാത്ത് ഷേവിങ്ങ് സ്റ്റിക്ക് ഷേവിങ്ങ് റൗണ്ട് 100 ശതമാനം പരിശുദ്ധവും മുഗ ക്കൊഴുപ്പു് ചേർക്കാത്തതുമാണെന്നു് ഏറ്റുപറയുന്നതു്

ദൈവികത്വത്തിനു ശുചിത്വം അത്യാവശ്യമാണു്. പരിപൂർണ്ണശുദ്ധി നൽകുന്ന കർമ്മാനുഷ്ഠാനങ്ങൾക്കു് തനിച്ചും ശുദ്ധമായ സോപ്പുമാത്രമേ ഉപയോഗിക്കാവൂ. സോപ്പിൽ ഏതെങ്കിലും കലർന്നിരിക്കാം. എന്നാൽ ഗോദ്റേജ് സാൻഡലിൽ, എല്ലാ ഗോദ്റേജ് സൌന്ദര്യവർദ്ധനസാധനങ്ങളിലുമുള്ളപോലെ, കലർപ്പില്ലാത്തതും, ഗുണകരവുമായ സസ്യഎണ്ണകളും, സത്തുകളും മാത്രമേ കൂട്ടിച്ചേർത്തിട്ടുള്ളു. യാതൊരു മൃഗക്കൊഴുപ്പുകളും അവകളിൽ കാണുന്നില്ല. ശുദ്ധമായ മൈസൂർ ചന്ദനതൈലം ധാരാളം ചേർത്തിട്ടുള്ള ഗോദ്റേജ് ചന്ദനസോപ്പ്, ആനന്ദകരമായ കുളിർമ്മയും സുഖദായകവും പരിമളവുമുള്ളതായ പതനൽകുന്നു. ഈ പതയുടെ പരിമയുള്ള സസ്യഎണ്ണ രോമസുഷിരങ്ങളെ ശുദ്ധീകരിച്ചു്, ത്വക്കിനു് മൃദുലതയും നിലനിൽക്കുന്നതായ കുളിർമ്മയും പ്രദാനംചെയ്യുന്നു. ദേവാലയമായ നമ്മുടെ ശരീരത്തെ ദിവസേന ശുദ്ധീകരിപ്പാൻ ഗോദ്റേജ് സസ്യസാൻഡൽസോപ്പല്ലാതെ മറ്റു സോപ്പുകളുണ്ടോ?

ഗോദ്റെജ് സാൻഡൽ

രജിസ്റ്റേർഡ്. (ചന്ദന)

ടായിലെററ് (സ്നാന) സോപ്പ്

മററു ചന്ദനസോപ്പുകളേക്കാൾ കുറഞ്ഞ

വിലയ്ക്കു് വലുതും മേന്മയേറിയതുമായ

സോപ്പ്

ഗോദ്റെജ് സോപ്പ്സ്, ലിമിറ്റഡ്., കൊച്ചി. 6/35. കത്‌വത്തി.

# അശോകനും ശാന്തിക്കും യു. എസ്സിലെ സ്വീകരണങ്ങൾ

ഇന്ത്യാപ്രധാനമന്ത്രി പണ്ഡിതനെഹ്റു യു. എസ്സിലെ കുട്ടികൾക്കു സമ്മാനിച്ച അശോകൻ, ശാന്തി എന്നീ രണ്ടു് ആനക്കുട്ടികൾ: മുകളിലത്തെ വരി ഇടത്തുനിന്നു വലത്തോട്ട്: ഈ രണ്ടാനക്കുട്ടികളേയും യു. എസ്സിലെ ഇന്ത്യൻസ്ഥാനപതിയായ ശ്രീമതി വിജയലക്ഷ്മി പണ്ഡിററ് ഏപ്രിൽ 16-ാംനു- വാഷിംഗ്ടണിലെ നാഷനൽ സുവോളജിക്കൽ പാർക്കിനു സമ്മാനിച്ചു. ഇന്ത്യൻപ്രതിപുരുഷാലയ സ്റ്റാഫ് അംഗങ്ങളും അവരുടെ കുട്ടികളും ഉൾപ്പെടെ 2500 പേരോളം തദവസരത്തിൽ നടന്ന ചടങ്ങുകളിൽ സംബന്ധിച്ചു. ഇന്ത്യയിൽനിന്ന് ഈ രണ്ടാനക്കുട്ടികളേയും അനുഗമിച്ചിരിക്കുന്ന ബാബാജൻ എന്ന ആനക്കാരൻ നാഷനൽ സുവോളജിക്കൽ പാർക്കിന്റെ ഡയറക്ടർ ഡാക്ടർ വില്യംമാനുമായി ഹസ്തദാനം ചെയ്യുന്നതാണു ചിത്രം. ബാബാജന് 21 വയസ്സ് പ്രായമുണ്ട്. സമ്മാനിക്കപ്പെട്ട രണ്ടാനക്കുട്ടികളും അവയുടെ പാപ്പാനുമായി ചില വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു ശ്രീമതി പണ്ഡിററും യു. എസ്സ്. അസി: സ്റ്റേററ് സെക്രട്ടറി മി. ജാർജ് മാഗ്ഗിയും മററു വക്താക്കളും ചടങ്ങിനു വന്ന അതിഥികളും വീക്ഷിക്കുകയുണ്ടായി. രണ്ടാമത്തെ വരി: കാഴ്ചബംഗ്ലാവിന്റെ പാച്ചിഡേംഹൗസ് എന്നറിയപ്പെടുന്ന മന്ദിരത്തിൽ കൂടിനിന്ന ജനസമൂഹത്തിന്റെ ഒരു ഭാഗം. ആനക്കുട്ടികളെ സമ്മാനിച്ചുതീർന്നശേഷം ശ്രീമതി പണ്ഡിററ് അവയുടെകൂടെ നില്ക്കുന്നു. രണ്ടാനക്കുട്ടികളേയും വീക്ഷിച്ചശേഷം സന്ദർശകർ പാച്ചിഡേം മന്ദിരത്തിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നതു്. മൂന്നാമത്തെ വരി: ചടങ്ങുകൾക്കുശേഷം കൂട്ടിലടയ്ക്കപ്പെട്ട ആനക്കുട്ടികളെ സന്ദർശകർ വീക്ഷിക്കുന്നു. അശോകന്റെയും ശാന്തിയുടെയുംകൂടെ കഴിയുവാൻപോകുന്ന ജന്നി എന്ന ഒരു സയാമീസ് ആനയ്ക്കു പാർക്കഡയറക്ടർ തീററികൊടുക്കുന്നു. ന്യൂയാർക്കിലെ മാഡിസൻ സ്ക്വയർ ഗാർഡനിൽ ആരംഭിച്ചിരിക്കുന്ന ഒരു വലിയ സർക്കസ്സിൽ ആനകളുടെ ചില അഭ്യാസങ്ങൾ. റിംഗ്ലിംഗ് ബ്രദേഴ്സ് ആൻറ് ബാർണം എന്നറിയപ്പെടുന്ന ഈ വമ്പിച്ച സർക്കസ്കമ്പനിക്ക് 1500 ജോലിക്കാരും 900 മൃഗങ്ങളുമുണ്ട്. സജ്ജീകരണങ്ങൾക്കു കണക്കില്ല. യു. എസ്സ്. ഒട്ടക്ക് 19000 മൈൽ സഞ്ചരിക്കുന്ന ഒരു സർക്കസ്കമ്പനിയാണിതു്. അശോകനേയും ശാന്തിയേയും കാണാൻ വന്നവരിൽ രണ്ടുപേർ തങ്ങളുടെ ആനക്കുട്ടികളെ കാണിച്ചുകൊടുക്കാൻ തോളിൽ എടുത്തു പൊക്കുന്നു.




















# കലയും ശാസ്ത്രവും

(തുടർച്ച)

ക്രിയാംഗത്തിന്റെ രീതിയിൽ സംസ്കൃതനാടകം അഭിനയിക്കുന്ന ഒരു നാട് കേരളം അല്ലാതെ വേറെയില്ല. പൂർവകാലത്ത് ഭാരതഖണ്ഡത്തിൽ സംസ്കൃതനാടകാഭിനയത്തിന് സർവത്ര പ്രചാരം ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഉണ്ടെന്നുതന്നെ സമ്മതിക്കുക എന്നാലും പിൽക്കാലത്ത് ആ സമ്പ്രദായം ശോചനീയമായ അധഃപതനം നേരിട്ടു എന്നു വിചാരിക്കണം. സംസ്കൃതത്തിൽ പ്രസിദ്ധങ്ങളും പ്രശസ്തങ്ങളും ആയ അനേകം രൂപകങ്ങൾ വായിച്ചു രസിക്കുന്നതിനുമാത്രം ഉപയോഗിക്കുന്നവയാകുന്നു. ഇപ്രകാരം അന്യനാട്ടുകളിൽ നാടകങ്ങളുടെ രംഗാവലോകനസൗഭാഗ്യം അധഃപതിച്ചും അല്ലെങ്കിൽ നാമമാത്രമായി ജീവിച്ചും വന്ന കാലത്ത് മലയാളികൾ അവയെ അത്യന്തം പരിഷ്കൃതവും ശാസ്ത്രീയവും ആയ രീതിയിൽ അഭിനയിച്ചു രസിച്ചിരുന്നു എന്നു—ഇക്കാലത്തും അപ്രകാരം ചെയ്യുന്നു എന്നും നമുക്ക് ആത്മാഭിമാനത്തോടുകൂടി പറയുന്നതിനു സാധിക്കും. ആശ്ചര്യചൂഡാമണി കല്യാണസൗഗന്ധികം (വ്യായോഗം) സുഭദ്രാധനഞ്ജയം തപതീസംവരണം നാഗാനന്ദം എന്നിവ കൂടിയാട്ടത്തിന് ഉപയോഗിക്കുന്ന ചില മുഖ്യകൃതികളാകുന്നു.

കവികുലഗുരുവായ ഭാസന്റെ രൂപകങ്ങൾക്ക് ചാക്യാന്മാർ അഭിനയിക്കുന്ന നാട്യപ്രബന്ധത്തിന്റെ കൂട്ടത്തിൽ ഏറ്റവും പ്രധാനമായ ഒരു സ്ഥാനം ഉണ്ട്. അവയ്ക്ക് അന്യനാട്ടുകളിൽ സമഗ്രമായ പ്രചാരഹാനി തട്ടുകയും അവ നാമാവശേഷങ്ങളാകുകയും ചെയ്ത കാലത്തും മലയാളികൾ അവയെ രംഗത്തിൽ പ്രയോഗിച്ച് രസിച്ചുവന്നിരുന്നു എന്നത് പ്രത്യേകം ഓർമ്മിക്കേണ്ട ഒരു കാര്യമാകുന്നു. അവയ്ക്ക് ഇവിടെ പ്രചാരമുണ്ടായിരുന്നു എന്നു പഴയ ഗ്രന്ഥപ്പുരകളിൽ അവ എഴുതി സൂക്ഷിച്ചിരിക്കുന്നതിനെ അടിസ്ഥാനമാക്കി നിശ്ചയിക്കാം. മഹാനുഭാവനായ (മഹാമഹോപാദ്ധ്യായൻ) ടി. ഗണപതി ശാസ്ത്രി ഭാസനാടകങ്ങൾ കേരളത്തിലെ ഗ്രന്ഥപ്പുരകളിൽനിന്നാണ് കണ്ടെടുത്തു പ്രസിദ്ധപ്പെടുത്തിയതെന്നും, അങ്ങനെ അവയ്ക്ക് പുനർജ്ജന്മവും വിശ്വഖ്യാതിയും ലഭിച്ചുവെന്നുംകൂടി പ്രകൃതത്തിൽ സ്മരിച്ചുകൊള്ളട്ടെ.

ചാക്യാന്മാർ ഒരു നാടകം മുഴുവനും അഭിനയിക്കുക പതിവില്ല. അവർക്ക് ചില നിശ്ചയങ്ങളും ഉണ്ട്. തദനുസരണം വിഹിതങ്ങളായ ഭാഗങ്ങൾമാത്രം അഭിനയിക്കും. അഭിനയപ്രസ്ഥാനത്തിന്റെ പ്രത്യേകതയാണ് [illegible].

ഭഗവൽകഥാകഥനമാകുന്നു കൂത്ത്. ഭഗവന്മാഹാത്മ്യദ്യോതകമായ ഏതെങ്കിലും പ്രബന്ധത്തെ ആശ്രയിച്ചു കഥനം നടത്തുന്നു. ഫലിതം ഹാസ്യം ശകാരം സ്തുതി മനോധർമ്മം എന്നിവ യഥോചിതം ചേർത്തിണക്കി കഥനത്തെ ഒരു വിശിഷ്ടമായ കലയാക്കിത്തീർത്തു ഉയർത്തിയുണ്ടാക്കിയതാകുന്നു കൂത്ത്. അതിന്റെ രീതിയിൽ ഒരു കഥാകഥനപ്രസ്ഥാനം വേറെ കാണുവാൻ പ്രയാസം. സാധാരണമനുഷ്യരിൽ ഭക്തി, സന്മാർഗ്ഗാഭിരുചി, വിരക്തി, ആത്മജ്ഞാനം, ധർമ്മനിഷ്ഠ എന്നീവക ഗുണങ്ങൾ ജനിപ്പിച്ചു വളർത്തുകയത്രേ കൂത്തിന്റെ ഉദ്ദേശം. ശരിയായി പ്രയോഗിച്ചാൽ അതു പ്രസ്തുത കലകൊണ്ട് സാധിക്കാം.

കൂത്തിൽ ശ്ലോകം ചൊല്ലി അർത്ഥം വിവരിക്കുന്നതു മുഖ്യം. പദ്യങ്ങൾ ചൊല്ലുന്നതു രസാനുഗുണമായിരിക്കണം. അതിനു ഇന്നയിന്ന രാഗങ്ങൾ ഉപയോഗിക്കണമെന്നു നിശ്ചയമുണ്ട്. വേളാധൂളി കോരക്കുറിഞ്ഞി വീരതക്കം ഇന്ദളം മുരളീന്ദളം എന്നിവ ചില പ്രധാനരാഗങ്ങളാകുന്നു.

പുറനീരാഖ്യരാഗസ്തു വർഷകാലസ്യവർണ്ണനേ
അങ്കാവസാനേ ശ്രീകണ്ഠീ ശ്ലോകാനാം ച-
നിബർഹണേ
സന്ധ്യാവർണ്ണനവേളായാം മദ്ധ്യാഹ്നസ്യ-
ച വർണ്ണനേ.

എന്നു നോക്കുക. നായകാദികളായ ഉത്തമപാത്രങ്ങൾക്ക് ഇന്ദളരാഗം. മദ്ധ്യമപാത്രങ്ങൾക്കും ചിലസ്ഥലത്താകാം. നീചപാത്രങ്ങൾക്കും ബാലന്മാർക്കും ചേടീപഞ്ചമം. ശ്രീരാമന്റെ സംഭോഗശൃംഗാരത്തിന് മുരളീന്ദളം. രാക്ഷസികളുടേതിന് മുദ്ധം. വാനരന്മാരുടേതിന് കോരക്കുറിഞ്ഞി. ഭയസംഭ്രമതാരാദികളിൽ വേളാധൂളി എന്നിങ്ങനെ രാഗങ്ങളെ സംബന്ധിച്ചു പല നിയമങ്ങളും ഉണ്ട്. അവയെ കടുകിടതെറ്റാതെ ഭംഗിയായി പാലിച്ചുവരുന്നു. ഈവക രാഗങ്ങളുടെ സ്വഭാവം ചൊല്ലിക്കേട്ടുതന്നെ അറിയണം.

നാഗാനന്ദം നാടകം ആട്ടുമ്പോൾ അതിൽ ചാക്യാർ ഗരുഡന്റെ വേഷംകെട്ടി കേവലം അഭിനയിക്കുകയല്ല, പാറുകതന്നെ ചെയ്യുന്നു. അങ്ങനെ ചെയ്യുന്നതു പ്രധാനപക്ഷമാണ്. അതുകൊണ്ട് അതു 'പാറക്കൂത്തു' എന്നു പറയപ്പെടുന്നു. അധികം ബുദ്ധിമുട്ടു സഹിച്ചു നടത്തേണ്ടതായ ഒന്നാണ് അത്. അതുകൊണ്ട് മുൻകാലത്തുതന്നെ ദുർല്ലഭമായിട്ടേ അതു നടത്തിയിരുന്നുള്ളു. കൂത്തുപറമ്പെന്ന പേരിൽ പ്രസിദ്ധങ്ങളായ സ്ഥലങ്ങൾ, പാറക്കൂത്തു നടത്തിയിട്ടുള്ളവയാണ്. വടക്കേ കോട്ടയത്തെ കൂത്തുപറമ്പിൽവച്ച് അതു പണ്ടു നടത്തിയിട്ടുണ്ട്. ഇരിഞ്ഞാലക്കുടയിൽവച്ച് അതു നടത്തിയപ്പോൾ ചാടിപ്പാടിച്ചു മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ അന്നു വാ[illegible] ആയിരുന്ന അമ്മാവൻ [illegible] ഗരുഡന്റെ വേഷം കെട്ടിയതു.

[illegible]

എന്ന പ്രസിദ്ധപദ്യം അന്നത്തെ കൂത്തിനെ സംബന്ധിച്ചുള്ളതാകുന്നു. കൂടൽക്കോട്ട് എന്ന സ്ഥലത്തു പണ്ടു ഒരു കൂത്തു നടത്തിയ അവസരത്തിൽ വന്ന ചാക്യാർ മരിക്കാനിടയായിട്ട്. പിന്നീട് അതു നടത്തിയിട്ടില്ല. അതിനു ശേഷം അതു നാമാവശേഷമായി. ഇന്നത്തെ സ്ഥിതിക്ക് വലിയ ബുദ്ധിമുട്ടില്ലാതെ അതിനെ ഉജ്ജീവിപ്പിക്കുന്നതിനു സാധിക്കും.

കഥകളിയെ ഒരു മഹാകലയെന്നു പറയണം. കൊട്ട് പാട്ട് നൃത്തം അഭിനയം എന്നിങ്ങനെ അനേകം ഉപകലകൾ അതിനോടു ചേർന്നിരിക്കുന്നു.

എല്ലാമൊരുമിച്ചുകൂടിമേളിച്ചുക –
ലെല്ലാജ്ഞനങ്ങൾക്കുമുണ്ടാകും കുതൂഹലം

എന്നു കുഞ്ചൻ നമ്പ്യാർ പറഞ്ഞിരിക്കുന്നതു കഥകളിക്കു നല്ലപോലെ യോജിക്കും. ദീർഘകാലം അഭ്യസിക്കാതെ ഇവയിൽ സാമർത്ഥ്യം നേടാവുന്നതല്ല. വിദഗ്ദ്ധന്മാർ ഭംഗിയായി പ്രവർത്തിച്ചാൽ കഥകളിപോലെ ഹൃദയംഗമമായ ഒരു വിനോദം വേറെയില്ലെന്ന് അഭിജ്ഞന്മാർ സമ്മതിക്കും. അല്ലെങ്കിൽ അതു കഥയില്ലാത്ത കളിയായിത്തീരും. പ്രേക്ഷകന്മാർക്ക് അത്യാവശ്യം കൈകാട്ടുകളെക്കുറിച്ചു അറിവെങ്കിലും വേണം. അതുകൂടിയില്ലാത്തവരാണ്, 'വലിയ വേഷം വരുമ്പോൾ വിളിച്ചേക്കണം' എന്നു കൂട്ടുകാരെ ഏല്പിച്ചിട്ടു അരങ്ങത്തു കിടന്നു കുംഭകർണ്ണസേവ ചെയ്യുന്നവർ.

പ്രകൃതത്തിൽ ഒരു കഥയല്ല, നടന്ന സംഭവം ഓർമ്മയിൽ വരുന്നു. നാട്യജ്ഞാനഗന്ധം

വിദഗ്ദ്ധനായ ഒരു നടൻ മഹത്തായ വനത്തെ ഭംഗിയായി അഭിനയിക്കുന്നതു കാണുമ്പോൾ അതു നമ്മുടെ മുൻപിൽ സ്ഥിതിചെയ്യുന്നതുപോലെ തോന്നും. ആഹ്ലാദം സംഭവിക്കും. ഒരിക്കൽ ഒരു നടൻ,

കാളാംബുദരുചിതേടും വിപിനേ
കാമിനി വന്നതിനാലതിഗഹനേ
(കിർമ്മീരവധം)

ണിയും കാണുമ്പോൾ 'ഇതു ശ്രീരാമൻ, ഇതു കൃഷ്ണൻ, മറേറതു നാരദൻ' എന്നു പാത്രങ്ങളെ തിരിച്ചറിയുന്നതിനു എളുപ്പം സാധിക്കും. അതിനു ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലുണ്ടായി ദൃഢമായി പതിച്ചിരിക്കുന്ന പ്രതീതിയെ ഹേതുവായി ഗണിക്കണം. വേഷസാദൃശ്യപരികല്പനത്തിന്, പാത്രങ്ങളുടെ സത്വാദിഗുണതാരതമ്യവും കാരണമാകുന്നു.

പ്രതിമകൾ ഇന്നവിധം ആയിരിക്കണം എന്നു ശാസ്ത്രങ്ങൾ വിധിക്കുന്നുണ്ട്.

രക്തശ്മശ്രുധരാഃ കൃഷ്ണാ
നാനാഭരണഭൂഷിതാഃ
കർത്തവ്യാ രാക്ഷസാസ്സർവ്വേ
ഖഡ്ഗപ്രഹരണാന്വിതാഃ

എന്നു രാക്ഷസപ്രതിമയുടെ ആകൃതിയെക്കുറിച്ചു പറയുന്നു. ചുവന്ന വസ്ത്രം ധരിച്ചിരിക്കുന്നതും കൃഷ്ണവർണ്ണവും ആഭരണങ്ങൾ അണിഞ്ഞതും ആയുധങ്ങളോടുകൂടിയതും ആകണം രാക്ഷസന്റെ പ്രതിമ. ദേവാദികളുടെ വിഗ്രഹങ്ങൾക്കും ഓരോമാതിരി പ്രത്യേക ലക്ഷണങ്ങൾ ഉണ്ട്. അവയെക്കുറിച്ചു സമരാങ്കണസൂത്രധാരം മുതലായ ശാസ്ത്രങ്ങളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. അവയെയും മുൻപു സ്മരിച്ച ആഗമങ്ങളെയും പുരാണങ്ങളെയും വേണ്ടതുപോലെ പഠിച്ചു ചിന്തിച്ചു അതിനുശേഷമാണ് കഥകളിയിലെ നടന്മാരുടെ വേഷസ്വഭാവം നിശ്ചയിച്ചിരിക്കുന്നതു. ഇത്രയും പ്രതിപാദിച്ചതിൽനിന്നു അതിലെ സ്ഥൂലമായ വേഷസ്വഭാവത്തിനുകൂടി ആഗമമൂലവും ശാസ്ത്രസംസ്കൃതികത്തതും ആയ അടിസ്ഥാനമുണ്ടെന്നു വ്യക്തമായല്ലോ.

## വടക്കുംകൂർ രാജരാജവർമ്മരാജാ

കൈവന്നിട്ടില്ലാത്ത ഒരു വലിയ ഉദ്യോഗസ്ഥൻ ഒരിക്കൽ കഥകളികണ്ടു. വലിയ താടിയും കിരീടവും മററും വച്ചുകെട്ടിയ വേഷങ്ങൾ അരങ്ങത്തു വന്നു അലറിത്തുള്ളിച്ചാടി കളിക്കുന്നതുകണ്ടപ്പോൾ ആ ആളിനു രസം തോന്നി. ഉടനെ അതുപോലെ പത്തുപതിനഞ്ചു വേഷങ്ങൾ കെട്ടിവന്നുകളിക്കട്ടെ എന്നു ആജ്ഞയെ കൊടുത്തു. വേഷംകെട്ടുന്നതിനു വേണ്ടസമയം, ബുദ്ധിമുട്ട്, കഥയുടെ സ്വഭാവം മുതലായവയെക്കുറിച്ചു യാതൊരു ബോധവുംകൂടാതെയാണ അങ്ങിനെ ചട്ടംകെട്ടിയതെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും ഗത്യന്തരമില്ലായ്കയാൽ ആ ആജ്ഞയെ ഉടനെ നിർവ്വഹിക്കപ്പെട്ടു. കളിക്കാരിൽ കുറേപ്പേർ ശരീരത്തിൽ എന്തൊക്കെയോ എങ്ങിനെയോവച്ചുകെട്ടി വലിയ വേഷക്കാരുടെ മോടികൂട്ടി അരങ്ങത്തുവന്നു തുള്ളിച്ചാടി അലറി കോലാഹലത്തോടെ ശേഷ്ടകാണിച്ചു. അതുകണ്ടു മുൻപു പറഞ്ഞ മാന്യൻ 'ബലേഭേലേ' പറഞ്ഞു തലകുലുക്കി കളിക്കാരെ സമ്മാനങ്ങൾകൊടുത്ത് അഭിനന്ദിച്ചു. കഥകളി, കഥയില്ലാത്തകളിയാകുന്നതിനു ഇതൊരു നല്ല ഉദാഹരണമാകുന്നു. ഈമാതിരി കളികളിൽ രസിക്കുന്ന പ്രേക്ഷകന്മാരുടെ സംസ്കൃതിക്കു എത്രയധികം അധഃപതനം നേരിട്ടിരിക്കുമെന്നു ഊഹിക്കുന്നതു നന്ന്.

പൌരാണിക സാഹിത്യത്തിനും ശാസ്ത്രത്തിനും വേണ്ടവിധം യോജിച്ച ഒരു കലയാകുന്നു കഥകളി. അതിൽ ഇന്നപാത്രത്തിനു ഇന്നതരംവേഷം എന്നു നിശ്ചയിച്ചിരിക്കുന്നതു പുരാണശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയാകുന്നു. നായകന്മാർ ദേവന്മാർ അസുരന്മാർ ഋഷികൾ എന്നിവരുടെ ശരീരപ്രകൃതിയും അലങ്കാരങ്ങളും സ്ഥിതിയും പുരാണങ്ങളിൽ ഓരോ സന്ദർഭങ്ങളിൽ വർണ്ണിച്ചിട്ടുണ്ട്. കഥകളി പുരാണകഥകളെ ആശ്രയിച്ചു നിർമ്മിതമാകകയാൽ രണ്ടിലും പാത്രങ്ങൾ ഒന്നുതന്നെ. പുരാണവർണ്ണനങ്ങളെ ആസ്പദമാക്കി വേഷസ്വഭാവം നിശ്ചയിക്കുന്നതിനു അതാണു കാരണം. ക്ഷേത്രങ്ങളിൽ ദേവന്മാരുടെ പ്രതിമകൾ സ്വർണ്ണശിലാദികൾകൊണ്ടു നിർമ്മിച്ചുവച്ചു പൂജിക്കാറുണ്ടല്ലോ. അമ്പലങ്ങളിലെ ഭിത്തികളിൽ കൊത്തിയും എഴുതിയും വെച്ചിരിക്കുന്ന ചിത്രങ്ങളുടെ കാര്യവും ഇവിടെ സ്മരിക്കാം. കഥകളിനടന്മാരുടെ വേഷം, അമ്പലങ്ങളിലെ പ്രതിമകൾ, ചിത്രം, കൊത്തുപണി എന്നിവയ്ക്കെല്ലാംകൂടെ ആഗമങ്ങളും പുരാണങ്ങളും അടിസ്ഥാനമായി നില്ക്കുന്നു. ഇങ്ങനെ ഇവയ്ക്കെല്ലാം മൂലസ്ഥാനത്തിനു ഐക്യമുണ്ട്. ഇവയിൽ കാണുന്ന ആകൃതിസാദൃശ്യത്തിനു അതാണു കാരണം. പുരാണപരിചയം സമ്പാദിച്ചിരിക്കുന്നവർക്ക് കഥകളിയും ചിത്രവും കൊത്തുപ

എന്ന പദം അഭിനയിച്ചപ്പോൾ അരങ്ങത്തിരിക്കുന്നവർക്ക് അവിടം മുഴുവനും ഇരുണ്ടു എന്നും വിളക്കു കത്തുന്നില്ലെന്നും തോന്നിപ്പോയി. ചിലർ വിളക്കു തെളിച്ചു നന്നാക്കുന്നതിനു പറയുകയുണ്ടായി. 'കാളാംബുദ'ത്തിന്റെയും 'വിപിന'ത്തിന്റെയും നിറം അത്ര തന്മയത്വത്തോടുകൂടിയാണ അഭിനയിച്ചതു. 'ശിഖിനി ശലഭോ ബാലം ചക്രേർ ന വിക്രിയതേ പതൻ' (സുഭദ്രാധനഞ്ജയം) എന്ന ഭാഗം അഭിനയിച്ചപ്പോൾ ഒരു വിദഗ്ദ്ധനായ ചാക്യാർ ആൺശലഭവും പെൺശലഭവും പാറുന്നതിന്റെ വ്യത്യാസം പ്രത്യേകം കണ്ണുകൊണ്ടു നടിച്ചുകാണിച്ചു എന്നു കേട്ടിട്ടുണ്ട്. ഇമ്മാതിരി അഭിനയം ഉത്തമമായ കലയാകുന്നു. രംഗത്തിൽ വൃക്ഷലതാദികൾകൊണ്ടുവന്നുവെച്ചും മൃഗങ്ങളെ നിർത്തിയും, പുതിയ നാടകക്കാർ കാട്ടുകാണിക്കാറുണ്ട്. അതു 'കാട്ടുകാണിക്കൽ' മാത്രമാണ്. അതു കലയുമല്ല, അതിൽനിന്നു സിദ്ധിക്കുന്ന രസം രസവുമല്ല. 'മേഘൈർമ്മേദുരമംബരം' എന്ന ഭാഗത്തിലെ 'മേദുര'പദത്തിനു ഒരു നടൻ ഗ്ലഹ എന്നു അർത്ഥംകല്പിച്ചു കയ്യുകാണിക്കുകയുണ്ടായി. ദ്രഷ്ടാക്കളിൽ ഒരാൾ അതിനെപ്പററി ചോദിച്ചപ്പോൾ 'അങ്ങിനെയാണ് അർത്ഥം പഠിപ്പിച്ചിരിക്കുന്നതു' എന്നു സമാധാനം പറഞ്ഞുവത്രെ. ചില പാട്ടുകാർ അസ്ഥാനങ്ങളിൽ പദങ്ങൾ നിർത്തി പാടി ശ്രോതാക്കൾക്കു ശ്രവണശല്യം ജനിപ്പിക്കാറുണ്ട്. ഇതെല്ലാം വ്യുല്പത്തിക്കുറവുകൊണ്ടു നേരിടുന്ന അബദ്ധങ്ങളാകയാൽ അവയ്ക്കു പരിഹാരമില്ല. രുഗ്മിണീസ്വയംവരത്തിൽ ശിശുപാലന്റെ വേഷംകെട്ടി കളിച്ച ഒരു നടൻ രാവണന്റെ കൈലാസോദ്ധാരണം പൊടിപൊടിച്ചു അഭിനയിച്ചു. രംഗവാസികളുടെ മുഖത്തു ഭാവഭേദം കണ്ടപ്പോൾ ആ ആൾക്കു സ്വന്തം തെററു മനസ്സിലായി. രാവണാദികൾ ഇപ്രകാരം പർവ്വതം കുത്തിയെടുക്കുന്നതിനും മററും ബലം സമ്പാദിച്ചതു വരപ്രസാദംകൊണ്ടാണെന്നും, തനിക്കതൊന്നുംകൂടാതെതന്നെ കരുത്തുണ്ടെന്നും അഭിനയിച്ചു ഉടനെ നടൻ തെററു ശരിപ്പെടുത്തി. ഇങ്ങനെ അബദ്ധം സുബദ്ധമാക്കുന്ന മിടുക്കന്മാരും ഉണ്ട്. കഴിയുന്നതും തെററുപററാതെ കഴിക്കുന്നതു ഉത്തമം. പ്രവർത്തകന്മാർക്ക് വ്യുല്പത്തി ഉണ്ടെങ്കിലെ അതു സാധിക്കുകയുള്ളു.

ഏതുകലയ്ക്കും അതിന്റെ സൌന്ദര്യവും ചൈതന്യവും പ്രയോജനവും സിദ്ധിക്കണമെങ്കിൽ അതു ശാസ്ത്രമനുസരിച്ചു നിർമ്മിതമാകണം. തദ്വിപരീതമായാൽ കല വികലയും വിഫലയും ആകും. ശാസ്ത്രാനുസരണംകൊണ്ടു ഭാരതീയകലകൾക്കു ലോകോത്തരമായ മേന്മ കൈവന്നു. കാലകൃതങ്ങളായ പ്രതിബന്ധങ്ങളെ ജയിച്ചു ആരംഭകാലത്തെന്നപോലെ സഹൃദയന്മാരെ രസിപ്പിച്ചുകൊണ്ടു അവ ഇന്നും നിലനില്ക്കുന്നതിനു അതത്രേ കാരണം. അവയിൽ പലതിനും ഇന്നു വൈദേശികസമ്പർക്കംകൊണ്ടു ഒരു 'മിശ്ര'ത തട്ടിത്തുടങ്ങിയിരിക്കുന്നു. ഈ ദുരവസ്ഥയിൽനിന്നു അവയെ രക്ഷിക്കേണ്ട കടമ അഭിജ്ഞന്മാർക്കു ഉണ്ട്.

കലകളിൽ സാഹിത്യവും സംഗീതവും സർവഥാ ഉൽകൃഷ്ടങ്ങളെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. നാട്യശില്പാദികലകൾക്കും ശ്രേഷ്ഠതയും പ്രാധാന്യവും ഉണ്ട്. അവയ്ക്കു അടിസ്ഥാനമായി അനേകം ശാസ്ത്രങ്ങൾ നിർമ്മിതങ്ങളും ലബ്ധപ്രചാരങ്ങളും ആയിക്കാണുന്നു. ഉത്തമനായ ഗുരുവിന്റെ മുഖത്തുനിന്നു അവ പഠിക്കണം. അഭ്യാസവും പരിചയവുംകൂടാതെ വൈദഗ്ദ്ധ്യംനേടാവുന്നതല്ല.

യസ്തു കേവലശാസ്ത്രജ്ഞഃ
കർമ്മസ്വപരിനിഷ്ഠിതഃ
സ മുഹ്യതിക്രിയാകാലേ
ഉദ്ഗ്രാഹം ഭീരുരിവാഹവം
കേവലം കർമ്മയാവതി
ശാസ്ത്രാർത്ഥം നാധിഗച്ഛതി
സ ചക്ഷുരിവനീയേത
വിവശോന്യവവർത്മസു

(സമരാങ്കണസൂത്രധാരം) എന്നു ഭോജദേവൻ പറയുന്നു. പ്രവൃത്തി കണ്ടു പരിചയമില്ലാത്ത ഒരുവന് ശാസ്ത്രജ്ഞാനം ഫലപ്രദമല്ല. ഭീരുവിനു പോർക്കളം കാണുമ്പോൾ എന്നപോലെ അവന് കർമ്മകാലത്തു ഭയം സംഭവിക്കും. കർമ്മപരിചയം നേടിയിരിക്കുന്നവനെങ്കിലും ശാസ്ത്രജ്ഞാനവിരഹിതനെന്നുവന്നാൽ, അന്ധനെന്നപോലെ അവനു എല്ലാകാര്യത്തിലും അന്യന്റെ സഹായം വേണ്ടിവരും. ആചാര്യന്റെ ഈ അഭിപ്രായം അർത്ഥവത്തെന്നു അനുഭവംകൊണ്ടു തെളിയും. ശാസ്ത്രം എന്നതു ഏതുവിധം പ്രവൃത്തിയിൽ വ്യാപരിക്കുന്നവർക്കും കണ്ണാകുന്നു. 'ചക്ഷുഷ്മത്താതുശാസ്ത്രേണ' എന്നു കാളിദാസമഹാകവിയും ഉപദേശിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് കലാപ്രവർത്തകന്മാർ ആദ്യമായി ശാസ്ത്രത്തെ അഭ്യാസംകൊണ്ട് ആദരിക്കണം. ഇന്ന് അതിനെ അനാദരിക്കുന്നതിനും അതേസമയത്തു കാവ്യാദികലകളിൽ വ്യാപരിക്കുന്നതിനും പലർക്കും ഒരു വാസനകാണുന്നു. അവർ ഇവിടെ ഉദ്ധരിച്ച ആചാര്യന്റെ ഉപദേശം സ്മരിക്കുന്നതു നന്നായിരിക്കും.

സാഹിത്യവും സംഗീതവും അന്യോന്യം ഇണങ്ങി ഒന്നെന്നപോലെ പെരുമാറുന്ന കലകളാകുന്നു. ഇവയിൽ ഒന്നു മറേറതിനെക്കാൾ ശ്രേഷ്ഠം എന്നു പറയുവാനില്ല. എങ്കിലും 'ആലോചനാമൃത'മായ സാഹിത്യം 'ആപാതമധുര'മായ സംഗീതത്തെക്കാൾ ശ്രേഷ്ഠമെന്നു കാവ്യരസികന്മാർ മുറുകെപിടിക്കും. 'കണ്ണാംഗതഃ ശുഷ്യതികണ്ഠ ഏവ' എന്നു കവിശിരോമണിയായ നീലകണ്ഠദീക്ഷിതർ പറഞ്ഞിരിക്കുന്നതു നഹിനിന്ദാന്യായേന ആണെന്നു വിചാരിക്കണം. ഉത്തമമായ കാവ്യം ഏതും സംഗീതമധുരവും ഗീതം സാഹിത്യരുചിരവും ആയിരിക്കും. ആദിമഹാകാവ്യമായ വാല്മീകിരാമായണത്തെ ഗീതപ്രബന്ധമായിട്ടാണ് തൽകർത്താവായ മഹർഷി രചിച്ചിരിക്കുന്നതു. 'മധുരമയഭണിതീനാം മാർഗ്ഗദർശീ'യായ കവിപിതാമഹന്റെ ഈ പ്രബന്ധം പരമോത്തമമായ സാഹിത്യമെന്നതു അനന്തസിദ്ധമാകുന്നുവല്ലോ. രാമായണത്തിൽ ഇങ്ങനെ കാവ്യചൈതന്യവും ഗീതമാധുര്യവും ക്ഷീരനീരന്യായേന സംയോജിച്ചു പരിശോഭിക്കുന്നു. കിന്നരകണ്ഠന്മാരായ കുശലവന്മാർ അയോദ്ധ്യയിലെ രാജസദസ്സിൽവച്ച് അതു പാടികേൾപ്പിച്ചപ്പോൾ അവിടെക്കൂടിയിരുന്ന ജനങ്ങൾക്കുണ്ടായ പരമാനന്ദാതിരേകത്തെക്കുറിച്ചു കാളിദാസമഹാകവി ഇപ്രകാരം പ്രതിപാദിക്കുന്നു:

തൽഗീതശ്രവണൈകാഗ്രാസംസദശ്രുമുഖീബ(ഭൌ
ഹിമനിഷ്യന്ദിനീപ്രാതർന്നിവാതേവവനസ്ഥലീ
(രഘു)

പാട്ടുകേൾക്കുന്നതിൽതന്നെ ഏകാഗ്രചിത്തന്മാരായിഭവിച്ച ശ്രോതാക്കൾ ആനന്ദാതിരേകത്താൽ അശ്രുപൊഴിച്ചുകൊണ്ടിരുന്നു. ഗീതസാഹിത്യങ്ങൾ ഇണങ്ങി സംജാതങ്ങളായിരിക്കുന്ന പ്രബന്ധങ്ങൾക്കു ഈ മാഹാത്മ്യം സഹജമാകുന്നു. മഹാകവികളുടെ കൃതികളെ അധികവും പ്രകൃതത്തിൽ ദൃഷ്ടാന്തത്തിനു സ്മരിക്കാം. അപ്രകാരമല്ലാത്തവയും ധാരാളമുണ്ട്.

മലയാളം സംഗീതത്തിനും സാഹിത്യത്തിനും ഒരുപോലെ ഭംഗിയായി യോജിക്കുന്ന ഭാഷയാണ്. അതുകൊണ്ട് നമ്മുടെ സാഹിത്യത്തിന്റെ ഒരു നല്ലഭാഗം ഗീതമയമായിരിക്കുന്നു. ദ്രാവിഡവൃത്തപ്രബന്ധങ്ങളിൽ ഗീതത്തിന്റെ മാധുര്യാദിഗുണങ്ങൾ അധികം ശോഭിക്കുന്നതായി അനുഭവപ്പെടും. അവയുടെ മകുടങ്ങളാണ് തുഞ്ചത്താചാര്യന്റെയും കണ്ണശ്ശപ്പണിക്കരുടെയും പ്രബന്ധങ്ങൾ. കൃഷ്ണഗാഥയ്ക്കും ഇക്കൂട്ടത്തിൽതന്നെ സ്ഥാനം. ഇവയിൽ എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിനു മേന്മയേറും. ഗീതസുഖവും സാഹിത്യഭംഗിയും തികഞ്ഞതായി അതുപോലെ, വേറെ കൃതികൾ [illegible]. അതിലെ [illegible] അദ്ധ്യാത്മരാമായണത്തിലെ സുന്ദരകാണ്ഡവും സഹൃദയന്മാർക്ക് എത്രതന്നെ വായിച്ചാലും അലംഭാവം വരുന്നതല്ല. എ

ഴുത്തച്ഛന്റെ കൃതികളെ താഴ്ത്തിവയ്ക്കുന്ന ഭാഗങ്ങൾ അനുഗൃഹീതമഹാകവിയായ കണ്ണശ്ശന്റെ ഗീതങ്ങളിൽ ലോഭമില്ലാതെയുണ്ട്. ഉത്തരരാമായണം ഉദാഹരണം. 'വിപഞ്ചീസനാഥഭംഗ്യായാ വൈദർഭീരീതിയുടെ നടനരംഗമാണ് കൃഷ്ണഗാഥ, അതിന് അതെന്തുമാത്രമേ സമമായിട്ടുള്ളൂ. കഥകളിപ്പാട്ട്, തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, വടക്കൻപാട്ട്, തെക്കൻപാട്ട്, തിരുവാതിരപ്പാട്ട് എന്നിവ ഭാഷയിലെ പരിപുഷ്ടങ്ങളായ ഗീതപ്രബന്ധശാഖകളാകുന്നു. മലയാളികൾക്ക് ഗീതത്തിലും നാട്യത്തിലും സിദ്ധമായിരിക്കുന്ന വൈദഗ്ദ്ധ്യം അതുല്യമായിപ്പരിലസിക്കുന്നതു കഥകളിപ്പാട്ടുകളിലാകുന്നു. അവ ഗീതകലയുടെ അത്യുന്നതങ്ങളും അതിരമണീയങ്ങളും ആയ മാതൃകകളാകുന്നു. ഇതരങ്ങളായ ശാഖകൾക്കും ഓരോവിധം മേന്മയും പ്രത്യേകതയും ഉണ്ട്. അവയെ മലയാളികൾക്ക് മറക്കുന്നതിനു സാധിക്കുന്നതല്ല. അപ്രകാരം അവരുടെ ജീവിതവുമായി അവ ഇണങ്ങിച്ചേർന്നിരിക്കുന്നു.

എല്ലാകലയേയും ശാസ്ത്രത്തോട് അടുപ്പിക്കാതെ സുന്ദരവും സരസവും ആക്കാവുന്നതല്ല. കലയ്ക്കു ജീവനും സൌഭാഗ്യവും കൈവരുന്നതു ശാസ്ത്രാനുസരണമായ പ്രവർത്തനംകൊണ്ടാണ്. കലയോ ശാസ്ത്രമോ ഏതാണ് വേണ്ടതെന്നു ചോദിച്ചാൽ, ഒരു ചിന്തകന്റെ അഭിപ്രായം രണ്ടാമത്തതിനു അനുകൂലമായിരിക്കും. കലയെ സൃഷ്ടിക്കുന്നതു ശാസ്ത്രമാണ്. അതുണ്ടെങ്കിൽ വീണ്ടും, കലയെ സൃഷ്ടിക്കാം; എന്നാൽ ശാസ്ത്രം പോകുന്നതോടുകൂടി സർവ്വവും പോകും, കലയെ നിലനിർത്തിയാൽ അതിന്റെ ധർമ്മാദികളെ അടിസ്ഥാനമാക്കി വീണ്ടും ശാസ്ത്രം നിർമ്മിക്കുന്നതിനു പാടില്ലേ എന്നൊരു ചോദ്യം സംഭവിക്കാം. പാടുണ്ടെങ്കിലും ആവിധം ഉണ്ടാകുന്ന ശാസ്ത്രത്തിനു പല കുറവുകളും ബാധിക്കും. തന്നിമിത്തം കലകൾ പ്രാകൃതങ്ങളാകും. എല്ലാംകൊണ്ടും. കലാപ്രവർത്തകന്മാരുടെ ദൃഷ്ടി ആദ്യമായി ശാസ്ത്രത്തിന്റെ കാര്യത്തിലാണ് പതിയേണ്ടതെന്നു സിദ്ധാന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യരുടെ ജീവിതം, സുഭഗവും സഫലവും ആകുന്നതിനും ശാസ്ത്രാനുസരണം അത്യാവശ്യം. മുൻപു അനേകം കാവ്യശാഖകളെ സ്മരിച്ചുവല്ലോ. ശാസ്ത്രാനുകൂലമായി നിർമ്മിച്ചതുകൊണ്ടു അവയ്ക്കു വിശദതരവും സ്ഥിരപ്രതിഷ്ഠയും കൈവന്നു എന്നതു മറക്കാവുന്നതല്ല.

ഗീതംകൊണ്ടുമാത്രം ഒരു മൃഗത്തിനും പാമരനും പണ്ഡിതനും ആനന്ദം സംഭവിക്കുന്നു. അവരുടെ ആഹ്ലാദത്തിനു വ്യത്യാസമുണ്ട്. സ്ഥൂലമായ ശബ്ദമാധുര്യം ചെവിയിൽ കടന്നു, ഉണ്ടാകുന്നതാണ് മൃഗത്തിന്റെ ആനന്ദം. അതു അവിടെവച്ചു ഹൃദയത്തിലേക്കു കടക്കാതെ ശോഷിക്കുന്നു. പാമരന്റേതിനു അല്പം കൂടി വ്യത്യാസമുണ്ടായേക്കാം. അതിൽനിന്നു ഒക്കെ ഭിന്നമാണ് പണ്ഡിതനുണ്ടാകുന്നതു്. അതു വിശുദ്ധവും പൂർണ്ണവുമായിരിക്കും. അതു വിജ്ഞാനത്തിന്റെ സഹായത്തോടുകൂടി ചെവിയിൽനിന്നു ഹൃദയത്തിലെത്തി അവിടെയും നില്ക്കാതെ വീണ്ടും ഉള്ളിലേക്കുകടന്നു ആത്മാവിൽ പ്രവേശിച്ചു ലയിച്ചുനിർവൃതികൊള്ളിക്കുന്നു. മുൻപു കുശലവന്മാരുടെ പാട്ടുകേട്ടപ്പോൾ രാജസദസ്സിൽകൂടിയിരുന്നവർക്കുണ്ടായ മനോവൃത്തിയെ കുറിച്ചു പറഞ്ഞുവല്ലോ. അതുതന്നെ കലാരസികനായ പണ്ഡിതന്റെ നില. അതിനെയാണ് 'ബ്രഹ്മാനന്ദസഹോദര'മെന്നു ആചാര്യന്മാർ പ്രകീർത്തനം ചെയ്യുന്നതു്. 'ആനന്ദം ബ്രഹ്മണോവിദ്വാൻ' 'രസോവൈസഃ' 'വിജ്ഞാനമാനന്ദംബ്രഹ്മ' എന്നിങ്ങനെ കാണുന്ന ശ്രുതിവാക്യങ്ങളുടെ സാരം, ജ്ഞാനത്തോടുകൂടി സംഭവിക്കുന്ന ആ ആനന്ദത്തെമാത്രം സംബന്ധിക്കുന്നതാകുന്നു. 'താംഗതിം പ്രാപ്നുയാന്നരഃ' എന്നു മുൻപു ഒരു സന്ദർഭത്തിൽ ഉദ്ധരിച്ച വാക്യത്തിൽ സൂചിതമായിരിക്കുന്ന ആത്മശ്രേയസ്സ്, ആ ആനന്ദത്തിനു അധികാരികളായവർക്കുമാത്രം കിട്ടുന്നു.

സംഗീതാദികളെന്നപോലെ ശില്പവും ഭാരതത്തിൽ, പരിഷ്കാരത്തിന്റെയും അഭിവൃദ്ധിയുടെയും ഉന്നതപദത്തെ പ്രാപിച്ചിരിക്കുന്ന ഒരു കലയാകുന്നു. അതിന്റെ അഭിവൃദ്ധിക്കു ക്ഷേത്രങ്ങളെ മുഖ്യകാരണമായി ഗണിക്കാം. ആഗമങ്ങളിലും തന്ത്രങ്ങളിലും ശില്പപ്രതിപാദനത്തിനു ഏറ്റവും പ്രധാനമായ ഒരു സ്ഥാനം കൊടുത്തിട്ടുണ്ട്. അമ്പലങ്ങളിലെ എല്ലാത്തരം ശില്പങ്ങൾക്കും, കൊത്തുപണിചിത്രം മുതലായവയ്ക്കും ആഗമത്തിലെ ആവക ഭാഗങ്ങളാണ് അടിസ്ഥാനം, തന്ത്രപദ്ധതി തന്ത്രസമുച്ചയം മുതലായ ഗ്രന്ഥങ്ങളെ ഇവിടെ ദൃഷ്ടാന്തത്തിനു സ്മരിക്കാം. അവയെ അടിസ്ഥാനമാക്കിയും അല്ലാതെയും അനേകം ശില്പശാസ്ത്രങ്ങൾ നിർമ്മിതമായിട്ടുണ്ട്. അവയെ മലയാളികളും ആദരിക്കുന്നു. അവരുടെ ശില്പകലാവൈദഗ്ദ്ധ്യത്തിനു ക്ഷേത്രങ്ങളാണ് പരമങ്ങളായ ആശ്രയസ്ഥാനങ്ങൾ.

ധാരാഗൃഹം ദർപ്പണഗൃഹം മുതലായവയെപ്പററി കാവ്യങ്ങളിൽ പ്രതിപാദിച്ചുകാണുന്നുണ്ടല്ലോ. അവയുടെ ശരിയായ സ്വഭാവം ശില്പഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. യന്ത്രം, അതിന്റെ ഭേദങ്ങൾ, ഗുണം, കർമ്മം, എന്നിവയെ സംബന്ധിച്ചു പൂർണ്ണമായ വിവരണം അവയിൽ ഉണ്ട്.

യദൃച്ഛയാപ്രവൃത്താനി ഭൂതാനി സ്വസ്വവർത്മനാ
നിയമ്യാസ്മിൻ നയതിയൽ തദ്യന്ത്ര-
മിതികീർത്തിതം



യു. എസ്സിലെ വെല്ലെസ്‌ലി കാളേജിന്റെ കൺവൊക്കേഷനിൽ ശ്രീമതി വിജയലക്ഷ്മിപണ്ഡിററിന് ആണററി ഡാക്ടർ ബിരുദം ലഭിച്ചു. കാളേജ് പ്രസിഡന്റായ ഡാ: മാർഗററ് ക്ലാപ്പുമേനേയും ചിത്രത്തിൽ കാണാം.

എന്നതാണ് യന്ത്രത്തിന്റെ ലക്ഷണം. സ്വയംവാഹകം സകൃൽപ്രേര്യം അന്തരിതം ബാഹ്യം എന്നു യന്ത്രങ്ങൾ നാലുവിധം. ഇവയിൽ ആളിന്റെ സഹായംകൂടാതെ തനിയെ പ്രവർത്തിക്കുന്നതു് സ്വയംവാഹകം. അതു മററുള്ളവയേക്കാൾ ശ്രേഷ്ഠം.

തസ്യബീജം ചതുർദ്ധാസ്യാൽ
ക്ഷിതിരാപോനലോനിലഃ
ആശ്രയത്വേനചൈതേഷാം
വിയദപ്യുപയുജ്യതേ

എന്ന ഭാഗത്തിൽനിന്ന് ഭൂമിയിലും, ജലത്തിലും അഗ്നിയിലും വായുവിലും ആകാശത്തിലും ഉപയോഗിക്കാവുന്നതായി അഞ്ചുവിധം യന്ത്രമുണ്ടെന്നു ഗ്രഹിക്കാം. ആകാശത്തിൽ യാത്രയ്ക്കു ഉപയോഗിക്കുന്നതാണ് വിമാനം. അതു നിർമ്മിക്കേണ്ടതിനെക്കുറിച്ചും പ്രതിപാദിക്കുന്നു. യുദ്ധത്തിനു ഉപയോഗിക്കുന്ന ശതഘ്ന്യാദികളും ഒരുതരം യന്ത്രങ്ങളാകുന്നു. വിമാനം ഭാരതത്തിൽ ഒരു കാലത്തും ഉപയോഗിച്ചിട്ടില്ലെന്നും പുരാണശാസ്ത്രാദികളിൽ അതിനെപ്പററി പറയുന്നതു അബദ്ധം എന്നും ഇന്നു ചിലർ വിധിക്കുന്നു. അവരുടെ അഭിപ്രായം ശരിയല്ല. ആയുർവ്വേദത്തിലെ ശസ്ത്രക്രിയകളും രസായനപ്രയോഗങ്ങളും വേദവിഹിതങ്ങളായ രാജസൂയാദിയാഗങ്ങളും പില്ക്കാലത്തു നാമാവശേഷങ്ങളായതുകൊണ്ടു, മുൻപു ഒരു കാലത്തും അവ നടന്നിട്ടില്ലെന്നു പറയുന്നതു ശരിയായിരിക്കുമോ? ഉവ്വെന്നു വന്നാൽ ഋഷിപ്രണീതമായ ശാസ്ത്രം മിത്ഥ്യാപ്രലപനമാകണം. അങ്ങിനെ വരുന്നതു അസംഗതം.

കൃത്രിമങ്ങളായ പലതരം യന്ത്രങ്ങളുണ്ടാക്കി അവയെക്കൊണ്ടു പ്രവർത്തിപ്പിക്കേണ്ടതിനെപ്പററി പറയുന്നഭാഗം ശ്രദ്ധേയമാകുന്നു.

ജനസ്യവിസ്മയകൃതോ
നൃത്യന്തിച പഠന്തിച
പുത്രികാവാഗജേന്ദ്രാവാ
തുരഗോ മർക്കടോപിവാ
വലനൈർവ്വർത്തനൈർന്നൃത്യ
സ്താളേനഹരതേമനഃ

എന്നു ശാസ്ത്രത്തിൽ ഗജതുരഗമർക്കടാദികളുടെ ആകൃതിയിൽ യന്ത്രങ്ങൾ നിർമ്മിച്ചു അവയെക്കൊണ്ടു നർത്തനപഠനാദികൾ ചെയ്യിക്കുന്നതിനെപ്പററി ഉപദേശിക്കുന്നു. വിസ്മയകരങ്ങളും ഓരോ സന്ദർഭങ്ങളിൽ ഉപയോഗിച്ചു ഫലിപ്പിക്കേണ്ടവയും ആയ അനേകം യന്ത്രങ്ങളെപ്പററി ശാസ്ത്രത്തിൽ സവിസ്തരം പറയുന്നു. അവയെക്കുറിച്ചു ലഘുവായി സൂചിപ്പിക്കുന്നതിനു മാത്രമേ പ്രകൃതത്തിൽ നിവൃത്തിയുള്ളൂ

ഭാരതീയരുടെ പൊതുവേയുള്ള ശില്പഗ്രന്ഥങ്ങൾ തന്നെയാണ് കേരളീയരുടേയും പ്രമാണങ്ങൾ. എന്നാൽ അവർ, പുതുമയും രമണീയതയും കൊണ്ടു ഒരു പ്രത്യേകത വരുത്താതെ അവയെ ശുഷ്കമോ നഗ്നമോ ആയി സ്വീകരിച്ചിട്ടില്ല. ഏതു കാര്യത്തിലും മലയാളികൾക്കു ഒരു മനോധർമ്മവും ഫലിതരീതിയും വേറെയുണ്ട്. അതു ശില്പത്തിലും കാണാം. അതിന്റെയൊക്കെ പൂർണ്ണവും വ്യക്തവും ആയ രൂപം മഹാക്ഷേത്രങ്ങളിലെ ചിത്രങ്ങളിൽനിന്നും കൊത്തുപണികളിൽനിന്നും മനസ്സിലാക്കാം. അവയിൽ പലതും ഇന്നു ജീർണ്ണങ്ങളും അവ്യക്തങ്ങളും അനാഥങ്ങളും ആയിത്തീർന്നിട്ടുണ്ട്. അവയെ നന്നാക്കി ശില്പകലയെ വേണ്ടവിധം ഉദ്ധരിച്ചു രക്ഷിക്കേണ്ടതു അഭിജ്ഞന്മാരുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു.

കലയെ, പത്രഭാഷയിൽ, 'ജനകീയ'മാക്കണമെന്നും, അതു ചുരുക്കം ചില പണ്ഡിതന്മാർക്കുമാത്രം രസകരമായിരുന്നാൽ പോരെന്നും, വിദ്വദവിദ്വദ്ഭേദമില്ലാതെ സകലർക്കുമതിൽ രസിക്കുന്നതിനു സാധിക്കണമെന്നും ഇന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിനെ ഉന്നതസ്ഥാനത്തുനിന്നു പാമരജനാഭിരുചിക്കു ഇണങ്ങുന്നവിധം പ്രാകൃതമാക്കി താഴ്ത്തുകയോ ആവശ്യം? അതോ സാധാരണ ജനങ്ങൾ അഭ്യാസാദികൊണ്ടു പ്രൗഢകലകളിൽ ആനന്ദിക്കുന്നതിനു കഴിയത്തക്കവിധം സ്വന്തം സംസ്കാരത്തെ ഉയർത്തുകയോ വേണ്ടതു്? ഇവയിൽ രണ്ടാമതു പറഞ്ഞതാണ് യുക്തമെന്നു കലാമർമ്മജ്ഞന്മാർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. കൂടിയാട്ടം കഥകളി എന്നിവകൾ ഗംഭീരകലാസമൂഹത്തെ 'ജനകീയം' അല്ലെങ്കിൽ പൊതുജനഹിതം ആക്കുക എന്നാൽ സൂക്ഷ്മത്തിൽ അതിനെ വികൃതവും ശുഷ്കവുമായനിലയിൽ താഴ്ത്തി നശിപ്പിക്കുക എന്നാണർത്ഥം. ജനങ്ങൾ കലയെയല്ല സ്വന്തം സംസ്കൃതിയെയാണ് നന്നാക്കേണ്ടതു്.

കലകളെ സംബന്ധിച്ചിടത്തോളവും മലയാളികളായ നമ്മൾ ഭാഗ്യവാന്മാരാകുന്നു. നമുക്കു അനേകം കലകളും ശാസ്ത്രങ്ങളും ഉണ്ട്. അവയിൽ പലതും സ്വന്തം സമ്പാദ്യമെന്നു അഭിമാനിക്കുകയും ചെയ്യാം. അനേകം തലമുറകളായി പരമ്പരയാ കലകളിൽ പ്രവർത്തിച്ചുവരുന്ന സമുദായക്കാരും നമ്മുടെയിടയിൽ സുലഭം. അവരും കലകളും അന്യോന്യം ആശ്രയിച്ചു ജീവിതം നയിച്ചുവരുന്നു. ഇന്നു പല കലകളും നശിക്കാതെ നിലനിൽക്കുന്നതിനു എല്ലാവരും അവരോടു കൃതജ്ഞന്മാരായിരിക്കണം. ആ ഭദ്രാവസ്ഥയ്ക്കു വലിയ നാശം വന്നുതുടങ്ങി. അതിൽനിന്നു അവയെ രക്ഷിക്കുന്നതിന് കാലവിളംബം വരുത്താവുന്നതല്ല.

കലാപ്രവർത്തകന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതു ഇന്നു ജനസമുദായത്തിന്റെ മുഖ്യകൃത്യമായിരിക്കുന്നു. വാസനാശാലികൾക്കു തദഭിലഷിതാനുസരണം കലകൾ അഭ്യസിക്കുന്നതിനുവേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കണം. അഭ്യാസസഹിതന്മാർ പ്രവർത്തിക്കുമ്പോഴാണ് മുൻപുപറഞ്ഞതുപോലെ മേദുരം 'ഗ്രാഹ്യ'മാകുന്നതു്. പ്രവർത്തകന്മാർക്കു ധാരാളം രംഗങ്ങളും പ്രതിഫലവും കിട്ടേണ്ടതും അത്യാവശ്യം. അവയുടെ കുറവുകൊണ്ടു് ഇക്കാലത്തു് അവർക്കു് നിരാശന്മാരായി കഴിയേണ്ടിവരുന്നു. അല്ലെങ്കിൽ അന്യനാടുകളെ ആശ്രയിക്കണം. അതിന് എല്ലാവർക്കും സൌകര്യം ലഭിക്കുന്നതല്ലല്ലോ. അവർക്കു് ജീവിതവൃത്തി നിർവ്വഹിക്കുന്നതിന് അന്യമാർഗ്ഗങ്ങളിൽ പ്രവേശിക്കണം എന്ന നില ഇന്നു വന്നുചേർന്നിട്ടുണ്ട്. ഈവക ദുരവസ്ഥകൾക്ക് യഥോചിതം പരിഹാരം ഉണ്ടാക്കണം. പരമ്പരയാ തടവുകൂടാതെ നിലനിന്നുവന്നതും ശോഭനവും ആയ കലാവൈദഗ്ദ്ധ്യത്തെ നാമാവശേഷമാക്കുന്നകാര്യം ചിന്തിക്കാവുന്നതുതന്നെയല്ല. ഭാഗ്യദോഷത്താൽ, കലാപ്രവർത്തകന്മാരുടെ കഷ്ടതയെ വർദ്ധിപ്പിക്കുന്നതിന്, ഇന്നു പ്രാകൃതങ്ങളും നൂതനങ്ങളും ആയ യന്ത്രങ്ങളും ഓട്ടന്നുതോന്നിക്കു് ഉന്തു് എന്നതുപോലെ വളരെ സഹായിക്കുന്നുണ്ട്. ഇവയ്ക്കൊക്കെ പരിഹാരംവരുത്തി, കലകളെ വർദ്ധിപ്പിച്ചു് യഥാപൂർവ്വം തത്തൽസ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു് ആരാധിക്കുകയെന്ന കാര്യം പ്രതികൂലമായ കാലപ്രവാഹാഘാതംകൊണ്ടു് എളുപ്പം നടക്കുമോ എന്നു് സംശയമാണ്. എങ്കിലും തദഭിമുഖമായ ശ്രമം ഉപേക്ഷിക്കാവുന്നതല്ല.

പൂർവ്വകാലത്തു് രാജധാനികളും പ്രഭുഗൃഹങ്ങളും മഹാക്ഷേത്രങ്ങളും കലകളെ ആരാധിക്കുന്നകാര്യത്തിൽ സശ്രദ്ധം പ്രവർത്തിച്ചുവന്നു. അതുകൊണ്ടു് അവ രാജസ്നേഹദേശ്യാദിവിലാസങ്ങളോടും സ്വധർമ്മനിർവ്വഹണനിപുണതയോടും കൂടി നിലനിന്നു. ഇന്നു് രാജാക്കന്മാരും പ്രഭുക്കന്മാരും ശബ്ദശേഷന്മാരായി.

തന്നേണ്ണത്തെത്താരു തേവർ വരത്തെ-
ദാനംചെയ്യുന്നാളെസ്ലേഷമാം.

എന്ന കവിവാക്യത്തെ അനുസരിക്കുന്നവിധമായി ദേവന്മാരുടെ നില. മഹാക്ഷേത്രങ്ങളിൽ നിവേദ്യംവെച്ചു് പൂജ നടത്തുന്നവർ ചുരുക്കം. 'താനുണ്ണാത്ത ആ ദേവന്മാരാണിന്നു കലാകാരന്മാർക്ക് 'വരം' കൊടുക്കുക? ഇനി പൊതുജനങ്ങളാണ് ഒരു താങ്ങുള്ളതു്. ചലച്ചിത്രങ്ങളോടും വിവിധങ്ങളായ യന്ത്രങ്ങളോടും പ്രകടിപ്പിക്കുന്നതിന്റെ സഹസ്രാംശം ആദരവും അഭിരുചിയും അവർക്കു് യഥാർത്ഥ കലാപ്രവർത്തനങ്ങളോടു് സംഭവിക്കുന്നില്ല. കഥകളിയും കൂത്തും നാടകവും ചലച്ചിത്രദ്വാരം കണ്ടുരസിച്ചാൽ മതിയെന്നതായി അവരുടെ സ്ഥിതി. അവ നടത്തുന്ന സ്ഥലങ്ങളിലെ ദുസ്സഹമായ തിക്കും തിരക്കും തന്നെ ഈ അഭിപ്രായത്തിനു ലക്ഷ്യം. ഈ സ്ഥിതിയിൽനിന്ന് ജനസമുദായത്തിന്റെ കലാരസികത്വം എത്രയ്ക്കു് പ്രാകൃതവും നിർജ്ജീവവും ആയിത്തീർന്നിരിക്കുന്നു എന്ന് ഗ്രഹിക്കാം. ആകപ്പാടെ കലകൾക്ക് അവശതയും അനാഥതയും തന്നെ അനുഭവം. ഈ വസ്തുതകൾ വിചാരിക്കുമ്പോൾ കലാപ്രണയികൾക്കു ഭയത്തിനല്ലാതെ ആശ്വാസത്തിന് അവകാശം ഇല്ല.

ശൈത്യദാരിദ്ര്യാദികൾ നിമിത്തം ക്ഷുബ്ധവും അസ്വസ്ഥവും ആയിരിക്കുന്ന ഇന്നത്തെ ലോകത്തിൽ, എന്തു കല? എന്തു ആഹ്ലാദം? എന്തു കൂത്തു? 'പടയിലെന്തു കൂട? എന്നാക്ഷേപിച്ചു് കലാലോലുപന്മാരെ ആക്ഷേപിക്കുന്നവർ നമ്മുടെയിടയിൽ ധാരാളം കാണും. അവരുടെ ആക്ഷേപത്തിന് വല്ല അർത്ഥവും ഉണ്ടായേക്കാം. എന്നാലും അതു് തൊള്ളതൊടാതെ വിഴുങ്ങുന്നതിന് മടിതോന്നുന്നു. കലകളെ നിശ്ശേഷം പരിത്യജിച്ചാൽ ലോകത്തിന്റെ കഷ്ടതകൾ തീരുമോ? ഇല്ലെന്നു സ്പഷ്ടം. കാരണം കലയല്ല അവയെ ഉണ്ടാക്കിത്തീർത്തതെന്നതുതന്നെ. മനുഷ്യാത്മാക്കളെ വിനോദിപ്പിച്ചുകൊണ്ടു് സന്മാർഗ്ഗസോപാനങ്ങളിൽക്കൂടി നയിച്ചു ക്ഷേമമഹർമ്മ്യത്തിന്റെ ഉന്നതശൃംഗത്തിൽ എത്തിച്ചു് സുഖിപ്പിക്കുകയാണ് കലയുടെ ഉദ്ദേശം. അവ അങ്ങിനെയെ ചെയ്തിട്ടുള്ളൂ. ജീവിതരണത്തിൽ ഉഗ്രതരങ്ങളായ മുറിവുകൾ ഏററു മഹാദാഹംബാധിച്ചു അവശന്മാരായി കഴിയുന്നവർക്കു് അൽപസമയമെങ്കിലും ആനന്ദസുധാസ്വാദനനിർവൃതിയെ പ്രദാനം ചെയ്യുന്നതായി വല്ലതും ഉണ്ടെങ്കിൽ അതു കലമാത്രമാകുന്നു. തത്ത്വമറിഞ്ഞു അതിനെ ആരാധിക്കായ്കയാണ് ലോകത്തിന്റെ കഷ്ടതകൾക്കു കാരണം. ഇന്നു ലോകം അസ്വാസ്ഥ്യഗ്രസ്തവും, അതിൽനിന്നു മോചനം അത്യാവശ്യവും എന്നു സിദ്ധമാണെങ്കിൽ, കലകളുടെ കാല്ക്കൽവീണു അവയോടു കാണിക്കുന്ന അപരാധത്തിനു പ്രായശ്ചിത്തം ചെയ്യുകയാണ് ആദ്യം വേണ്ടതു്. ശരിയായ ക്ഷേമവും ആത്മീയമായ അഭിവൃദ്ധിയും, അപ്രകാരം പ്രവർത്തിക്കാതെ ലഭിക്കുന്നതിനു പ്രയാസം. അനേകം മഹാപുരുഷന്മാരുടെ ദീർഘകാലത്തെ ചിന്തയുടേയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ് ഇന്നു കാണുന്ന കലകൾ ജനിച്ചതും വളർന്നതും നശിക്കാതെ നിലനില്ക്കുന്നതും. അവ ലക്ഷക്കണക്കിനു ജനങ്ങളെ ക്ലേശപാശങ്ങളിൽനിന്നു വിമോചിപ്പിക്കുകയും ജീവിതലക്ഷ്യപ്രാപ്തിക്കു സഹായിക്കുകയും ചെയ്തിട്ടുണ്ട്. ആഹാരവസ്ത്രധാരണാദികൾ എന്നപോലെ, പക്ഷേ തദധികം, മനുഷ്യർക്കു കലോപാസനയും അത്യാവശ്യം തന്നെ. അതിന്റെ പരിവർജ്ജനം കഷ്ടസ്ഥിതികളെ വർദ്ധിപ്പിക്കുന്നതിനല്ലാതെ അല്പവും കുറയ്ക്കുന്നതിനു സഹായിക്കുകയില്ലെന്നു തീർച്ചയായും അഭിപ്രായപ്പെടാം.

കലാസമുദായാദികളുടെ അന്യോന്യബന്ധത്തെക്കുറിച്ചു ഈ ഉപന്യാസത്തിന്റെ ആരംഭത്തിൽ ഞാൻ ചൂണ്ടികാണിച്ചിട്ടുണ്ട്. അവയിൽ കലസർവ്വപ്രധാനം. തദഭിരുചി ദേവന്മാർക്കും ഋഷികൾക്കുംകൂടി കൈവന്നിരിക്കുന്നതെന്നുമുൻപു പറഞ്ഞുവല്ലോ. അതു ഏതുനിലയിലും മനുഷ്യർക്ക്, ദുഃഖപൂർണ്ണമായ ലോകത്തിൽ ജീവിക്കുന്നിടത്തോളംകാലം, പ്രത്യേകിച്ചും അത്യാവശ്യമെന്നു സിദ്ധിക്കുന്നു. അതൊന്നില്ലെങ്കിൽ ജീവിതം ദുർവ്വഹവും വ്യർത്ഥവും ആയിത്തീരും. ഈശ്വരൻ ലോകത്തെ ശോകമയമായി സൃഷ്ടിച്ചു, പിന്നീടു കലകളെ പ്രദാനംചെയ്തു അതിന്റെ പരിഹാരം, അല്ലെങ്കിൽ പ്രായശ്ചിത്തം ചെയ്തു എന്നു എനിക്കു തോന്നുന്നു. ജീവിതം ചുട്ടുപഴുത്ത മണല്ക്കാടാണെങ്കിൽ അതിലെ പരിപാവനമായ ഗംഗയാണ് കല. ലോകത്തെ അരണ്യമായി കല്പിച്ചാൽ അതിലെ നന്ദനോദ്യാനമായി കലാസമുദായത്തെ വിചാരിക്കാം. കരുണാനിധിയായ ഈശ്വരൻ മനുഷ്യർക്കു ചെയ്തിരിക്കുന്ന അനുഗ്രഹങ്ങളിൽ ഏററവും വലിയതും അതൊന്നത്രേ. ഈ മാഹാത്മ്യം അറിഞ്ഞു അവയെ യഥാശക്തി ആരാധിക്കേണ്ടതു എല്ലാവരുടേയും കടമയാകുന്നു. അപ്രകാരം കലകൾക്കു അഭിവൃദ്ധിസംഭവിക്കുമ്പോൾ അതോടുകൂടി മനുഷ്യസമുദായത്തിനു കഷ്ടതകൾ നീങ്ങി പാവനമായ ആത്മശ്രേയസ്സും ലോകത്തിനു പൊതുവെ അഭിലഷണീയമായ സ്വാസ്ഥ്യവും കിട്ടുന്നതായിരിക്കും. അഭിരാമവും ആനന്ദപൂർണ്ണവും ആയ ആ ഭാഗ്യാവസ്ഥ അചിരേണ ലോകത്തിനു അനുഭവഗോചരമാകട്ടെ എന്നു പ്രാർത്ഥിക്കാം.

## സോമൻ ആൻറ് പാർട്ടി: ൯



# വിനോദപംക്തി

—ഃ—

(സരോജ രമേശ്)

അക്രമി—"മര്യാദയ്ക്കു നിൻെറ കയ്യിലുള്ളതെല്ലാം ഇങ്ങെടുക്ക്. അല്ലെങ്കിൽ അടിച്ചു നിൻെറ തലച്ചോറു തെറിപ്പിക്കും."

പാന്ഥൻ—"ശാഹോ വിരോധമില്ല. ഈ നാട്ടിൽ തലച്ചോറില്ലാതെ ജീവിക്കുവാൻ സാധിക്കും. പക്ഷേ പണമില്ലാതെ ഒരു ദിവസം പോലും ജീവിക്കുവാൻ സാധിക്കുകയില്ല."

* * *

വിവാഹിതയാകാൻ പോകുന്ന സിനിമാതാരം പറയുകയാണ് "ഞങ്ങളുടെ ദാമ്പത്യജീവിതം ആനന്ദകരമായിരിക്കും. ഞങ്ങളുടെ ചിന്തയ്ക്കു അത്രമാത്രം ഐക്യമുണ്ട്. അദ്ദേഹം എൻെറ സൗന്ദര്യത്തെ ആരാധിക്കുന്നു. ഞാനും അങ്ങനെ തന്നെ. പിന്നെ അസുഖത്തിൻെറ ലാഞ്ഛനപോലും എങ്ങനെ ഉണ്ടാകാനാണ്!"

* * *

മദ്യപാനിയുടെ ഭാര്യ: "ഞാൻ ധർമ്മസങ്കടത്തിൽപ്പെട്ടിരിക്കുകയാണ്. എൻെറ ഭർത്താവിനു പച്ചവെള്ളമല്ലാതെ വേറെ എന്തെങ്കിലും കുടിക്കാൻ കൊടുത്താൽ ഞാൻ അദ്ദേഹത്തെ കൊല്ലുകയായിരിക്കും എന്നു ഡാക്ടർ പറഞ്ഞു."

"അതിൽ ഇത്ര വിഷമിക്കാനെന്താണ്?"

"ഞാൻ പച്ചവെള്ളംകൊണ്ടു കൊടുത്താൽ അദ്ദേഹം എന്നെത്തന്നെ കൊല്ലുമല്ലോ."

* * *

"ഞാൻ നിന്നെ വിവാഹം കഴിക്കുന്നതു് നിനക്കു സമ്മതമാണോ?"

"ധൈര്യവും ബുദ്ധിയുമുള്ള ഒരാൾമാത്രമേ എന്നെ വിവാഹം ചെയ്യാൻ ഞാൻ അനുവദിക്കുകയുള്ളു."

"അന്നു് വള്ളംകളിക്കു പോയപ്പോൾ ഞാനല്ലേ നിന്നെ രക്ഷപ്പെടുത്തിയതു്?"

"ശരി, അതു് ധൈര്യലക്ഷണംതന്നെയെന്നു സമ്മതിക്കാം, എന്നാൽ അതിൽ ബുദ്ധി ഉപയോഗിക്കാൻ ഒന്നുമില്ലല്ലോ."

"ഉണ്ടായിരുന്നു—അതല്ലേ ഞാൻ പറഞ്ഞതു്—അന്നു വള്ളം കമഴ്ത്തിയതു് ഞാനായിരുന്നു!"

* * *

പോലീസ് സ്റ്റേഷനിൽ.

"മോഷണംപോയതായി ഞാൻ അറിയിച്ചിരുന്ന പേഴ്സ് കിട്ടി. എൻെറ വീട്ടിൽത്തന്നെ ഉണ്ടായിരുന്നു." ഇൻസ്പെക്ടർ:-"ഇനി നിവൃത്തിയൊന്നുമില്ല. കള്ളനെ പിടിച്ചുകഴിഞ്ഞു. അയാൾ കുററം സമ്മതിക്കുകയുംചെയ്തു."

* * *

അവൾ: "നമ്മുടെവിവാഹം കഴിഞ്ഞാൽ നമുക്കു് മൂന്നു ജോലിക്കാരെ നിറുത്തണം."

അയാൾ: "മൂന്നല്ല, മുപ്പതുപേരെനിറുത്താമല്ലോ. ഓരോരുത്തരെ ആയിട്ടുവേണമെന്നേ ഉള്ളൂ."

* * *

"ആർക്കിമീഡീസ് കുളിക്കാൻ തൊട്ടിയിൽ കയറി കിടന്നപ്പോൾ 'ഞാൻ കണ്ടുപിടിച്ചു' എന്നു പറഞ്ഞുകൊണ്ടു ചാടി എഴുന്നേററു." എന്നു് കുട്ടി പാഠം വായിച്ചു.

ടീച്ചർ—"എന്താണു് കണ്ടുപിടിച്ചതു്?"

കുട്ടി—(ആലോചിച്ചിട്ടു്) 'സോപ്പു്' ആയിരിക്കും സർ."

—ഠ—

# ഗാന്ധിജിയും ടാഗോറും

ജവഹർലാൽ നെഹ്റു

ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള അനേകം മഹാപുരുഷന്മാരെ ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ അവരിലെല്ലാം വച്ചു കൂടുതൽ മഹത്വമുള്ള രണ്ടു മഹാത്മാക്കളാണു് ഗാന്ധിജിയും ടാഗോറുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. എന്നു മാത്രമല്ല, ഈ അടുത്ത അരശതാബ്ദത്തിനകത്തു് ലോകത്തു അവതരിച്ചിട്ടുള്ള മഹാത്മാക്കളിൽവച്ചു ഏററവും മഹത്വമേറിയവർ ഗാന്ധിജിയും ടാഗോറുമാണു്. ഈ പരമാത്ഥം കാലംചെല്ലുന്തോറും ലോകം കൂടുതൽ കൂടുതൽ സമ്മതിച്ചുതരുമെന്നുള്ളതിനു ലേശവും സംശയമില്ല. ഭൂമിയിൽ ഇന്നേവരെ ജീവിച്ചിരുന്ന പരാക്രമശാലികളായ സകല സേനാനായകന്മാരുടേയും സ്വേച്ഛാധിപതികളായ ഭരണാധിപന്മാരുടേയും വിപ്ലവകാരികളായ രാഷ്ട്രീയനേതാക്കന്മാരുടേയും കഥകൾ ഒന്നോടെ ജനങ്ങൾ മറന്നുകഴിഞ്ഞാലും ഈ രണ്ടുപേരുകളും ലോകചരിത്രത്തിൽ എന്നെന്നും തെളിഞ്ഞുകിടക്കുമെന്നാണു് എന്റെ പരിപൂണ്ണമായ വിശ്വാസം.



അടുത്തകാലത്തെ ക്ലേശഭൂയിഷ്ഠമായ പരിതഃസ്ഥിതികളിൽ ഭാരതഭൂമി എങ്ങനെ ഇത്തരം രണ്ടു മഹാന്മാരെ ഒരേകാലത്തു് സൃഷ്ടിക്കുന്നതിനു ശക്തയായിത്തീന്നുവെന്നു എനിക്കു പലപ്പോഴും അത്ഭുതം തോന്നാറുണ്ടു്. ഒരു പക്ഷേ അതു ഇന്ത്യയുടെ അന്തസ്സത്തയുടേയും സംസ്കാരത്തിന്റേയും ഒരുറച്ച ചിഹ്നമായിരിക്കാം. അത്ഭുതകരമായ ഈ പരമാത്ഥങ്ങൾക്കിടയിൽ നമ്മുടെ നാട്ടിൽ ഇന്നു കാണുന്ന നിസ്സാരങ്ങളായ വഴക്കുകളും ലഹളകളും വെറും ക്ഷണികങ്ങളാണെന്നു തോന്നിപ്പോകുന്നു. അതിപ്രാചീനമായ കാലംതുടങ്ങി ഇന്നുവരേയുള്ള ഇൻഡ്യയുടെ ചരിത്രത്തിൽ അമൂല്യങ്ങളായ ചില ആദശങ്ങളുടെ പാരമ്പര്യം നിരന്തരമായി പ്രതിബിംബിച്ചു കാണുന്നുവെന്നുള്ളതു് ഏററവും ആശ്വാസകരമായ ഒരു പരമാത്ഥമാണു്. അതുപോലതന്നെയാണു് ചൈനയുടേയും സ്ഥിതി. ഇങ്ങനേയുള്ള രണ്ടു മഹാരാജ്യങ്ങൾക്കു് എങ്ങനെ വിനാശം പ്രാപിക്കാൻ കഴിയും? എന്നെ എന്നെന്നും അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്ന വേറൊരു സംഗതികൂടിയുണ്ടു്. അതിതാണു്. ഗാന്ധിജിയും ടാഗോറും പാശ്ചാത്യരിൽനിന്നും പല പാഠങ്ങളും പഠിച്ചിട്ടുണ്ടു്. അവരിരുവരും സങ്കുചിതമായ ദേശീയത്വത്തിനുവേണ്ടി ഒരിക്കലും നിലകൊണ്ടിരുന്നില്ല. അവരുടെ സന്ദേശം ലോകത്തിനുവേണ്ടിയായിരുന്നു. എങ്കിലും അവർ പരിപൂണ്ണമായും ഭാരതസംസ്കാരത്തിന്റെ പ്രതിനിധികളും വ്യാഖ്യാതാക്കളുമായിരുന്നു. അതിവിശാലമായ വിജ്ഞാനസമ്പത്തും വിപുലമായ സംസ്കാരവും ലഭിച്ചിരുന്ന ആ രണ്ടു മഹാത്മാക്കളും എല്ലാ കായ്യങ്ങളിലും പൂണ്ണതനിറഞ്ഞ രണ്ടു ഭാരതീയരായിരുന്നു. എന്നാൽ ജ്ഞാനത്തിന്റേയും, ചിന്തയുടേയും, സംസ്കാരത്തിന്റേയും ഒരേ കലവറയിൽനിന്നു് ഇഷ്ടംപോലെ പകന്നെടുത്തനുഭവിച്ചുകൊണ്ടിരുന്ന ആ മഹാപുരുഷന്മാക്കു സാമാന്യമായി എത്രയോ ഗുണവിശേഷങ്ങൾ കാൺകെ എങ്ങനെയാണു് പരസ്പരം ഇത്ര വ്യത്യാസങ്ങൾ കാണുന്നുവെന്നുള്ളതു് എനിക്കു എപ്പോഴും വളരെ അത്ഭുതകരമായി തോന്നാറുണ്ടു്. പ്രകൃതിയിലും സ്വഭാവഘടനയിലും ഇവക്കു രണ്ടുപേക്കുമുണ്ടായിരുന്നിടത്തോളമുള്ള വ്യത്യാസം ലോകത്തു മററാക്കും ഞാൻ കണ്ടിട്ടില്ല.

ഗാന്ധിജിയേയും ടാഗോറിനേയും പരസ്പരം താരതമ്യപ്പെടുത്തുന്നതു വളരെ രസകരമായ ഒരു ജോലിയാണു്. രാജസപ്രഭാവനായ ഒരു കലാകാരനാണു് ടാഗോർ. എന്നാൽ സാമാന്യജനങ്ങളോടുള്ള അനുകമ്പാർദ്രതകൊണ്ടു ഒരു ജനായത്തഭരണവാദിയായി അദ്ദേഹം മാറി. എങ്കിലും ജീവിതത്തെ അതിന്റെ പരിപൂണ്ണതയിൽ വീക്ഷിക്കുന്നതിനും അതനുസരിച്ചു ജീവിക്കുന്നതിനും ഉപദേശിക്കുന്ന ഭാരതീയസംസ്കാരത്തിന്റെ ഒരു യഥാത്ഥ പ്രതിനിധിയായിട്ടാണു് അവിടേയും അദ്ദേഹം പ്രത്യക്ഷപ്പെടുന്നതു്. പക്ഷേ, ആനന്ദാത്മകമായ ജീവിതത്തിന്റെ സാക്ഷാൽക്കാരം ടാഗോർ കാണുന്നതു്. കവിതയിലും സംഗീതത്തിലും നൃത്തത്തിലുംകൂടിയാണു്.



പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽനെഹ്റു

ഗാന്ധിജിയാകട്ടെ ആസമഗ്രം സാമാന്യജനങ്ങളുടെ പ്രതിനിധിയാണു്. ഇന്ത്യയിലെ അശരണരായ കോടാനുകോടി കർഷകരേയും തൊഴിലാളികളേയും അദ്ദേഹം പ്രതിനിധീകരിച്ചു. ത്യാഗവും സേവനവും എന്ന മഹത്തായ രണ്ടു ഭാരതീയാദർശങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി ആ മഹാത്മാവു ജീവിച്ചു.



ടാഗോർ ചിന്തകനായ ഒരു ജ്ഞാനയോഗി ആണെങ്കിൽ ഗാന്ധിജി നിരന്തരമായി പ്രവത്തിച്ചുകൊണ്ടിരുന്ന ഒരു കമ്മയോഗിയായിരുന്നു. ജീവിതത്തോടു രണ്ടുപേക്കും സാവ്വലൌകികമായ ഒരു വീക്ഷണഗതി ഉണ്ടായിരുന്നു. അതേസമയം അവരിരുവരും അവരുടെ ഭാരതീയത്വം പരിപൂണ്ണമായി പുലത്തിക്കൊണ്ടുംപോന്നു. വ്യത്യസ്തമാണെങ്കിലും പരസ്പരവിരുദ്ധമല്ലാത്ത ചില ഭാരതീയാദർശങ്ങൾക്കു വേണ്ടിയാണു് ആ രണ്ടു മഹാന്മാരും ജീവിച്ചിരുന്നതു്. പക്ഷേ അതിൽ ഒരാളിനു് എന്തെങ്കിലും കുറവുകളുണ്ടായിരുന്നെങ്കിൽ അതു തീച്ചയായും മറെറയാൾ പരിഹരിച്ചിരിക്കും. ഇങ്ങനെ പ്രശസ്തവും പാവനവുമായ ഭാരതീയസംസ്കാരത്തിന്റെ രണ്ടു യഥാത്ഥ പ്രതിനിധികൾ നമ്മുടെ കാലത്തും ജീവിച്ചിരുന്നുവെന്നും നമുക്കും മററുള്ളവക്കും അവർ നേരിട്ടു മാഗ്ഗനിർദ്ദേശംചെയ്തുവെന്നുമുള്ള കാര്യങ്ങൾ എന്നും നമുക്കു് അഭിമാനപൂവ്വം സ്മരിക്കാൻ കഴിയും. (കെ. സി. പി)

—o—

## കനിയൂ ദേവീ!

—o—

ചവറ ജനാർദ്ദനൻപിള്ള

സരസേ, മാമകജീവിതമരുവൊരു
സുമവനിയാക്കിടുമത്ഭുതറാണീ
സരളേ, സുന്ദരഗീതകനിഭൃതക
പരമരസാമൃതമരുളും വാണീ
അനിതരമംഗളരംഗവിഭൂതിക-
ളനുദിനമേകിടുമല്ലോഭവി നീ
തവനികടത്തിലണഞ്ഞഹമെന്നാ-
ണവികലശാന്തിസ്വാദിക്കും ദേവീ?
പുലരിയിലുയരും ശബളാഭയിലും
മലരിലുമാമധുഗീതങ്ങളിലും
നിരനിരയായിത്തെളിയും താരക-
നിരയിലുമുത്തമസ്വത്തോൽസുകനീ
എവിടെവിടെല്ലാം തിരയുന്നിതുഞാൻ
അവിടവിടെല്ലാമുയരുന്നിതു നീ
അലയുംപവനനുമലറുംകടലും
വിടരുംമലരുകളിയലും ലതയും
ഉണർവ്വുൾക്കൊൾവതു നിന്മണിവീണാ-
കണിതമുയന്നു പരന്നാലല്ലേ?
ഒരുമൃദുലസ്മിതകുളിരൊളിചൊരികിൽ
അരുളിടുമായിരമമരാവതി ഹാ!
വിരവിലണഞ്ഞാലതുപോലെ ഞാനെൻ
നിനവുകളൊക്കെ മറന്നീടുകിലും
കലയിൽ കാന്തിപൊഴിയിക്കുംപോലെ
കരളിൽ രാഗമിണങ്ങുംപോലെ
അഴകിന്നഴകേ! നിന്നിലലിഞ്ഞൊരു
മഴവില്ലായിമറഞ്ഞാൽ മതിമതി!!
തരളിതഭാവനതതിനുരയിട്ടും
മുരളികമോഹനഗീതമുതിത്തും
കുതികൊൾവുജ്ജ്വലമതിയിന്നവിടെ-
ജ്ജ്യോതിമോഹനമാംതവകോവില്ക്കൽ.
പിരിയാതകലാതമരാമിനിയെൻ
സരസേ! സരളേ! കനിയൂ ദേവീ....!!

## വേലിയേററം

—o—

മുത്തൂർ രാഘവൻനായർ

......കൊടുംകാററിൽപ്പോലുമിളകാതെ സുദൃഢനായി നിലകൊള്ളുന്ന പവ്വതശ്രേഷ്ഠനെ പ്രക്ഷുബ്ധസാഗരം പരസ്യമായി വെല്ലുവിളിക്കുന്നു. ഈ കടുത്ത വേലിയേററത്തിൽ അചലപുംഗവന്റെ അടി പതറുകതന്നെ ചെയ്യും. പക്ഷേ കുന്നുകൾ മുങ്ങി നശിക്കുമോ എന്തോ?........

അലകടലുകളലറുകയാ-
ണചലാധിപ, കരുതുക, നി-
ന്നടിവാരം തട്ടിത്തകക്കുമിഞ്ഞാൻ
ചൊകചൊകയായുരുന്ന
തിരമാലകൾ കണ്ടില്ലേ?
തകരാറായറ യുക നിനശക്തിദുഗ്ഗം!
ഞെളിയേണ്ടാ, പിരിയേണ്ടാ,
വെറുമൊരു ചലനത്താൽ
പൊളിയാറായറിയുകനിമ്പോക്കുവചം
മറിമായം നിറയുന്ന
'നിയമങ്ങൾ' കൊണ്ടൊന്നു-
മറിയാതെ,മറിയാതെ നീ ജയിപ്പൂ!
അതി'മാനം' നേടിയും,
സുവിമാനം', ചൂടിയും,
അചലാധിപ, പടിവിയിൽനീലസിപ്പൂ!
ഞൊടിയിടയിൽക്കാണുകനി-
ന്നടിയിളകും;-തിരമാല-
പ്പടയാളികളിളകുന്നു ശൈലമൂത്തേ,

## കാർട്ടൂൺചിത്രങ്ങൾ

—o—

കാർട്ടൂൺസിനിമ കാണുന്നതിൽ പ്രേക്ഷകലോകം ഇന്നു വലിയ ഔത്സുക്യം പ്രദർശിപ്പിക്കുന്നുണ്ടു. പക്ഷേ കാർട്ടൂൺസിനിമയുടെ ഉത്ഭവത്തേയും വളച്ചയേയുംകുറിച്ചു് പലരും ചിന്തിച്ചുകാണുമെന്നു തോന്നുന്നില്ല. കാർട്ടൂൺസിനിമയുടെ ഒരു സംക്ഷിപ്തചരിത്രം നൽകുന്നതു് വായനക്കാക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇംഗ്ലണ്ടിലെ ചില പ്രസിദ്ധചിത്രകാരന്മാരാണു് കാർട്ടൂൺ സിനിമ നിമ്മിക്കാമെന്ന ആശയം ആദ്യമായി പ്രവത്തനപഥത്തിൽ കൊണ്ടുവന്നതു്. അവർ ആദ്യം കാർഡുബോർഡിൽ ചിത്രങ്ങൾ വരച്ചു് ചായം കൊടുത്തു് അവ വെട്ടിയെടുത്തു് നൂലുകൊണ്ടു് കെട്ടിബന്ധിച്ചു് ഒരു മോഡലുണ്ടാക്കി അതിനുശേഷം മോഡലിനെ സന്ദഭാനുസരണം ചലിപ്പിച്ചു് ഛായാഗ്രഹണം നിർവഹിച്ചു. ഓരോ തവണ ക്യാമറാ ഉപയോഗിക്കുമ്പോഴും മോഡൽ ഒരിഞ്ചിന്റെ നൂറിലൊരംശം മാത്രമാണു് ചലിപ്പിക്കപ്പെട്ടിരുന്നതു്. ൫൦ അടി നീളമുള്ള ഒരു ചെറിയ കാർട്ടൂൺഫിലിം നിമ്മിക്കുവാൻ ഈദൃശമായ ൨൦൦൦൦ ചലനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബ്രിട്ടനിലെ "കെൻകാർട്ടൂൺ കോമഡിക്കാരാണു്" കാർട്ടൂൺഫിലിമുകൾ ആദ്യമായി നിമ്മിച്ചതു്.

൧൯൧൭-ൽ ഹോളിവുഡ്ഡിലും കാർട്ടൂൺ ചിത്രങ്ങളുടെ നിമ്മാണം ആരംഭിച്ചു. "മട്ട് ആൻഡ് ജെഫ്" എന്ന കാർട്ടൂൺചിത്രമായിരുന്നു ഹോളിവുഡ്ഡിൽ ആദ്യമായി നിമ്മിച്ച കാർട്ടൂൺ ചിത്രം. ആരേയും രസിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ഫലിതങ്ങൾ പ്രസ്തുത ചിത്രത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ക്രമേണ ഹോളിവുഡ്ഡിലെ കാർട്ടൂൺസിനിമാ നിമ്മാതാക്കൾ അഭിലഷണീയമായ പല പരിഷ്കാരങ്ങളും പ്രസ്തുത കലാശാഖയിൽ ഉൾപ്പെടുത്തുകയുംചെയ്തു. പ്രാരംഭകാലത്തു് പട്ടി, ആമ, സിംഹം മുതലായ മൃഗങ്ങളെയാണു് കഥാപാത്രങ്ങളായി സ്വീകരിച്ചിരുന്നതു. ബ്ലാക്ക്ടൺഗ്രാഫ് എന്നൊരു അമേരിക്കൻ ചലച്ചിത്രകമ്പനിക്കാർ "മഷിക്കുപ്പിയിൽനിന്നു്" എന്നപേരിൽ തുടച്ചയായി കുറേ കാർട്ടൂൺചിത്രങ്ങൾനിമ്മിച്ചു. ൧൯൨൨-ൽ ഒരു പുതിയ "കാർട്ടൂൺതാരത്തെ" ആവിഷ്കരിക്കുകയുണ്ടായി. ഈ താരത്തിനു ലോകത്തിൽ എവിടെയും വലിയ സ്വീകരണവും ലഭിച്ചിരുന്നു. "ഫെലിക്സ് ദി ക്യാററ്" എന്നായിരുന്നു ആ താരത്തിന്റെ പേരു്. ഒരു മനുഷ്യതാരത്തിനുലഭിക്കാത്ത സ്വീകരണമാണു് "ഫെലിക്സ് ദി ക്യാററ്" എന്ന താരത്തിനു ലഭിച്ചതും. അതിനുശേഷം "ക്രേസി ക്യാററ്" എന്ന മറെറാരു പ്രഖ്യാത കാർട്ടൂൺസിനിമയും ഹോളിവുഡിൽ നിമ്മിക്കുകയുണ്ടായി.

൧൯൨൮-ൽ ഒരു ന്യൂസ്പേപ്പർ കാർട്ടൂണിസ്റ്റായ വാൾട്ട്സിഡ്നി പത്രത്തിലെ ജോലി ഉപേക്ഷിച്ചിട്ടു് കാർട്ടൂൺസിനിമാനിമ്മാണത്തിൽ തല്പരനായി. കാർട്ടൂൺസിനിമാനിമ്മാണം സംബന്ധിച്ചു ഒരു പദ്ധതി അദ്ദേഹം ആസൂത്രണംചെയ്തു് യൂണിവേഴ്സൽകമ്പനിക്കാരുടെ അംഗീകരണത്തിനായി സമപ്പിച്ചു. സിഡ്നിയുടെ ആശയമനുസരിച്ചുള്ള കാർട്ടൂൺചിത്രങ്ങൾ നിമ്മിക്കുന്നതിനു് വമ്പിച്ച മൂലധനംമുടക്കേണ്ടിയിരുന്നതിനാൽ അവർ ആ പദ്ധതി സ്വീകരിച്ചുമില്ല. സിഡ്നി നിരാശനാകാതെ സ്വന്തം പണം മുഴുവൻ ചെലവുചെയ്തു് "മിക്കിമൗസ്" എന്നൊരു കാർട്ടൂൺസിനിമ നിമ്മിക്കുന്നതിനു ശ്രമമാരംഭിച്ചു. അവസാനം ആ കലാകാരൻ സമ്പൂണ്ണമായി വിജയിക്കുകയും ചെയ്തു. അദ്ദേഹം നിമ്മിച്ചചിത്രത്തിനു് പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരണവും ലഭിച്ചു. വാൾട്ടുസിഡ്നിയുടെ കാർട്ടൂൺചിത്രത്തിലെ ഫലിതവും ഹാസ്യവും കാണികളെ വളരെയധികം ആകർഷിക്കുകയും ചെയ്തു. തുടന്നു് സിഡ്നി ടെക്നികളർകാർട്ടൂൺസിനിമാകളും നിമ്മിക്കപ്പെടുകയും അവയ്ക്കു പ്രചുരപ്രചാരം ലഭിക്കുകയുംചെയ്തു. അടുത്തകാലത്തു് "ത്രികാബല്ലറോസ്" എന്നൊരു കാർട്ടൂൺ സിനിമ സിഡ്നി നിമ്മിച്ചു; ഇതു "മനുഷ്യതാരങ്ങളേയും" "കാർട്ടൂൺ താരങ്ങളേയും" കൂട്ടിയിണക്കി പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ടു.

ഒരു "മിക്കിമൗസ്" കാർട്ടൂൺസിനിമ നിമ്മിക്കുന്നതിനു് സാങ്കേതികപരിജ്ഞാനം ലഭിച്ചിട്ടുള്ള അറുപതുപേരുടെങ്കിലും സേവനം ആവശ്യമാണു്. ആദ്യമായി നിമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കഥാസന്ദഭങ്ങളെല്ലാം പെൻസിലിൽ വരയ്ക്കണം. അതിനുശേഷം ആ ചിത്രങ്ങളെല്ലാം സെലിലോയ്ഡ് ഷീററുകളിൽ മഷികൊണ്ടു് പകത്തണം. തുടന്നു് സെല്ലുലോയിഡു ചിത്രങ്ങൾക്കു് ആവശ്യമുള്ള നിറങ്ങൾ നൽകുന്നു. ഇത്രയും ജോലിപൂത്തിയാക്കിയിട്ടാണു് ഛായാഗ്രഹണം ആരംഭിക്കുന്നതു്. ചിത്രങ്ങളുടെമേൽ ക്യാമറാ തലകീഴായി ഉറപ്പിച്ചിട്ടാണു് ഫോട്ടോ പിടിക്കുന്നതും. ചിത്രങ്ങൾ ചലിപ്പിക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ടു്. ഫിലിമുകളായി പൊരുത്തമുള്ള രീതിയിൽ ശബ്ദങ്ങളും പാട്ടുകളും നൃത്തങ്ങളും കൂട്ടിച്ചേക്കണം. വൈദഗ്ദ്ധ്യത്തോടെ ഈ ക്രമങ്ങളെല്ലാം നിർവ്വഹിച്ചാൽ ഒരു "മിക്കിമൗസ്" കാർട്ടൂൺ സിനിമതയ്യാറാക്കാൻ സാധിക്കുന്നതുമാണു്. സിഡ്നി തന്റെ ചിത്രങ്ങൾക്കു് ആദ്യമായി കണ്ടുപിടിച്ചതു ഒരു ചുണ്ടെലിയായിരുന്നു. സിനിമയുടെ ചരിത്രത്തിൽ അത്യന്തം രസകരമായ ഒരു അദ്ധ്യായം രചിക്കുന്നതിനു് ചിരേണ അദ്ദേഹത്തിനു് സാധിച്ചു.

—o—



ഏപ്രിൽ ഒന്നാംതീയതി കാലത്ത് പകിസ്ഥാനിലേയ്ക്കു യാത്രയാകുന്നതിനുമുമ്പ് പണ്ഡിതനെഹ്റു സർദാർ പട്ടേലുമായും മി. ആർ. ആർ. ദിവാകരനുമായും സംസാരിച്ചുകൊണ്ടു നിൽക്കുന്നതു്.



റബ്ബർകൃഷിവിദഗ്ദ്ധനായിരുന്ന പരേതനായ മി: എസ്സ്. വേലായുധൻപിള്ള. ഇദ്ദേഹം തെക്കേ ഇന്ത്യയിൽ യൂറോപ്യന്മാരുടെയും ഇന്ത്യാക്കാരുടെയും വക റബ്ബർതോട്ടങ്ങളിൽ സൂപ്രണ്ടായും മററും ദീർഘകാലത്തെ പ്രശസ്തസേവനം നിർവ്വഹിച്ചിരുന്നു. കഴിഞ്ഞ എട്ടുകൊല്ലമായി ഇദ്ദേഹം മെ: എ. വി. തോമസ് കമ്പനിയിൽ ഇൻസ്പെക്ടർ അഫ് എസ്റ്റേററസ് ആയിട്ടു തിരു-കൊച്ചിയിലും മലബാറിലും നീലഗിരിയിലും സേവനമനുഷ്ഠിച്ചിരുന്നു. ഇദ്ദേഹത്തിന്റെ പ്രശസ്തസേവനത്തെ പരിഗണിച്ചു പല യൂറോപ്യൻതോട്ടമുടമസ്ഥന്മാരും പ്രശംസാപത്രങ്ങൾ നൽകിയിട്ടുണ്ടു്. മരിക്കുമ്പോൾ ഇദ്ദേഹത്തിനു ൫൫ വയസ്സ് പ്രായമുണ്ടായിരുന്നു. കൊല്ലത്തെ പുത്തേത്തുഭവനത്തിൽ ഡാ: എസ്. ആർ. നായർ (ബോംബെ) എം. ബി. ബി. എസ്, ഡാ: എസ്. പുന്നൻ എന്നിവരുടെ മൂത്തസഹോദരനാണു് ഇദ്ദേഹം.

# രോഹിണീകളകളാരവം

## (ഒരു വർണ്ണന)

ബോധാഘനാനന്ദ

ചരിത്രപ്രസിദ്ധമായ, പരിപാവനമായ ഈ സംഭവം നടന്നതു് ഏകദേശം ൨൫൦൦ സംവത്സരങ്ങൾക്കു മുമ്പാണു്. വസന്തകാലം ആഗതമായി. വൃക്ഷലതാദികളും മനോഹരങ്ങളായ പത്രങ്ങളെക്കൊണ്ടു പ്രകൃതിദേവിയെ തലോടിത്തലോടിക്കഴിയുമ്പോൾ വിചിത്രവർണ്ണങ്ങളോടുകൂടിയ സുഗന്ധപുഷ്പങ്ങൾ സുഗന്ധവാഹിനിയായ മന്ദമാരുതനെക്കൊണ്ടു പരിമളമുള്ളവളാക്കി തീർത്തു് അവളുടെ ഉത്കർഷ്യവിനെ മന്ദീഭവിപ്പിക്കുന്നു. ഹിമാലയപ്രാന്തങ്ങളുടെ ഒരു ഭാഗത്തു ആ മനോഹരമായ കപിലവസ്തു എന്ന വിശ്വവിഖ്യാതമായ പട്ടണം ആ ഐശ്വര്യസമ്പന്നമായ ഗൗതമബുദ്ധന്റെ വരവിനെ പാർത്തുംകൊണ്ടു രോഹിണീനദിയുടെ സമ്പർക്കത്താൽ ഫലഭൂയിഷ്ഠമായി, ലക്ഷ്മീലാളിതയായി, പരിലസിക്കുന്നു.

അന്നു രോഹിണീതീരത്തിൽ ആ പാറക്കൂട്ടങ്ങളുടെ മേൽ അവർ ഇരിക്കുന്നു. സായംഹനസ്സുശ്ശൻ പശ്ചിമാശയത്തിൽ അന്തർദ്ധാനം ചെയ്യാനൊരുങ്ങുന്നു. പശ്ചിമാംബരമേഘസമൂഹങ്ങൾ രക്താംബരധാരികളായുല്ലസിക്കുന്നു. ഹിമാചലപ്രദേശങ്ങളിൽനിന്നടിക്കുന്ന മാരുതൻ രോഹിണീസമ്പർക്കത്താൽ പൂർവ്വാധികം ശീതളയുക്തമായിത്തീരുന്നു. കീ കീ, കിച്ച കിച്ച, കൂ കൂ, ശബ്ദങ്ങളോടെ മനോഹരങ്ങളായ പലജാതി പക്ഷിവൃന്ദങ്ങൾ ചേക്കേറി മൗനമവലംബിക്കുന്നു. കളകള (തൃഷ്ണയെ കളഞ്ഞാലും തൃഷ്ണയെ ഉപേക്ഷിച്ചാലും) ശബ്ദത്തോടെ രോഹിണി, സന്ധ്യാദേവിയുടെ പാദസ്പർശനവേളയിൽ ഈശപ്രാസ്ഥാനത്തോടുകൂടി ദേവിയുടെ പാദങ്ങളെ സ്ഫടികനിർമ്മലമായ തന്റെ ജലത്തെക്കൊണ്ടു് ക്ഷാളനം ചെയ്തുകൊണ്ടു, അവർ പറഞ്ഞതെല്ലാം ശ്രദ്ധയോടെ ശ്രവിച്ചുംകൊണ്ടു്, വാരിധിയെനോക്കി ഗമിക്കുന്നതുകണ്ടാൽ മനുഷ്യരാശി ഒന്നാകെ ജനനമരണകാരണമായ തൃഷ്ണയെ ഉപേക്ഷിച്ചു്, ശുദ്ധമനസന്മാരായി, ഏകാഗ്രചിത്തന്മാരായി, നിഷ്കാമകർമ്മികളായി, സച്ചിദാനന്ദപരിധിയെ ലാക്കാക്കി — ഈശ്വരസന്നിധാനത്തിലേയ്ക്കു് ധൃടുതിയിൽ ഗമിക്കണമെന്നു്, പ്രായോഗികമായിക്കാണിച്ചുതരികയാണോ എന്നുതോന്നിപ്പോകും.

മായ, തന്റെ പത്മദളസമാനമായ പാദങ്ങളെ രോഹിണിയിൽനിന്നും പിൻവലിക്കുന്നു. ശുദ്ധോദനൻ തന്റെ ആജാനബാഹുവിനെ മെല്ലെ റാണിയുടെ ശിരസ്സിൽനിന്നും എടുക്കുന്നു. "അതു് എന്റെ മായയുടെ കുഞ്ഞായിരിക്കയില്ലല്ലോ", എന്നു്, "അതിനെന്താ, ഒരു വിവാഹംകൂടികഴിച്ചുകൂടേ? ഞാനും മായയും ആ മൂന്നാമത്തെ ഭാര്യയെ സ്നേഹശുശ്രൂഷകളെക്കൊണ്ടു് ബഹുമാനിച്ചേയ്ക്കാമല്ലോ", എന്നു സ്വസ്വരവദനയായി പറഞ്ഞ പ്രജാപതിയോടു് ശുദ്ധോദനൻ പറയുന്നു. തോളിൽനിന്നും തന്റെ കൈ പൊടുന്നനവേ പിൻവലിക്കുന്നു. ഏവരും എഴുന്നേററു.

ശുക്ലപക്ഷത്തിലെ പൂർണ്ണചന്ദ്രൻ രണ്ടുമനോഹരങ്ങളായ നക്ഷത്രങ്ങളാൽ അനുഗമിക്കപ്പെടുന്നതുപോലെ ശുദ്ധോദനമഹാരാജാവു് തന്റെ റാണിമാരായ മായയും പ്രജാപതിയുമൊന്നിച്ചു്, അഴകേറിയുള്ള കാടുകളേയും, രോഹിണിയെത്തന്നെയും, ആ പാറക്കൂട്ടങ്ങളേയും പിന്നിലാക്കി മെല്ലെ കൊട്ടാരത്തിലേക്കു ഗമിച്ചു. അതെ, പൂർണ്ണചന്ദ്രനെപ്പോലെ ഒരോററ സന്തതിപോലും തനിക്കിതുവരെയുമുണ്ടായിട്ടില്ലല്ലോ എന്നുള്ള ദുഃഖമാകുന്ന കളങ്കം അതാ ആ മുഖത്തിൽ കളിയാടുന്നു. 'ഞാൻ പറഞ്ഞതെന്തുകൊണ്ടു് മഹാരാജാവു കേൾക്കുന്നില്ല; എന്നാണു ദുഃഖം അദ്ദേഹത്തിനു്?' എന്നിങ്ങനെ പ്രജാപതി ചിന്തിക്കുന്നോ? മൂത്ത റാണി മായയും മൗനംതന്നെ അവലംബിക്കുന്നു ഒരുപക്ഷേ. തന്റെ സ്വപ്നങ്ങളെപ്പററിയും, അടിക്കടി ഉണ്ടാകാറുള്ള ദർശനങ്ങളെപ്പററിയും അക്കരെയുള്ള പർവ്വതപ്രദേശങ്ങളെപ്പററിയുമായിരിക്കുമോ ആ ദേവി ചിന്തിക്കുന്നതു്? അതോ, തനിക്കൊരു ശിശു തീർച്ചയായിട്ടും സംജാതമാകുമെന്നുള്ള വിചാരത്താൽ ആനന്ദംകൊണ്ടു മതിമറന്നവളായി കാണപ്പെടുകയായിരിക്കുമോ? അതോ ആ അത്ഭുതശിശുവിന്റെ — ബോധിസത്വന്റെ — ജനനത്താൽ ആനന്ദാതിരേകത്താൽ ഏഴരവസന്തങ്ങളിൽ തന്റെ അന്തർദ്ധാനംചെയ്യുമെന്നുള്ള പരമാർത്ഥം വന്ധ്യായ ദേവി ഒളിച്ചുവയ്ക്കാൻ ബദ്ധപ്പെടുകയായിരിക്കുമോ? ആർക്കറിയാം.

മാർബിൾക്കല്ലുകളാൽ നിർമ്മിക്കപ്പെട്ട ആ സോപാനത്തിനു മനോഹരമായ കട്ടിലിൻനിന്ന് മായ, ഞെട്ടിയല്ല, സന്തോഷപരവശയായി ഉണരുന്നു. തന്റെ ഭർത്താവിനെ, പരിഭ്രാന്തിയോടുകൂടിയല്ല ശാന്തശീലയായി കുലുക്കിവിളിക്കുന്നു. "കേട്ടാലും, കേട്ടാലും, ഉണരുക, ഉണരുക, ഞാനൊരു സ്വപ്നംകണ്ടു. ദിവ്യന്മാരായ നാലു ദിക്പാലന്മാർ വന്നു് എന്നെ ഉയർത്തിയെടുത്തു് ആ പർവ്വതപ്രദേശങ്ങളിലേക്കു കൊണ്ടുപോയി അവിടെ കിടത്തി. ദേവന്മാർ വന്നു് എന്നെ പരിശുദ്ധമായ ഒരു തടാകത്തിൽ കുളിപ്പിച്ചു, ശാരീരികവും മാനസികവുമായ സകല മാലിന്യങ്ങളിൽനിന്നും എന്നെ വിമുക്തയാക്കി, സ്വർണ്ണമയവും, ദിവ്യങ്ങളും കാന്തിചിന്തുന്നതുമായ വസ്ത്രങ്ങളെ എന്നെ അണിയിച്ചു. ശരീരവും എന്റെ ചുററുപാടും സുഗന്ധദ്രവ്യങ്ങൾതളിച്ചു് പരിമളമുള്ളതാക്കിത്തീർത്തു. വീണ്ടുമവരെന്നെ അവിടെ കിടത്തി. ദിവ്യനും, പ്രശാന്തനും, മുല്ലപ്പൂപോലെ ധാവള്യമുള്ളവനുമായ ഒരു ഹസ്തി ആ വൃക്ഷക്കൂട്ടങ്ങളുടെ ഇടയിൽ സൈരവിഹാരംചെയ്യുന്നതു ഞാൻ ദർശിച്ചതും അതെന്നെ സമീപിച്ചതും ഒന്നായിക്കഴിഞ്ഞു. തുമ്പിക്കൈകൊണ്ടു് എന്റെ ദക്ഷിണഭാഗത്തെ അതു് സ്പർശിച്ചു. എന്തൊരത്ഭുതം, വെള്ളിക്കുന്നുകൾ നാലുപോലെ അതുരുകിത്തുടങ്ങി. പൊടുന്നനവേ ആ വിദ്യുന്നാളം എന്റെ ഗർഭപാത്രത്തിൽ പ്രവേശിക്കുകയുംചെയ്തു. ദിവ്യപ്രഭാപൂരം ചിന്തുന്ന ഒരത്ഭുതപ്രദീപം ഇരുട്ടിനിടയിൽ ഞാൻ ദർശിച്ചു, ആകാശത്തിൽ യക്ഷ, കിന്നര, ദേവന്മാർ എന്റെ ആനന്ദത്തിന്റെ മഹിമയെ വാദ്യഘോഷങ്ങളെ മുഴക്കികൊണ്ടു പുകഴ്ത്തുന്നുണ്ടായിരുന്നു. ഹാ, അങ്ങയുടെ സൗഭാഗ്യം!'

"അതെ, അതെ, ഞാനും കേൾക്കുകയായിരുന്നു ആ വാദ്യഘോഷങ്ങൾ. കയ്യിൽനാദത്തിനെക്കാൾ മനോഹരങ്ങളായ ശബ്ദജാലങ്ങൾ ഒന്നുചേർന്നു് ഒരേഒരു ശബ്ദമായി എന്നെ വിളിച്ചുവിധം അവർ അംബരത്തിൽനിന്നും വിളിച്ചുപറയുന്നതു് ഞാൻ കേട്ടുകൊണ്ടിരിക്കയായിരുന്നു. "വൈശാഖമാസത്തിൽ ശിശു സംജാതനാകും."'

ആനന്ദാതിരേകത്താൽ, ശേഷിച്ച രാത്രിയിൽ അവർക്കുറക്കം വന്നില്ല. സ്വപ്നംകണ്ടനേരിച്ചുകൊണ്ടിരുന്നതിനാലേവർക്കുമുവരേയും സുഖനിദ്രയും ഉണ്ടായില്ല. പ്രഭാതവേളയിൽതന്നെ അന്തരംഗമായ പ്രജാപതിയോടു് വിവരമെല്ലാം പറഞ്ഞു. അസൂയാരഹിതയായ ആ സ്ത്രീരത്നം സന്തോഷത്താൽ മതിമറന്നു്, "ഞാനേക്കണ്ടതെന്നെ ശുശ്രൂഷിക്കും" എന്നുവിചാരിച്ചിരിക്കണമെന്നൊരുഹം. അതെ, പ്രജാപതി ആ തള്ളയില്ലാക്കുഞ്ഞിന്നു — സിദ്ധാർത്ഥന്നു — ജനസമൂഹത്തിന്റെ ദുഃഖകാരണം കണ്ടുപിടിക്കാനുള്ള മാർഗ്ഗാന്വേഷിയായി, ആ അർദ്ധരാത്രിയിൽ, ഉറങ്ങിക്കിടന്നിരുന്ന തന്റെ ഭാര്യയേയും പിഞ്ചുപൈതലിനേയും ഉപേക്ഷിച്ചിട്ടു്, അതായതു് കാമിനീകാഞ്ചനത്യാഗിയായി പ്രിയങ്കരനായ കണ്ടകനായാപരികയറി വിശ്വസ്തനായ ചന്ദനോടൊരുമിച്ചു്, കൊട്ടാരംവിട്ടുന്നതുവരെ, 'കാശ്യപൂരമുന്നതു കാലാവധുന്നതു്'; എന്നുകരുതി രക്ഷിക്കയും ചെയ്തു.

കൊട്ടാരംമുഴുവനും ആനന്ദത്താൽ കളിയാടുന്നു. ശുദ്ധോദനമഹാരാജാവു് ദേവീദേവന്മാരുടെ പൂജയിലും, വിലപിടിച്ചുസാധനങ്ങൾ സജ്ജനങ്ങൾക്കു ദാനംചെയ്യുന്നതിലും പൂർവ്വാധികം ഉൽസുകനാകുമ്പോൾ, മായ വ്രതാനുഷ്ഠാനത്തിലും ഉപവാസത്തിലും, വ്യാപൃതയായപ്പോൾ, പ്രജാപതി ഈ രണ്ടുപേരുടെ ശുശ്രൂഷയിലും പങ്കെടുത്തു.

ഒരു ദിവസം മഹാറാണി മഹാരാജാവിനെ സമീപിച്ചു് പ്രസവാർത്ഥം സ്വഗൃഹത്തിലേക്കു പോകേണമെന്നും അതാണു തങ്ങളുടെ കുലമര്യാദയെന്നും അറിയിച്ചു. റാണിയുടെ എഴുന്നള്ളത്തിനുള്ളതെല്ലാം ഉടനടി ചെയ്തുതീർത്തു. ദേവിസഹോദരിയോടൊന്നിച്ചു് യാത്രതിരിച്ചു. ശുദ്ധോദനൻ അവരെ അനുഗ്രഹിച്ചനുമതി നൽകി, സഖികളും മററു പരിവാരങ്ങളും അവരെ അനുഗമിച്ചു.

ലുംബിനീ പുഷ്പവാടിയുടെ സമീപത്തായപ്പോൾ വിശ്രമാർത്ഥം അവരവിടെ ഇറങ്ങി. പുഷ്പവാടിയിൽക്കൂടെ പുഷ്കരണികളുടെ തീരങ്ങളിൽകൂടി മാലതീമാധവീ മുതലായ ലതാഗൃഹങ്ങളിൽനിന്നു വമിക്കുന്ന സുഗന്ധത്തെ ആസ്വദിച്ചുകൊണ്ടു് മനോഹരങ്ങളായ പക്ഷികളുടെ മധുരസ്വനങ്ങളെ ശ്രവിച്ചുകൊണ്ടു് അക്കിരണങ്ങളിൽ സ്നാനംചെയ്തുകൊണ്ടു് മൃദുലമായ പുൽത്തകിടിയിൽ മന്ദം മന്ദം അവർ രണ്ടുപേരും നടന്നു ഇടതിങ്ങ പുഷ്പിച്ചും മനോഹരങ്ങളായ പത്രാവലികളാൽ നിബിഡീകൃതവുമായ പലാശ (പ്ലക്ഷ) തരുവിന്റെ അടിയിൽ എത്തിച്ചേർന്നു. അതാ ആ ശുഭമുഹൂർത്തം ആഗതമാകുന്നു. പ്രജാപതിയുടെ തോളിൽ മഹാറാണി തന്റെ മൃദുലഹസ്തങ്ങളെ സമർപ്പിച്ചുകഴിഞ്ഞു. അംബരത്തിൽനിന്നും സ്വർഗ്ഗീയമായ വാദ്യഘോഷങ്ങൾ മുഴങ്ങിക്കഴിഞ്ഞു. അന്തരീക്ഷം സുഗന്ധവാഹിനിയായ മന്ദമാരുതനാൽ നിറഞ്ഞുകഴിഞ്ഞു. ദിവ്യപ്രഭാപൂരം ചിന്തുന്ന ഇന്ദ്രസമാനന്മാരായ നാലു ദേവതകൾ നാലു ദിക്കുകളിലും കാവൽനിന്നുകഴിഞ്ഞു. പലാശവൃക്ഷത്തിന്റെ മനോഹരങ്ങളായ കൊമ്പുകൾ, എന്തൊരത്ഭുതം; മെല്ലെമെല്ലെ താഴുന്നതാണു് പച്ചയും ചുകപ്പുംപട്ടുകളെക്കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള ഒരു കൃത്രിമമത്തപോലെ പുൽത്തകിടിയിൽ ചേർന്നുപതിഞ്ഞുകഴിഞ്ഞു. മായയും പ്രജാപതിയും അതിൽ നിലകൊണ്ടു. വൃക്ഷശാഖയിൽ മഹാറാണി കൈ താങ്ങിനിന്നു. സഖികൾക്കടുത്തുകടക്കാനേ തോന്നിയില്ല; അവരകന്നു. അതേ, വൈശാഖമാസം, ശുക്ലപക്ഷത്തിലെ പൗർണ്ണമി. ആ അത്ഭുതശിശു ഭൂജാതനായി. രോഹിണീകളകളാരവസന്ദേശവാഹകനായ സിദ്ധാർത്ഥൻ അവതരിച്ചു. അത്ഭുതം, ആ മാതാവിനു യാതൊരുവേദനയും, സാധാരണ മാതാക്കളെപ്പോലെ, അനുഭവിക്കേണ്ടിവന്നില്ല. അലൗകികനായ ശിശുവിനെസംബന്ധിച്ചിട്ടുള്ളതെല്ലാം അചിന്തനീയം, ആദ്ധ്യാത്മികം. അത്ഭുതജലംനിറഞ്ഞിട്ടുള്ള തടാകങ്ങളും നദികളുമെല്ലാം ആ ശുഭമുഹൂർത്തത്തിൽ ശുദ്ധജലതടാകാദികളായി പരിണമിച്ചു. മലിനഹൃദയന്മാരുംകൂടി ശ്രീബുദ്ധദേവനേയും ധർമ്മത്തെയും സംഘത്തേയും ആശ്രയിക്കെ നിഃസ്വാർത്ഥന്മാരായി അഭയംപ്രാപിച്ചിട്ടുണ്ടോ അവരൊക്കെ പരിശുദ്ധന്മാരും നിർമ്മലന്മാരുമായിത്തീർന്നിട്ടുണ്ടു.

ശ്രീബുദ്ധദേവനെ നമുക്കിനിയും ദർശിക്കാനസാദ്ധ്യം. അദ്ദേഹത്തിന്റെ സംഘവും ഈ ഭാരതത്തിൽനിന്നും എന്നേ അന്തർദ്ധാനംചെയ്തു. എന്നാൽ അതാ ആ ധ്വജത്തിൽ ആ ധർമ്മചക്രപ്രതീകം കാററിൽ പാറുന്നു. ധർമ്മാവലംബികളാണു നാം എന്നു സൂചിപ്പിക്കുന്ന ആ പതാക ആകാശത്തിൽ പറന്നാൽ മതിയോ? ഈ ഭൂമിയിലും അതുണ്ടായിരിക്കേണ്ടയോ? ധർമ്മചക്രപ്രവർത്തനം ആരംഭിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. തോളോടുതോൾ ചേരുവിൻ. 'ധർമ്മം ശരണം ഗച്ഛാമി' എന്നു നിസ്വാർത്ഥമായിപ്പറയുന്നതിനു വിഘാതമായിനില്ക്കുന്ന അസൂയ, ദുരഹങ്കാരം, കണ്ണുകടി, ജാതിവ്യത്യാസം, അതിനെക്കുറിക്കുന്ന ചിഹ്നങ്ങൾ ഇവകളെ പാടെ നശിപ്പിക്കുവിൻ. അന്ധകാരവ്യക്തിയെ അത്യന്തവിലപം നമ്മെ മുക്തരാക്കുകയില്ല ഉണരുവിൻ! ഉണരുവിൻ! ജാഗ്രതയുള്ളവരായിട്ടിരിക്കുവിൻ!! ആദർശപ്രാപ്തിക്കായി ജീവനെ ത്യാഗമാകുന്ന വേദിയിൽ ബലികഴിക്കുവിൻ. അഷ്ടദിക്കുകളുമാകുന്ന മണിമകുടങ്ങളെ ധരിച്ചിരിക്കുന്ന ദേവി ഇന്നും കളകളാരവം (തൃഷ്ണയെത്യജിക്കുവിൻ തൃഷ്ണയെ ഉപേക്ഷിക്കുവിൻ) ചെയ്തുകൊണ്ടുല്ലസിക്കുന്നു. ആ ദേവിയുടെ പാദപത്മങ്ങളിലിരുന്നു കൊണ്ടു് "ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി" എന്നുച്ചൈസ്തരം ഘോഷിക്കിൻ. അഭി, അഭി.

# ഗ്രന്ഥവിഹാരം

## ഐശ്വര്യമാല

—ം—

**കമ്പോസ്ററുവളവും പച്ചിലവളവും**
പേജ് ൪൮      വി അ. ൩

**ഭക്ഷ്യോൽപാദനം**
പേജ് ൩൧      വി. അ. ൮

**കാർഷിക യന്ത്രങ്ങൾ**
പേജ് ൫൨      വി. അ. ൧൨

**ശാസ്ത്രീയവളപ്രയോഗം**
പേജ് ൪൮      വി. അ. ൮

**കോഴിവളർത്തൽ**
പേജ് ൫൦      വി. അ. ൮

ഗ്രന്ഥകർത്താ:
കെ. എസ്. നീലകണ്ഠൻ എൻ.ഏ.ജി.
ജി. ഭാരതിഅമ്മ പബ്ളിഷർ,
വെള്ളയമ്പലം, തിരുവനന്തപുരം.

ഭക്ഷ്യോൽപാദനമാണ് ഇന്നു നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നമെന്നു ഏവർക്കും അറിയാം. ഒരുകാലത്തു പരദേശികളെ ഊട്ടത്തക്കവിധം ധാന്യസമൃദ്ധമായിരുന്നു നമ്മുടെ നിലയെന്നു നമുക്കു അഭിമാനിക്കാനും സാധിക്കും. ഈ അധോഗതിയുടെ കാരണങ്ങളെ പരിശോധിക്കേണ്ടുന്ന സന്ദർഭം ഇതല്ല. ഇന്നത്തെ ദാരിദ്ര്യത്തിനു ജനസംഖ്യാവർദ്ധനവുമാത്രം ഒരു കാരണമായി പറഞ്ഞുകൂടുന്നതല്ല. കൃഷിത്തൊഴിൽ ഒരു മദ്ധ്യമവൃത്തിയായി ഏതോ ഒരു കവി എഴുതിത്തള്ളിയ ഒരു കാലമുണ്ടായിരുന്നു. ആ പടവിയിൽ നിന്നുതന്നെയും കൃഷി ഇന്നു അധഃപതിച്ചിരിക്കയാണ്. കർഷകനെ ലോകപൂജ്യനായി ഇന്നു കവിതയിൽ വെള്ളയടിക്കാറുണ്ടെങ്കിലും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവനെ അസാരം പുച്ഛത്തോടുകൂടി നോക്കുന്നസമ്പ്രദായം നമ്മുടെ പരിഷ്കാരികൾ പരിശീലിക്കപ്പെട്ടുപോയിട്ടുള്ളതാണ്. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. കർഷകത്തൊഴിൽ നമ്മുടെ അഭ്യസ്തവിദ്യർക്കു അയിത്തമായിട്ടാണു കാണുന്നതു്. കലപ്പയിൽ കൈപിടിക്കുന്നിടത്തോളം കഷ്ടമായ അനുഭവം ജീവിതത്തിൽ വരാനില്ലെന്നു വിചാരിക്കുന്നവരും ഉണ്ടു്. നക്ഷത്രിക്കോ നാലുചക്രമായാലുംമതി അതിന്റെ അവസ്ഥ ഒന്നു വേറെയാണെന്നു സാമാന്യലോകം ഭ്രമിച്ചുപോയിരിക്കുന്നു. ഈ നിലയിൽ മററാന്നിനും കഴിവില്ലാത്തവരുടെ ഒടുവിലത്തെ അഭയസ്ഥാനമായി കർഷകവൃത്തി അധഃപതിച്ചുപോയിരിക്കുന്നു.

കൃഷിക്കു ശാസ്ത്രീയവ്യവസ്ഥിതിയുണ്ടെന്ന കാര്യം നമ്മുടെ കർഷകസാമാന്യത്തിനു ഇന്നും അജ്ഞാതമാണ്. പഴയ ചിട്ടയിൽതന്നെയാണു ഇന്നും കാര്യങ്ങൾ പോകുന്നതു്. അതിനാൽ കർഷകൻ കടത്തിലും സാമാന്യലോകം പട്ടിണിയിലും ആയി. ഈ കഷ്ടസ്ഥിതിമാറണമെന്നുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇന്നത്തെ സർക്കാർ ഒരുറച്ചനില സ്വീകരിച്ചേമതിയാകൂ എന്ന നിലവരെ ആയിട്ടുണ്ടു്. കർഷകജനസാമാന്യത്തിൽ ഭൂരിഭാഗവും വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരാണ്. ലഘുലേഖകളോ ഗ്രന്ഥപരമ്പരകളോ അവരുടെയിടയിൽ കാര്യമായി ഫലപ്പെട്ടുവെന്നുവരില്ല. കർഷകപരിശീലനകേന്ദ്രങ്ങളും മാതൃകാകൃഷിത്തോട്ടങ്ങളും ഗ്രാമങ്ങൾതോറും ഏർപ്പെടുത്തുകയും വിദ്യാഭ്യാസപദ്ധതിയിൽ നിർബ്ബന്ധിതവ്യവസ്ഥിതി ഏർപ്പെടുത്തുകയും അല്ലാതെ ഇതിനു മററു പോംവഴിയില്ല. ഇന്നു യാതൊരു കണക്കുപറച്ചിലല്ലാതെ കാലയാപനത്തിനുള്ള കാര്യമായ ശ്രമങ്ങളൊന്നും കണ്ടുതുടങ്ങിയിട്ടില്ല.

ശ്രീ: കെ. എസ്. നീലകണ്ഠൻ തനിക്കു ലഭിച്ചിട്ടുള്ള വിപുലമായ വിജ്ഞാനത്തിന്റെയും പരിശീലനത്തിന്റെയും പരിണതഫലങ്ങളെ കേരളീയർക്കാസ്വാദിക്കുന്നതിനും അനുഭവപ്പെടുത്തുന്നതിനുമായി അശ്രാന്തപരിശ്രമംചെയ്തുപോരുന്നതു് ഇന്നല്ലെങ്കിൽ നാളെ വിലമതിക്കപ്പെടാതെപോകയില്ലെന്നാണ് എന്റെ വിനീതമായ വിശ്വാസം. അദ്ദേഹം നമ്മുടെ കാർഷികോന്നമനത്തിനുള്ള മാർഗ്ഗങ്ങളെ സ്വന്തമായി ചിന്തിക്കയും അതിനെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനു സ്വയം നഷ്ടംസഹിച്ചു പ്രസിദ്ധീകരണപദ്ധതിയിലാക്കുകയുമാണു ചെയ്തുവരുന്നതു്. ഇങ്ങനെ സമയവും ധനവും വ്യയംചെയ്യുന്നതിനു സന്നദ്ധമായ ആ സന്മനോഭാവത്തെ കൃതജ്ഞതാപൂർവ്വം സ്വാഗതംചെയ്യാനും സമർഹമായ പ്രോത്സാഹനംകൊണ്ടു് ആ പദ്ധതിയെ പരിപുഷ്ടിപ്പെടുത്താനും ഗവൺമെന്റിനോടൊപ്പം ജനതയും മനസ്സുവെയ്ക്കേണ്ടതാണെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. ഐശ്വര്യമാല എന്നപേരിൽ ശ്രീ കെ. എസ്. പ്രസിദ്ധീകരിച്ചിരിക്കുന്ന ഗ്രന്ഥാവലിയിൽ നമുക്കു ലഭിച്ച എട്ടുഭാഗങ്ങളിലും നമ്മുടെ നാട്ടിനു യോജിക്കുന്നതായ പദ്ധതികളാണ് അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ളതു്. കാർഷികയന്ത്രങ്ങൾ എന്ന ഗ്രന്ഥത്തിൽ വൈദേശികമായ കൃഷിആയുധങ്ങളുടെ മാതൃക നമുക്കു കാട്ടിത്തരുന്നതെന്നല്ലാതെ, വിളവുകളുടെ പരിവൃത്തി, മണ്ണിന്റെ തരഭേദം, വളനിർമ്മാണം തുടങ്ങിയ അവശ്യവിജ്ഞേയങ്ങളായ പലതും പരസഹായംകൂടാതെ നാട്ടിനും നാട്ടാർക്കും സാധ്യമാകുന്ന രീതിയിൽ ക്രമപ്പെടുത്തി കാണിക്കുകയാണുള്ളതാണ് ഈ ഗ്രന്ഥാവലിയുടെ മററൊരുവിശേഷം. പല സ്ഥിതിവിവരക്കണക്കുകളും പ്രായോഗികസമ്പ്രദായങ്ങളും ഇതിൽ അനുക്രമം അടങ്ങിയിട്ടുണ്ടു്. കോഴിവളർത്തൽ തുടങ്ങിയ ഗ്രാമീണജീവിതവൃത്തിക്കു സഹായകമായ തൊഴിൽമുറകളും നമ്മുടെ ശ്രദ്ധയിൽ ശാസ്ത്രീയസ്വഭാവത്തോടുകൂടി കൊണ്ടുവരുന്നു. ഇങ്ങനെ നാട്ടിനും നാട്ടുകാർക്കും ക്ഷേമൈശ്വര്യപ്രദമായ പ്രവർത്തനത്തിനു പ്രചോദനമരുളുന്ന ശ്രീ കെ. എസ്. നീലകണ്ഠന്റെ പ്രയത്നം പ്രോത്സാഹനാർഹമാണെന്നുപറയുന്നതിൽ പ്രത്യേകസന്തോഷമുണ്ടു്.

—ം—

## മൃഗചികിത്സാ സംഗ്രഹം

—ം—

ഗ്രന്ഥകർത്താ, എം. നാരായണപിള്ള
ജ്യോതിഷം, മതിൽഭാഗം — തിരുവല്ലാ.
വില അ. ൧൨

നമ്മുടെ നാട്ടിലെ ഗ്രാമീണരുടെ ജീവിതസമ്പാദ്യങ്ങളിൽ മുഖ്യാംശം കന്നുകാലികളാണ്. കന്നുകാലിസംരക്ഷണം ഒരു സുകൃതകർമ്മമാണെന്നുള്ള വിശ്വാസം ഇന്നും നിലനിന്നുപോരുന്നുണ്ടു്. അങ്ങനെ ഗ്രാമീണജീവിതത്തോടു അഭേദ്യമായി ബന്ധപ്പെട്ടുപോയിട്ടുള്ള കന്നുകാലികൾ അവരുടെ ജീവധനങ്ങളായി സൂക്ഷിക്കപ്പെടുവാൻ നിർബന്ധിതരുമാണ്. വൃക്ഷായുർവ്വേദംവരെ ശാസ്ത്രരീത്യാ പ്രതിപാദിച്ചു പ്രകാശിപ്പിച്ചിട്ടുള്ള പ്രാചീനാചാര്യന്മാർ മൃഗചികിത്സാപരമായി തങ്ങളുടെ പ്രതിഭയെ പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ആവക ഗ്രന്ഥങ്ങൾ സുലഭ്യമല്ലാതെ തീർന്നു. കാളവൈദ്യന്മാർ എന്നൊരു കൂട്ടർ നാട്ടുകാരുടെ ഇടയിലും മൃഗഡോക്ടർമാർ എന്ന പരിഷ്കൃതിച്ചുപറയൽ പട്ടണങ്ങളിലും ഇന്നു കാണപ്പെടുന്നുണ്ടു്. മിണ്ടാപ്രാണികളായ കന്നുകാലികൾക്കു വരുന്ന രോഗങ്ങളെ വിദഗ്ദ്ധതയോടെ പരീക്ഷിച്ചറിയേണ്ടതാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. അതിനു ശരിയായ ശാസ്ത്രപരിചയവും പ്രവർത്തനപരിശീലനവും ഉണ്ടായേ മതിയാകൂ.

ശ്രീ: എം. നാരായണപിള്ളയുടെ മൃഗചികിത്സാസംഗ്രഹത്തിൽ കാലികളെ ബാധിക്കാറുള്ള രോഗങ്ങളും അവയുടെ ചികിത്സാവിധികളും വിവരിക്കയാണ് ചെയ്തിട്ടുള്ളതു്. ശ്രീ. നാരായണപിള്ളയ്ക്കു മൃഗചികിത്സയിൽ വിദഗ്ദ്ധമായ പരിശീലനം മാത്രമല്ല, അതിനു അനുഭവപ്പെടുത്തുന്നുള്ള പല സന്ദർഭങ്ങളും ലഭിച്ചുകഴിഞ്ഞുവെന്നു ഗ്രന്ഥാരംഭത്തിൽ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്ന സാക്ഷ്യപത്രങ്ങൾ വേണ്ടുവോളം തെളിവു തരുന്നുണ്ടു. തനിക്കു ലഭിച്ചിട്ടുള്ള അറിവിനെ പരോപകാരപ്രദമായവിധം പ്രചാരപ്പെടുത്താതെ തന്നോടൊപ്പം നശിക്കാൻ വിടുന്ന ഒരു ദുഷിച്ച പാരമ്പര്യം നമ്മുടെ ഇടയിലുണ്ട്. ആ ദുഷ്പ്രവണതകൊണ്ടു അനേകം വിജ്ഞാനരത്നങ്ങൾ നമുക്കു നഷ്ടപ്പെട്ടിട്ടുമുണ്ടു്. ശ്രീ. എം. നാരായണപിള്ള തനിക്കു സിദ്ധിച്ചിരിക്കുന്ന ഈ മൃഗവൈദ്യവൈദഗ്ദ്ധ്യം ജനോപകാരപ്രദമാംവിധം പ്രസിദ്ധംചെയ്യാനൊരുങ്ങിയതിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതായിരിക്കുന്നു. കന്നുകാലികളുടെ സംരക്ഷണത്തിനും അവയുടെ രോഗശാന്തിക്കും ഉതകുന്ന വിധികളുൾക്കൊള്ളിരിക്കുന്ന ഈ ഗ്രന്ഥം ഓരോ വീട്ടിലും സൂക്ഷിക്കേണ്ടതുമാണ്.

—ം—

## യോഗാമൃത കലശം

—ം—

ഒന്നാംഭാഗം വില രൂ. ൧
രണ്ടാംഭാഗം വില രൂ. ൧ ണ. ൪

വ്യാഖ്യാതാ—ആനക്കളീലിൽ
എസ്സ്. ഗോപാലപിള്ള, കൊല്ലം.

പ്രകാശകർ
വി. പി. പ്രസ്സ് & ബുക്ക്ഡിപ്പോ കൊല്ലം.

ആയുർവേദത്തിൽ അവജ്ഞ ജനിപ്പിക്കുന്നതിനായി ഒരു ഗൂഢശ്രമം ഇന്നു നടന്നുവരുന്നുണ്ട്. എന്നാൽ ജനതാമദ്ധ്യത്തിൽ ആയുർവ്വേദത്തെ സംബന്ധിച്ചിടത്തോളമുള്ള വിശ്വാസത്തിനും അനുഭവബോദ്ധ്യത്തിനും ഉലച്ചിൽ ഉണ്ടാക്കാൻ ഈ കുതന്ത്രങ്ങൾക്കൊന്നും അത്ര എളുപ്പമല്ല. സർക്കാർ കർശനമായ നിയമംകൊണ്ടു ഒരു ആയുർവ്വേദസംഹാരം നടത്തിയെന്നുതന്നെ ഇരിക്കട്ടെ. എന്നാലും അല്പം ചികിത്സ ഇല്ലാത്ത നമ്മുടെ സാമൂഹ്യജീവിതത്തെ അതു സ്പർശിക്കാൻ പോകുന്നില്ല. ആയുർവ്വേദം അത്രമാത്രം സ്വജനീനമായിത്തീർന്നിരിക്കുന്നു. അതിലുള്ള വിശ്വാസം അത്ര ആഴത്തിൽ പതിഞ്ഞിരിക്കുന്നു. അത്രമാത്രം ജനകീയസ്വഭാവം വന്നുപോയിട്ടുള്ള ആയുർവേദത്തെസംബന്ധിച്ച ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ സുലഭ്യങ്ങളുമാണ്. സംസ്കൃതാനഭിജ്ഞന്മാരായ മലയാളികൾക്കും ധാരാളം പ്രയോഗഗ്രന്ഥങ്ങളും വ്യാഖ്യാനപുസ്തകങ്ങളായി നമുക്ക് ലഭിച്ചിട്ടുണ്ടു്. ആ വകുപ്പിൽപെട്ടന്ന ഒന്നത്രെ യോഗാമൃതകലശം. രണ്ടുഭാഗങ്ങളിലായി അൻപത്താറദ്ധ്യായങ്ങളും പ്രധാനരോഗങ്ങൾക്കുള്ള വിവിധങ്ങളായ ചികിത്സാവിധികളും ഇതിൽ ഉൾപ്പെടുന്നുണ്ടു്. പ്രസിദ്ധപ്പെട്ട ചരകസുശ്രുതാദി വൈദ്യഗ്രന്ഥങ്ങളിൽനിന്നും പ്രചാരലുപ്തമായതാളിയോലഗ്രന്ഥങ്ങളിൽനിന്നും ചികിത്സാവൃത്തിയിലുള്ള തന്റെ അനുഭവബോദ്ധ്യത്തിൽനിന്നും ഉദ്ധരിച്ചിട്ടുള്ളതാണ് ഇതിലെ യോഗങ്ങളോരോന്നും. സംസ്കൃതാധിഷ്ഠിതമായ യോഗങ്ങളെ ലളിതമായവിധം വ്യാഖ്യാനിച്ചു സുഗമമാക്കിയിട്ടുള്ളതിൽ വ്യാഖ്യാതാവിന്റെ ശ്രമം തികച്ചും സഫലമായിട്ടുണ്ടു്. ആയുർവ്വേദമഹാർണ്ണവത്തിൽ അനിതരസാധാരണമായ വൈദഗ്ദ്ധ്യം നേടിയവർക്കുമാത്രം ക്ഷിപ്രസാദ്ധ്യമായ ഈ യോഗാമൃതകലശം ജനോപകാരപ്രദമായവിധം പ്രദർശിപ്പിച്ചിരിക്കുന്ന പ്രസാധകന്റെ ശ്രമത്തെ അഭിനന്ദിക്കയാണു ചെയ്യുന്നതു്.

—സി. എം. പി.

## ഒരു സൂത്രം

—:*:—

എൻ. ജി. മേനോൻ, വിദ്യാർത്ഥി, ചേർത്തല.

കേട്ടോ! ബാബു; ലീലച്ചേച്ചി എന്നെ ഒന്നു പററിച്ചു.

എന്താ ഗോപി, നിന്നെ പററിച്ചുവെന്നു പറഞ്ഞതു്?

ഒരു സൂത്രം എന്നോടു ചോദിച്ചു. അതുതന്നെ ലീലച്ചേച്ചി പറഞ്ഞതുപോലെതന്നെ ഞാൻ പറയാം. അക്കരകാണാത്ത ഒരു കായലിന്റെ ഒരു കരയിൽ ഒരു വള്ളക്കാരൻ. അവന്റെകൂടെ ഒരുപശു, ഒരുകെട്ടു പുല്ല്, ഒരു പുലി, അവനും ഏതെങ്കിലും ഒരു സാധനവുംമാത്രം കയറുന്ന ഒരു കൊച്ചുവള്ളം. അവനും എങ്ങനെങ്കിലും അക്കരെ എത്തണം; അതായതു് പുലിയേം, പശുവേം, പുല്ലും ഏതെങ്കിലും ഒന്നുമാത്രം കയറാൻ സാധിക്കും. അതുകൂടാതെ ഒരു മെട്ടസ്സപിടപോലും അതിൽ വീണാൽ വള്ളംമുങ്ങിയതു തീട്ടം. എന്നാൽ അവനു മൂന്നുസാധനവും അക്കരെ കൊണ്ടുപോകുകയുംവേണം. എങ്ങനെ കൊണ്ടുപോകുമെന്നോ. എന്നാൽ ഒരുകാര്യം പറയാൻ വിട്ടുപോയി. അവൻ അടുത്തുനിന്നാൽ പുലി, പശുവിനെയും, പശു പുല്ലും തിന്നുകയില്ല. എന്നാൽ അവനില്ലെങ്കിലോ പശു പുല്ലും തിന്നും, പുലി പശുവിനെയും തിന്നും.

ബാബു — ഇതിനാണോ ഇത്ര വിഷമം. ഓരോന്നിനേയും കൊണ്ടുപോകണം. ആദ്യം പശുവിനെ കൊണ്ടുപോണം പിന്നെ പുല്ലുകൊണ്ടുപോണം. പിന്നെ............

ഗോപി — അവിടെ നില്ക്കു. വള്ളക്കാരനിക്കരവരുമ്പോൾ അക്കരെയിരിക്കുന്ന പുല്ല് ബാക്കികാണുമോ? ബാബു

ബാബു "അതു ശരിയാണ്." ബാബു വളരെ ആലോചിച്ചിട്ടു യാതൊരെത്തുംപിടിയും കിട്ടിയില്ല. പാവം ആകപ്പാടെ കുഴങ്ങി. അവസാനം ഗോപി ചിരിച്ചുകൊണ്ടു പറഞ്ഞു:— ബാബു ഞാൻ പറയാം. കേൾക്കുമ്പോൾ താനും അതു വളരെ നിസ്സാരമായിരുന്നുവെന്നു.

ശ്രദ്ധിച്ചു കേൾക്കു. ആദ്യമായി പശുവിനെക്കൊണ്ടു പോകണം.

ശരി.

അതിനുശേഷം പുലിയേം, പുല്ലും.

ഏതെങ്കിലും ഒന്നുകൊണ്ടു പോകണം. പുല്ലുതന്നെയിരിക്കട്ടെ. അതിനുശേഷം............

ബാബു—അപ്പോൾ പശു പുല്ലുതിന്നുകയില്ലേ?

ഗോപി—അവിടെ നില്ക്കു. പറയട്ടെ. അക്കരെ പുല്ലു കൊണ്ടുപോയി വച്ചല്ലോ. എന്നിട്ടു പശുവിനെ തിരികെ വള്ളത്തിൽകൊണ്ടുപോരണം. അതിനെ ആദ്യത്തെ സ്ഥാനത്തു നിർത്തിയിട്ടു പുലിയെക്കൊണ്ടുപോയി അക്കരെ ആക്കണം. അതിനുശേഷംപശുവിനേയും കൊണ്ടുപോകണം.

"അയ്യോ ഗോപി! ഇതു വളരെ നിസ്സാരമായിരുന്നല്ലോ."

"അതെബാബു! എല്ലാക്കാര്യവും ഇതുപോലെ ആലോചിച്ചു ചെയ്താൽ യാതൊരു തരക്കേടും ഉണ്ടാകുകയില്ല."



ജനറൽ മാർഷലിനും (വലത്തു്) സെക്രട്ടറി ആച്ചസണും (ഇടത്തു്) മി: ഹാഹമനും 'മാർഷൽപദ്ധതി പകുതിദൂരം' എന്ന ശീർഷകത്തിലുള്ള ഒരു വാർഷിക ആൽബം സമർപ്പിക്കുന്നതു്.



അമേരിക്കൻ ലേബർഫെഡറേഷന്റെ സ്ഥാപകനായ സാമുവൽ ഗോമ്പേഴ്സ് 1850-ൽ ജനിച്ചു. 1924-ൽ മരിച്ചു. ഈ വർഷം അദ്ദേഹത്തിന്റെ ആറാമത്തു ജന്മദിനം യു. എസ്സ്. ഒട്ടാകെ ആഘോഷിക്കുന്നു.

# മേയ്ദിനം

വി. ഗംഗാധരൻ

ലോകത്താകമാനമുള്ള തൊഴിലാളികൾ കൊല്ലംതോറും ആഘോഷിച്ചുവരുന്ന സാർവ്വദേശീയമായ ഒരു വിപ്ലവദിനമാണ് മേയ് ഒന്നാംതീയതി. സാർവ്വദേശീയമുതലാളിത്തത്തിനെതിരായി സാർവ്വദേശീയതൊഴിലാളിവർഗ്ഗം നടത്തിക്കൊണ്ടിരിക്കുന്ന നിരന്തരമായ സമരപരമ്പരയുടെ ജയാപജയങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനും തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യവിപ്ലവത്തിന്റെ വിജയസാദ്ധ്യതയ്ക്ക് പൂർണ്ണമായ പരിപാടികൾ ആസൂത്രണംചെയ്യുന്നതിനുംവേണ്ടി ഉപയോഗിക്കുന്ന ഒരു ദിനമാണ് മേയ്ദിനം. ൧൮൮൬ മേയ് ൧-ാംനു ആയിരക്കണക്കിലുള്ള അമേരിക്കൻ തൊഴിലാളികളെ നിർദ്ദയം വെടിവെച്ചു രക്തമൊഴുക്കിയ ചിക്കാഗോനഗരത്തിലെ ആ ചരിത്രപ്രധാനമായ തൊഴിലാളിവിപ്ലവം അവകാശവാദങ്ങളെ മുൻനിർത്തി മരണംവരെ വരിക്കാനുള്ള സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റെ പരിശുദ്ധമായ വർഗ്ഗബോധത്തെയാണ് ലോകത്തിന് പ്രഖ്യാപനംചെയ്തിട്ടുള്ളത്.

തൊഴിലാളിവർഗ്ഗത്തിന്റെമേലുള്ള മുതലാളിവർഗ്ഗത്തിന്റെ കയ്യേറ്റങ്ങളും ഘോരമർദ്ദനങ്ങളും പോലീസ് നടപടികളും വെടിവയ്പുകളും ആണ് മേയ്ദിനം തൊഴിലാളികളെ അനുസ്മരിപ്പിക്കുന്നത്. ഈ ഘോരയാതനകളെ അതിജീവിച്ചുകൊണ്ടുള്ള സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിന്റെ പുരോഗതിയിൽനിന്നും പുരോഗതിയിലേയ്ക്കുള്ള മുന്നേറ്റത്തെയാണ് മേയ്ദിനം തെളിയിക്കുന്നത്. ചുരുക്കത്തിൽ മുതലാളിത്തവ്യവസ്ഥിതിയുടെ കുഴിച്ചുമൂടലിനേയും തൊഴിലാളിവർഗ്ഗത്തിന്റെ ആധിപത്യത്തേയും സൂചിപ്പിക്കുന്ന ചരിത്രപ്രധാനവും വിപ്ലവാത്മകവുമായ ഒരു പ്രതീതിയാണ് മേയ്ദിനം ഇന്നുളവാക്കുന്നത്. ശാശ്വതസമാധാനത്തിലേയ്ക്കും ഏകലോകത്തിലേയ്ക്കും ഉള്ള സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തിന്റെ അചഞ്ചലമായ പ്രയാണത്തെയാണ് മേയ്ദിനം കുറിക്കുന്നത്. മേയ്ദിനത്തിന്റെ വിപ്ലവപ്രാധാന്യത്തെപ്പറ്റി എംഗൽസ് പറഞ്ഞ അഭിപ്രായം ഇപ്രകാരമാണ്:

"എന്നാൽ ഒന്നിനുശേഷമൊന്നായി വളരെവേഗത്തിൽ വളർന്നുവരുന്ന കണ്ടുപിടിത്തങ്ങളും മുഖ്യമായും കേൾക്കാത്തതരത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഉൽപാദകത്വവും ഒരു പരസ്പരസംഘട്ടനത്തിൽ ചെന്നവസാനിക്കുന്നു. ഇതിന്റെ അലയിൽ ഇന്നത്തെ മുതലാളിത്തസാമൂഹ്യഘടനയ്ക്കു തകർന്നു നശിച്ചുപോകുകയേ ഗതിയുള്ളൂ. ഒരു ഭാഗത്തു അളക്കുവാൻ സാധിക്കാത്തത്ര ഉൽപന്നങ്ങളും മറുഭാഗത്തു സമുദായത്തിന്റെ ബഹുഭൂരിപക്ഷം നിർദ്ധനരായും, കൂലിവേലക്കാരായും അതുകൊണ്ടു തന്റെ കൂടുതലുള്ള സാധനങ്ങൾ വാങ്ങാൻ കഴിയാത്തവരായും തീരുന്നു. ഒരു ചെറിയ ന്യൂനപക്ഷത്തെ ഏറ്റവും ധനവാന്മാരും ബഹുഭൂരിപക്ഷത്തെ സ്വത്തില്ലാത്തവരും, നിർദ്ധനരും, ആക്കി സമുദായത്തെ രണ്ടു ചേരിയായി തിരിക്കുന്നതിന്റെ ഫലമായി സമുദായംതന്നെ അതിന്റെ ധാരാളിത്തത്തിൽ കിടന്നു ശ്വാസംമുട്ടി നശിക്കുവാൻ തുടങ്ങുന്നു; ഒരു വശത്തു ഉപയോഗിച്ചാലൊടുങ്ങാത്ത സാധനങ്ങൾ വാങ്ങാനാളില്ലാതെ കെട്ടിക്കിടന്നു നശിക്കുമ്പോൾ, മറുഭാഗത്തു സമുദായത്തിലെ ഒരു വലിയ ഭൂരിപക്ഷം വരുന്ന ജനങ്ങൾ അറ്റമറ്റത്തെ പട്ടിണിയിൽനിന്നു യാതൊരു രക്ഷയുമില്ലാതെ സ്ഥിതിചെയ്യുന്നു. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതി തുടരുന്നതു നിരർത്ഥകവും അനാവശ്യവുമാണെന്നു ഓരോ ദിവസം ചെല്ലുന്തോറും കൂടുതൽ വ്യക്തമായിത്തീരുന്നു. ഈ സ്ഥിതിയെ നശിപ്പിച്ചേ തീരൂ; അതു സാദ്ധ്യമാണുതാനും. ഇന്നു കാണുന്ന വർഗ്ഗവ്യത്യാസങ്ങളൊന്നുമില്ലാത്ത ഒരു പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാൻ സാദ്ധ്യമാണ്. ഇന്നു നിലവിലുള്ള വമ്പിച്ച ഉല്പാദനശക്തികളെ പ്ലാനോടുകൂടി ഉപയോഗിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഫലമായി ജോലിചെയ്യുന്നതു എല്ലാവരുടേയും കടമയാകുന്നതോടുകൂടി ആ സമുദായത്തിൽ ജീവിതസുഖങ്ങൾ ആസ്വദിക്കുന്നതിനും കായികവും മാനസികവുമായ മറ്റെല്ലാ കഴിവുകളും വളർത്തുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ ജീവിതസൗകര്യങ്ങൾ എല്ലാവർക്കും ഒരേ തോതിൽ നിത്യേന വർദ്ധിച്ചുവരുന്ന വിധത്തിൽ കിട്ടുമാറാകും. ആ സമുദായത്തിൽ ഒരുപക്ഷേ കഷ്ടപ്പാടുള്ള ചെറിയ ഒരു കാലഘട്ടമുണ്ടായേക്കാമെന്നു പറയാം. എന്നാലും ധാർമ്മികമായിട്ടു അതിനു വലിയ വിലയുണ്ട്. ഈ നവീനസാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ദൃഢനിശ്ചയം വളർന്നുകൊണ്ടുവരികയാണെന്നതു യൂറോപ്പിലേയും അമേരിക്കയിലേയും ജനത നാളെയും (May 1) ഞായറാഴ്ചയും പ്രത്യക്ഷപ്പെടുത്തും."

അൻപത്തൊൻപതുകൊല്ലംമുമ്പാണ്, ൧൮൯൦ ഏപ്രിൽ ൩൦-ാംനുയാണ് എംഗൽസ് ഇതു എഴുതിയതു. അന്നും ഇന്നും തമ്മിൽ മുഖ്യമായ രണ്ടു വ്യത്യാസങ്ങളുണ്ടെന്നു കാണാം. ഒന്ന്, യൂറോപ്പിലും അമേരിക്കയിലുമല്ലാതെ ലോകത്തിന്റെ മറുഭാഗങ്ങളിൽ അന്നു മേയ്ദിനം കൊണ്ടാടിയിരുന്നില്ല. മറ്റിടങ്ങളിൽ വ്യവസായതൊഴിലാളികൾ ഒരു പ്രത്യേക സാമൂഹ്യ-രാഷ്ട്രീയശക്തിയായി വളർന്നുകഴിഞ്ഞിരുന്നില്ല. ഇന്നാകട്ടെ ലോകത്തിലെങ്ങും തൊഴിലാളി സംഘടിതസമരം നടത്തിവരികയാണ്. ലോകത്തിലെല്ലായിടത്തും മേയ്ദിനം ആഘോഷിച്ചുവരുന്നുണ്ട്. വ്യവസായങ്ങൾ വളർന്നുവന്നിട്ടില്ലാത്ത ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽപോലും ഉള്ളിടത്തോളം വ്യവസായങ്ങളിലെ തൊഴിലാളികളോടും അവരുടെ സമസഖാക്കളായ കാർഷികത്തൊഴിലാളികളും ചെറുകൃഷിക്കാരും മേയ്ദിനം ആഘോഷിച്ചുവരാറുണ്ട്. രണ്ട്; എംഗൽസ് ഈ മുഖവുര എഴുതിയ കാലത്ത് നവീനസാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ദൃഢനിശ്ചയം പ്രത്യക്ഷപ്പെടുത്തുന്ന ദിവസം മാത്രമായിരുന്നു മേയ്ദിനം. ഇന്നാകട്ടെ നവീനസാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുത്തു വരുന്നതിനെ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കാനും, അതിന്റെ ശക്തി വർദ്ധിപ്പിക്കാനും, അങ്ങനെ ലോകമുതലാളിത്തത്തെ ആകെ തകർക്കാനുമുള്ള ദൃഢനിശ്ചയത്തെയാണ്, മേയ്ദിനത്തിൽനാം ലോകതൊഴിലാളിവർഗ്ഗം പ്രത്യക്ഷപ്പെടുത്തുന്നത്. കുഴപ്പങ്ങളും ദുരിതങ്ങളും നിറഞ്ഞ മുതലാളിത്തസാമൂഹ്യവ്യവസ്ഥയെ നശിപ്പിക്കാൻ സാദ്ധ്യമാണെന്നു താത്വികമായി തെളിയിക്കുവാനേ എംഗൽസിനു സാധിച്ചിരുന്നുള്ളു എങ്കിൽ യൂറോപ്പിന്റെ പകുതിഭാഗത്തു അതു പ്രായോഗികമായി തന്നെ തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ചർച്ചിലും ക്ലമൻസോവും മററുംകൂടി ൧൯൧൮-൨൦-ലും ഹിറ്റ്ലറും മുസ്സോളിനിയുമൊക്കെക്കൂടി ൧൯൪൧-ലും യുദ്ധംമുഖേന നടത്തിയ ശ്രമമോ, ലോകമുതലാളിത്തമാകെ കഴിഞ്ഞ ൩൦ കൊല്ലക്കാലം സാമ്പത്തികഉപരോധം മുഖേന നടത്തിയ ശ്രമമോ കൊണ്ടു പൊളിയാതെ സോവ്യറ്റ് യൂണിയൻ അജയ്യമായ ശക്തിയോടെതന്നെ വളർന്നുവരികയാണ്. അതിന്റെ തണലിൽ കിഴക്കൻ യൂറോപ്പാകെ സോഷ്യലിസത്തിലേയ്ക്കു നീങ്ങുകയാണ്.

അതിന്റെ പ്രചോദനത്തിൽ ലോകതൊഴിലാളിവർഗ്ഗം വിപ്ലവസമരങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നാംലോകമഹായുദ്ധംമൂലം റഷ്യൻസാമ്രാജ്യവും രണ്ടാംലോകമഹായുദ്ധംമൂലം കിഴക്കൻയൂറോപ്പും വടക്കൻചൈനയുമാണ് മുതലാളിത്തത്തിനു നഷ്ടപ്പെട്ടതെങ്കിൽ മൂന്നാംലോകമഹായുദ്ധംമൂലം ലോകമാകെയാണ് മുതലാളിത്തത്തിനു നഷ്ടപ്പെടാൻപോകുന്നതെന്നു തൊഴിലാളിവർഗ്ഗം ബൂർഷ്വാസിക്കു താക്കീതു നൽകുന്നതിന്നാണ് മേയ്ദിനാഘോഷങ്ങൾ. അക്രമാസക്തമായ ഒരു വിപ്ലവംകൂടാതെതന്നെ ലോകമൊട്ടുക്ക് അഭംഗുരമായി വളർന്നുവന്നിരിക്കുന്ന ജനാധിപത്യശക്തികളുടെ ചൈതന്യത്തിൽനിന്നുടലെടുക്കുന്ന അക്രമരഹിതമായ ഒരു വിപ്ലവത്തിൽക്കൂടിത്തന്നെ ലോകതൊഴിലാളിവർഗ്ഗത്തിനു സ്ഥിതിസമത്വത്തിലേയ്ക്കും ശാശ്വതസമാധാനത്തിലേയ്ക്കും ലോകത്തെ നയിക്കുവാൻകഴിയുമായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!! വർഗ്ഗബോധവും സംഘടനയും ലോകതൊഴിലാളിവർഗ്ഗത്തിനു പൂർണ്ണമായ അളവിൽ ഉണ്ടാകുന്നതിനുള്ള ഉജ്ജ്വലപ്രചോദനമാണ് മേയ്ദിനം പ്രദാനംചെയ്യുന്നതു് എന്നുള്ളതിൽ സംശയമില്ല.

—ം—



അമേരിക്കൻ ടെന്നീസ വനിതാചാമ്പ്യൻമാർ. കാലിഫോർണിയായിലെ 21 വയസ്സ് പ്രായമുള്ള നാൻസി ചാഫി ഈയിടെ ന്യൂയാർക്കിൽവച്ചു നടന്ന ടെന്നീസ് മത്സരത്തിൽ മിസ് ആൽതീ ഗിബ്സണെ തോല്പിച്ച് യു. എസ്സിലെ വിമൻസ് നാഷനൽ ഇൻഡോർ ടെന്നീസ് ചാമ്പ്യൻഷിപ്പ് നേടുകയുണ്ടായി. മാച്ച് കഴിഞ്ഞു മിസ് ഗിബ്സണിൽനിന്നുള്ള അഭിനന്ദനങ്ങൾ മിസ് ചാഫി സ്വീകരിക്കുന്നതാണ് ചിത്രം.

ബാലപംക്തി

# പരുത്തിയുടെ ഗുണഗണങ്ങൾ

മൂക്കോത്ത് കുഞ്ഞപ്പ

വളരെ നൂറ്റാണ്ടുകളായി മനുഷ്യർ ഏതെങ്കിലും ഒരു സാധനം ഉപയോഗിക്കുന്നുണ്ടെന്നുകണ്ടാൽ, ആ സാധനത്തിനു എന്തോ ചില വിശേഷവിധിഗുണങ്ങളുണ്ടായിരിക്കണമെന്നു ഊഹിക്കാവുന്നതാണ്. ൫൦൦൦-വർഷങ്ങളായി മനുഷ്യൻ പരുത്തി തുണിയുണ്ടാക്കുവാൻ ഉപയോഗിക്കുന്നു. അപ്പോൾ പരുത്തിക്കും ഉണ്ടാവണം ചില അസാധാരണഗുണങ്ങൾ—അല്ലയോ? അതെ പരുത്തിക്കു ചില വളരെ നല്ല ഗുണങ്ങളുണ്ട്.

ഒന്നാമതായി പരുത്തിക്കു പകരം മനുഷ്യനു വസ്ത്രമായി ഉപയോഗിക്കാവുന്ന സാധനങ്ങൾ നിരത്തിവച്ചുനോക്കുക. എന്തൊക്കെയാണ് ആ സാധനങ്ങൾ. മരത്തിന്റെ ഇലകൾ, തോല്, മൃഗങ്ങളുടെ ചർമ്മം, പക്ഷികളുടെ തൂവലുകൾ, പട്ടുനൂല്—ഇങ്ങിനെ പലതും ഉണ്ട് വസ്ത്രമാക്കാൻ. അവയെപ്പററി ചിന്തിക്കയേ വേണ്ടതുള്ളൂ. പരുത്തികൊണ്ടു ചെയ്ത തുണി അവയേക്കാൾ എത്രയോമടങ്ങ് ഉപയോഗപ്രദമാണ് എന്നു തെളിയുവാൻ വാദവും, തർക്കവും ഒന്നും ആവശ്യമില്ല. പട്ട് ഒരുപക്ഷെ പരുത്തിയോടടുത്തേക്കാം. പക്ഷെ വിലയും ദൗർലഭ്യവും ഓർത്താൽ പട്ടും പിന്നോക്കം പോകേണ്ടിവരും. കമ്പിളി നല്ലതുതന്നെ; പക്ഷെ ഉഷ്ണരാജ്യങ്ങളിൽ കമ്പിളിയുമുടുത്തെങ്ങിനെ നടക്കും. അതുകൊണ്ട് പരുത്തിതന്നെയാണ് ഏററവും ഉത്തമമായ വസ്ത്രസാധനം.

പരുത്തി സുലഭമായും, അധികം ചെലവില്ലാതെയും കിട്ടുന്നതുകൊണ്ട് എത്രയും വിലകുറഞ്ഞ തുണിച്ചരക്ക് പരുത്തി ഉപയോഗിച്ച് ഉണ്ടാക്കാം. പരുത്തികൊണ്ട് ഏറ്റവും മൃദുലമായ സാധനവും ഉണ്ടാക്കാം. എത്രയോ കാഠിന്യമുള്ള സാധനങ്ങളും പണിയാം. ഉരസിയാൽ ഇരുമ്പുംകൂടി തേഞ്ഞുപോവുന്നത്ര കാഠിന്യമുള്ള പരുത്തിസ്സാധനങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. മൃദുലതയുടെ കാര്യം പിന്നെ മുറിവിലെ കുരുവിന്മേലോ തുണികെട്ടിയനുഭവിച്ചിട്ടുള്ളവരോടു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഉഷ്ണരാജ്യങ്ങളിൽ ശീതളമായ വസ്ത്രങ്ങളുണ്ടാക്കുവാൻ പരുത്തി ഉപയോഗിക്കുന്നുവെന്നു നാം ആദ്യമേ പറഞ്ഞുവല്ലോ. ചൂടുള്ള സാധനത്തിന്റെ ചൂട് പൊയ്പ്പോകാതെ സൂക്ഷിക്കുവാനും മനുഷ്യൻ പരുത്തി ഉപയോഗപ്പെടുത്തുന്നു. തേഞ്ഞുപോകാത്തതുകൊണ്ടും, എങ്ങിനെ വേണമെങ്കിൽ വളയ്ക്കാനും തിരിക്കാനും കഴിയുന്നതുകൊണ്ടും, വല്ലതും വീണാൽ ക്ഷണം കറയാകാത്തതുകൊണ്ടും പരുത്തി, തുണിക്കു വിശേഷമാണെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. (കീറാനും കറയാക്കാനും എന്റെ ദോബിക്കുള്ള സാമർത്ഥ്യം അവർ അറിയുകില്ലെന്നു തോന്നുന്നു.) അലക്കുകാരൻ ഉപയോഗിക്കുന്ന കാരമുള്ള സാധനങ്ങൾ ഓർത്താൽ, പരുത്തിയുടെ ഗുണം കൊണ്ടാണ് വസ്ത്രങ്ങൾ ഇത്രയെങ്കിലും ബാക്കിനിൽക്കുന്നതു് എന്നുവേണം പറയാൻ. വെള്ളം തട്ടിയാൽ നനയാത്തതും, തീപിടിക്കാത്തതും ആയ സാധനങ്ങളും പരുത്തിയിൽനിന്നുണ്ടാക്കാമത്രെ.

പരുത്തിയുടെ ഗുണവിശേഷങ്ങളെപ്പറ്റി ഒരു ശാസ്ത്രഗ്രന്ഥത്തിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു:

"പരുത്തിനുതുല്യം അത്ഭുതകരമായ ഒരു സാധനമാണ്. ഒരേ തടിപ്പുള്ള പരുത്തിനൂലും ഇരുമ്പുനൂലും പരിശോധിച്ചാൽ പരുത്തിക്കാണു ബലം കൂടുക—(വിശ്വാസം വരുന്നില്ല അല്ലേ!)—ഇത്ര ബലമുണ്ടായിട്ടെന്തുവേണം, അതു ദ്രാവകമാക്കിയും എടുക്കാം. അതിന്റെ ഘനത്തിൽ ൨൫ ഇരട്ടി ഘനത്തിൽ വെള്ളം പരുത്തി വലിച്ചെടുക്കും. കാറ്റുംകൂടി കടക്കാത്തവിധത്തിലുള്ള തുണി പരുത്തികൊണ്ടു നെയ്തെടുക്കാം. ഒരു റാത്തൽ പരുത്തി, ൧൦൦ നാഴികനീളമുള്ള നേരിയ നൂലാക്കിയോ, അല്പം വാരമാത്രം നീളമുള്ള തടിച്ച കയറാക്കിയോ പിരിച്ചെടുക്കാം. ക്ഷണത്തിൽ തീപിടിക്കുന്ന ഈ സാധനം ബോംബുകളിലും വെടിയുണ്ടകളിലും ഉപയോഗിച്ചുവരുന്നു. അതേസമയത്തു അശേഷം തീപിടിക്കാത്ത സാധനമായും പരുത്തി തെയ്യാറാക്കാം."

ഇങ്ങനെ നാനാഗുണങ്ങളുള്ള സാധനം ൫൦൦൦ കൊല്ലത്തോളമായി മനുഷ്യൻ ഉപയോഗിച്ചുവരുന്നുവെന്നുള്ളതിൽ അത്ഭുതം വല്ലതുമുണ്ടോ?

(അടുത്തുപരസ്യംചെയ്യുന്ന പുസ്തകത്തിൽനിന്ന്)

—ം—

കഴിഞ്ഞ ലക്കത്തിൽ ചോദിച്ച കണക്കിന്റെ ഉത്തരം

```
215) 37195 (173
     215
     ----
     1569
     1505
     ----
      645
      645
```

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.